2020 മാർച്ച്
23
തിങ്കൾ
1195 മീനം 10

മെട്രോ വാർത്ത

Scan me
www.metrovaartha.com

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ റായ്പുർ
www.metrovaartha.com
12 പേജ് ₹ 7.00
KOZHIKODE

രാജ്യം വീട്ടിലിരുന്നു, വൈകിട്ട് കൈയടിച്ചു

ന്യൂഡൽഹി: കൊറോണ വൈറസ് വ്യാപനം തടയാൻ സാമൂഹ്യ അകലം പാലിക്കണമെന്ന സന്ദേശം പ്രചരിപ്പിക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്ത ജനതാ കർഫ്യൂ രാജ്യത്ത് ബന്ദായി മാറി. മുഴുവൻ ജനങ്ങളും സ്വമേധയാ ആഹ്വാനം പാലിച്ചപ്പോൾ തെരുവുകളെല്ലാം വിജനമായി. ട്രെയ്നുകളും മെട്രോകളുമടക്കം വാഹനങ്ങളൊന്നും ഓടിയില്ല. മഹാനഗരങ്ങളും ഗ്രാമങ്ങളും ഒരേപോലെ വീട്ടിലിരുന്നു.

കൊവിഡ് കൊറോണ വൈറസിനെതിരേ പൊരുതുന്ന ആരോഗ്യപ്രവർത്തകർക്കും മറ്റു മേഖലകളിലുള്ളവർക്കും അനുമോദനവും ആദരവും അർപ്പിക്കാൻ വൈകിട്ട് അഞ്ചിന് എല്ലാവരും അവരവരുടെ വീടുകളുടെ മുന്നിൽ നിന്ന് കൈയടിക്കുകയും മണിയടിക്കുകയും പാത്രങ്ങൾ മുട്ടുകയും ചെയ്യണമെന്ന പ്രധാനമന്ത്രിയുടെ അഭ്യർഥനയെയും വലിയ ആവേശത്തോടെയാണ് ജനങ്ങൾ വരവേറ്റത്.

കേരളത്തിലടക്കം വീടുകളുടെ മുന്നിലും ഫ്ലാറ്റുകളുടെ ബാൽക്കണികളിലും നിന്ന് ആയിരക്കണക്കിനു ജനങ്ങൾ അഞ്ചുമണി മുതൽ പത്തുമിനുറ്റോളം കൈയടിച്ചും മണിമുഴക്കിയും ശംഖ് വിളിച്ചും പാത്രങ്ങളിലടിച്ചും അനുമോദനം നേർന്നു. കുട്ടികളും മുതിർന്നവരും പ്രായമായവരും അടക്കമുള്ളവർ പങ്കെടുത്തു.

രാഷ്ട്രീയ- സാമൂഹ്യ- സാംസ്കാരിക രംഗങ്ങളിലെ പ്രമുഖരും വിവിധ മുഖ്യമന്ത്രിമാരും കേന്ദ്ര- സംസ്ഥാന മന്ത്രിമാരും ജനപ്രതിനിധികളും അടക്കമുള്ളവർ ഇതിൽ പങ്കുചേർന്നു.

കേരളത്തിലും ജനതാ കർഫ്യൂ പൂർണമായിരുന്നു. മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ളവർ വീടുകളിലിരുന്ന് അത് വിജയിപ്പിക്കാൻ നേതൃത്വം നൽകി. കെഎസ്ആർടിസി, സ്വകാര്യ ബസുകൾ, ഓട്ടൊ- ടാക്സി ഓടിയില്ല. കൊച്ചി മെട്രൊ സർവീസ് നടത്തിയില്ല.

എല്ലാവരും വീടുകളിൽ കഴിയുന്നതിനാൽ കുടുംബാംഗങ്ങൾ പരിസര ശുചീകരണം നടത്തണമെന്ന മുഖ്യമന്ത്രി പിണറായി വിജയന്റെ അഭ്യർഥനയ്ക്കും വലിയ പ്രതികരണമാണുണ്ടായത്. ബസ് സ്റ്റാന്റുകൾ, ബസ് സ്റ്റോപ്പുകൾ ഉൾപ്പെടെ ആളുകൾ കൂടുന്ന സ്ഥലങ്ങളിൽ അഗ്നിരക്ഷാ സേന അണുവിമുക്തമാക്കി.

ആദരവോടെ കൈയടി..! *കൊറോണയ്ക്കെതിരേ സ്വജീവൻ പണയം വച്ച് സേവനം ചെയ്യുന്ന ആരോഗ്യ പ്രവർത്തകർ, ജനപ്രതിനിധികൾ, സർക്കാരുദ്യോഗസ്ഥർ, മാധ്യമ പ്രവർത്തകർ, പൊലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് ആദരമർപ്പിച്ച് കൈയടിക്കുന്നവർ. കോഴിക്കോട്ടെ ഫ്ലാറ്റിൽ നിന്നുള്ള കാഴ്ച.*
- വിമിത്ത് ഷാൽ

15 പേർക്ക് കൂടി കൊറോണ ബാധ

59,295 പേർ നിരീക്ഷണത്തിൽ

പ്രത്യേക ലേഖകൻ

തിരുവനന്തപുരം: ഇന്നലെ കേരളത്തിൽ 15 പേർക്കു കൊവിഡ് 19 കൊറോണ വൈറസ് ബാധ സ്ഥിരീകരിച്ചു. കാസർഗോഡ് ജില്ലയിൽ അഞ്ച്, കണ്ണൂരിൽ നാല്, കോഴിക്കോട്, മലപ്പുറം, എറണാകുളം ജില്ലകളിൽ രണ്ടുവീതം. എല്ലാവരും വിദേശത്തു നിന്നു വന്നവരാണ്. ഇതോടെ ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 64 ആയി. സംസ്ഥാനത്ത് ആദ്യമായി രോഗം ബാധിച്ച മൂന്നുപേർ സുഖം പ്രാപിച്ചിരുന്നു.

ഇതാദ്യമായാണ് സംസ്ഥാനത്ത് ഒറ്റ ദിവസം ഇത്രയേറെപ്പേർക്ക് രോഗബാധ സ്ഥിരീകരിക്കുന്നത്. വെള്ളി, ശനി ദിവസങ്ങളിൽ 12 പേർക്കു വീതമാണു കൊവിഡ് 19 സ്ഥിരീകരിച്ചിരുന്നത്. മഹാരാഷ്ട്രയാണ് രോഗബാധിതരുടെ എണ്ണത്തിൽ ഒന്നാമത്- 74. കേരളം രണ്ടാമത്. കാസർഗോഡിനു പുറമെ, കോഴിക്കോട് ജില്ലയിലും ഇന്നു മുതൽ 144ാം വകുപ്പുപ്രകാരം നിരോധനാജ്ഞ പ്രഖ്യാപിച്ചു.

വിവിധ ജില്ലകളിലായി 59,295 പേർ നിരീക്ഷണത്തിലാണെന്ന് ആരോഗ്യമന്ത്രി കെ.കെ. ശൈലജ അറിയിച്ചു. 58,981 പേർ വീടുകളിലും 314 പേർ ആശുപത്രികളിലും. 9,776 പേരെ ഇന്ന് നിരീക്ഷണത്തിൽ നിന്നും ഒഴിവാക്കി. 4,035 വ്യക്തികളുടെ സാംപിളുകൾ പരിശോധനയ്ക്ക് അയച്ചു. ഇതിൽ 2,744 സാംപിളുകളുടെ ഫലം നെഗറ്റീവ്.

സംസ്ഥാനത്ത് കോവിഡ് 19ന്റെ സമൂഹവ്യാപനം നടന്നിട്ടില്ലെന്നു മന്ത്രി പറഞ്ഞു. കാസർഗോഡ് ജില്ലയിലാണ് കൂടുതൽ ശ്രദ്ധ വേണ്ടത്. ആശുപത്രികളിൽ സൗകര്യങ്ങൾ വർധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുകയാണെന്നും അവർ വ്യക്തമാക്കി.

- ഏഴു ജില്ലകൾ പൂർണമായി അടച്ചിടുന്നു എന്ന വാർത്ത ശരിയല്ല.
- കൊറോണ സ്ഥിരീകരിച്ച ജില്ലകളിൽ ശക്തമായ നിയന്ത്രണം തുടരും.
- പുതുതായി ഒരു നിയന്ത്രണവും ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടില്ല.
- നിയന്ത്രണം ഏർപ്പെടുത്തിയാലും അവശ്യ സർവീസുകളെല്ലാം തുടരും.
- കൊവിഡ് ബാധിത ജില്ലകൾ അടച്ചിടണമെന്ന നിർദേശം ഇന്ന് ചർച്ച ചെയ്യും.
- കാസർഗോഡ് ജില്ലയിൽ പ്രത്യേക സാഹചര്യം, കൂടുതൽ നിയന്ത്രണങ്ങൾ.
- കടകൾ തുറക്കും, ഭക്ഷ്യ ലഭ്യത ഉറപ്പാക്കാൻ നടപടികളെടുത്തു.
- സൂപ്പർ മാർക്കറ്റുകളിൽ അഞ്ചുപേരിൽ കൂടുതൽ ഒരേസമയം പാടില്ല.
- ആൾക്കൂട്ട നിയന്ത്രണം കർശനമായി പാലിക്കണം.
- കൊച്ചി മെട്രൊ റെയ്ൽ സർവീസ് 31 വരെ ഉണ്ടാവില്ല.
- അന്തർ സംസ്ഥാന ബസ് സർവീസുകളും ഇല്ല.

ലോകമാകെ മരണം	13,589
ഇതേവരെ രോഗം ബാധിച്ചവർ	3,19,151
അതീവ ഗുരുതരം	10,154
രോഗം മാറിയവർ	96,006

നിരീക്ഷണത്തിലുള്ളവർ പുറത്തിറങ്ങിയാൽ ക്രിമിനൽ കേസ്

മുങ്ങിയ 15 പേർക്കെതിരേ കേസെടുത്തു

തിരുവനന്തപുരം: കോവിഡ് 19 രോഗബാധയുടെ പശ്ചാത്തലത്തിൽ നിരീക്ഷണത്തിൽ കഴിയവെ പുറത്തിങ്ങിയതിന് പത്തനംതിട്ട, കൊല്ലം ജില്ലകളിലായി 15 പേർക്കെതിരേ പൊലീസ് കേസെടുത്തു. പത്തനംതിട്ടയിൽ നിരീക്ഷണത്തിൽ കഴിഞ്ഞിരുന്ന ഒരു കുടുംബം വീട് പൂട്ടി സ്ഥലം വിട്ടു. യുഎസിൽ നിന്നെത്തിയവരാണിവർ. പത്തനംതിട്ട ജില്ലയിലെ മെഴുവേലിയിൽ നിരീക്ഷണത്തിൽ നിന്നു മുങ്ങിയ രണ്ടുപേരെ കണ്ടെത്താൻ ശ്രമം ആരംഭിച്ചിട്ടുണ്ട്.

ആശുപത്രിയിലോ വീടുകളിലോ നിരീക്ഷണങ്ങളിൽ തുടരാൻ നിർദേശിക്കപ്പെട്ടവർ സഹകരിക്കാതിരിക്കുകയോ പുറത്തിറങ്ങി നടക്കുകയോ ചെയ്താൽ അവർക്കെതിരേ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യാനാണു തീരുമാനം. കേരള പൊലീസ് ആക്റ്റിന്റെയും ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെയും അടിസ്ഥാനത്തിലാകും നടപടി എടുക്കുക. സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ ഇക്കാര്യത്തിൽ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു.

ഹൃദയ സംബന്ധമായ അസുഖമുള്ളവർ, രക്താർബുദം ബാധിച്ചവർ എന്നിവർ നിരീക്ഷണത്തിലുണ്ടെങ്കിൽ ആവശ്യമുള്ളപക്ഷം അവരെ ജില്ലാതലങ്ങളിലുള്ള ഐസൊലേഷൻ കേന്ദ്രങ്ങളിലേക്ക് മാറ്റും. ആരുടെയും സഹായമില്ലാതെ വീട്ടിൽ തനിയെ നിരീക്ഷണത്തിൽ കഴിയുന്നവരെയും കൂടുതൽ അംഗങ്ങളുള്ള വീടുകളിൽ കഴിയുന്നവരെയും ആവശ്യമെങ്കിൽ ഐസൊലേഷൻ കേന്ദ്രങ്ങളിലേക്കു മാറ്റും. ഇങ്ങനെ മാറാൻ സ്വയം താത്പര്യം കാണിക്കുന്നവർക്കും ഈ സൗകര്യം ലഭ്യമാണ്.

അവശ്യവസ്തുക്കൾ വാങ്ങിക്കൂട്ടാൻ ജനങ്ങൾ തിടുക്കം കാണിക്കുന്നത് പരമാവധി നിരുത്സാഹപ്പെടുത്തും. കടകളിൽ ഇത്തരം തിരക്കുണ്ടായാൽ ഉടമസ്ഥർ ഉടൻ പൊലീസിൽ വിവരമറിയിക്കണം. പാർക്കുകൾ, ബീച്ചുകൾ, മാളുകൾ, തട്ടുകടകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ ആൾക്കാർ ഒത്തുകൂടുന്നത് ഒഴിവാക്കാൻ പൊലീസ് പട്രോളിങ് ശക്തമാക്കിയിട്ടുണ്ട്.

ലോക്ക്ഡൗണിലേക്ക്

ഇന്ത്യയിൽ രോഗികൾ -341, മരണം -07 | രാജ്യത്ത് മൂന്നു മരണം കൂടി

ന്യൂഡൽഹി: കൊറോണ വൈറസിനെ പ്രതിരോധിക്കാൻ രാജ്യം ലോക്ക്ഡൗണിലേക്കു നീങ്ങുന്നു. വിവിധ സംസ്ഥാനങ്ങൾ മാർച്ച് 31 വരെ പൂർണമായും ഭാഗികമായും ലോക്ക്ഡൗൺ പ്രഖ്യാപിച്ചു കഴിഞ്ഞു. ഇന്നലെ മൂന്നു പേർ കൂടി മരിച്ചതോടെ രാജ്യത്ത് കൊറോണ ബാധിച്ചു മരണമടഞ്ഞവർ ഏഴായി. രോഗബാധ സ്ഥിരീകരിച്ചവരുടെ എണ്ണം 341 ആയി ഉയർന്നു. രാജ്യത്ത് മാർച്ച് 31 വരെ ട്രെയ്ൻ സർവീസ് മുഴുവൻ നിർത്തിവച്ചു. അന്തർ സംസ്ഥാന ബസ് സർവീസുകളും നിർത്തിവച്ചിട്ടുണ്ട്.

ബിഹാറിലും ഗുജറാത്തിലും മുംബൈയിലുമാണ് ഇന്നലെ കൊറോണ മരണങ്ങൾ റിപ്പോർട്ട് ചെയ്തത്. അടുത്തിടെ ഖത്തർ സന്ദർശിച്ച മുപ്പത്തെട്ടുകാരൻ പാറ്റ്നയിൽ മരിച്ചു. ഇയാൾക്ക് വൃക്കരോഗത്തിനു ചികിത്സയുണ്ടായിരുന്നു. ഗുജറാത്തിലെ സൂററ്റിൽ അറുപത്തേഴുകാരനാണു കൊറോണ വന്നു മരിച്ചത്; മുംബൈയിൽ അറുപത്തിമൂന്നുകാരനും.

സംസ്ഥാനം പൂർണമായും അടച്ചിടുമെന്ന് രാജസ്ഥാൻ, പഞ്ചാബ്, മഹാരാഷ്ട്ര, ബിഹാർ, ഡൽഹി, തെലങ്കാന സംസ്ഥാനങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഒഡീഷ, നാഗാലാൻഡ് ഹരിയാന, യുപി, ഉത്തരാഖണ്ഡ്, പശ്ചിമ ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങൾ ഭാഗികമായി ലോക്ക്ഡൗൺ പ്രഖ്യാപിച്ചു. ഡൽഹിയിലടക്കം പലയിടത്തും പൂർണമായോ ഭാഗികമായോ നിരോധനാജ്ഞയും പ്രഖ്യാപിച്ചു. മഹാരാഷ്ട്രയിൽ നഗരപ്രദേശങ്ങളിലാണു നിരോധനാജ്ഞ.

കേരളത്തിലെ 10 ജില്ലകൾ അടക്കം കൊറോണ ബാധിതമായ 80 ജില്ലകൾ പൂർണമായി അടച്ചിടണമെന്ന് കേന്ദ്ര സർക്കാർ വിഡിയോ കോൺഫറൻസിലൂടെ വിളിച്ചുചേർത്ത ഉന്നതതല യോഗം നിർദേശിച്ചു. സംസ്ഥാന ചീഫ് സെക്രട്ടറിമാരും ക്യാബിനറ്റ് സെക്രട്ടറിയും പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയും പങ്കെടുത്തതായിരുന്നു ഈ യോഗം. ഈ 80 ജില്ലകളിലും അവശ്യ സർവീസുകൾ മാത്രം മതിയെന്നാണു നിർദേശം. വയനാട്, കൊല്ലം, കോഴിക്കോട്, പാലക്കാട് ജില്ലകളാണ് കേരളത്തിൽ നിന്ന് ഈ ലിസ്റ്റിൽ ഇല്ലാത്തത്. ഇക്കാര്യത്തിൽ സംസ്ഥാനങ്ങൾക്കു യുക്തമായ തീരുമാനമെടുക്കാമെന്നും നിർദേശമുണ്ട്.

ഇറ്റലി	ചൈന	സ്പെയിൻ	ഫ്രാൻസ്	അമെരിക്ക	ബ്രിട്ടൻ
4,825	3,261	1,753	562	349	244

കൊറോണ വൈറസ് പ്രതിരോധത്തിന്റെ ഭാഗമായി രാജ്യമൊട്ടാകെ ഇന്നലെ ആചരിച്ച ജനതാ കർഫ്യൂവിൽ കോഴിക്കോട് വലിയങ്ങാടി നിശ്ചലമായപ്പോൾ.

MAXVALUE
QUICK AND EASY
ഗോൾഡ് ലോൺ
MAXIMUM VALUE FOR YOUR GOLD
www.maxvaluecredits.com
MAXVALUE CREDITS AND INVESTMENTS LTD.
Transforming Life

സ്വർണം

ഗ്രാം	- 3,800
പവൻ	- 30,400

മെട്രൊ മാഡം

ഗുജറാത്തിൽ കൂടുതൽ കുതിരക്കച്ചവടത്തിനാണു ബിജെപിയുടെ ശ്രമം: കോൺഗ്രസ്

എംഎൽഎമാരെ റിസോർട്ടിലാക്കിയിട്ടും പേടി...!

www.facebook.com/metrovaarthaofficial

വിശു അന്തരിച്ചു

ചെന്നൈ: നടൻ, എഴുത്തുകാരൻ, സംവിധായകൻ, നാടകപ്രവർത്തകൻ, ടിവി ഷോ അവതാരകൻ തുടങ്ങിയ നിലകളിൽ ശ്രദ്ധേയനായ മീനാക്ഷീസുന്ദരം രാമസ്വാമി വിശ്വനാഥൻ (വിശു- 75) അന്തരിച്ചു. വൃക്ക സംബന്ധമായ അസുഖങ്ങളെ തുടർന്ന് കുറെനാളായി ചികിത്സയിലായിരുന്നു. ചെന്നൈയിലെ സ്വവസതിയിലായിരുന്നു അന്ത്യം.

വൈ.ജി. പാർഥസാരഥിയുടെ നാടക ട്രൂപ്പിലൂടെയാണ് കലാജീവിതത്തിനു തുടക്കം. നിരവധി നാടകങ്ങൾക്ക് തിരക്കഥയും സംഭാഷണങ്ങളും എഴുതി. കെ. ബാലചന്ദറിന്റെ കൂടെ അസിസ്റ്റന്റ് ഡയറക്റ്ററായി പ്രവർത്തിച്ച ശേഷം എസി.പി. മുത്തുരാമൻ സംവിധാനം ചെയ്ത കുടുംബം ഒരു കദംബം എന്ന ചിത്രത്തിലാണ് ആദ്യമായി നായകനായി എത്തുന്നത്. ആ ചിത്രത്തിന്റെ തിരക്കഥയും അദ്ദേഹത്തിന്റേതായിരുന്നു.

രജനീകാന്ത് നായകനായ തില്ലു-മുല്ലു എന്ന ചിത്രത്തിനു വേണ്ടിയാണ് ആദ്യമായി തിരക്കഥയെഴുതുന്നത്. എന്നാൽ 1980 കാലഘട്ടത്തിലിറങ്ങിയ സംസാരം അതു മിൻസാരം എന്ന സിനിമയാണ് ജീവിതത്തിൽ വഴിത്തിരിവായത്. ജനപ്രിയ സിനിമയ്ക്കുള്ള ദേശീയ പുരസ്കാരം അതിനു ലഭിച്ചു. മികച്ച സന്ദേശങ്ങൾ നൽകുന്ന കുടുംബചിത്രങ്ങളുടെ സംവിധായകൻ എന്ന നിലയിലാണ് വിശു ഏറെ ശ്രദ്ധേയനായത്. 25 ചിത്രങ്ങൾ സംവിധാനം ചെയ്തു, അവയിലെല്ലാം അഭിനയിച്ചു. രജനീകാന്ത് അടക്കമുള്ളവരോടൊപ്പം 50ഓളം സിനിമകളിൽ അഭിനയിച്ചു.

സിനിമാ- കലാ ജീവിതത്തിനൊപ്പം സ്വന്തം ഫൗണ്ടേഷനിലൂടെ ഒട്ടേറെ ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തി. 2016ൽ അദ്ദേഹം ബിജെപിയിൽ ചേർന്നു. ഭാര്യ: പരേതയായ സുന്ദരി (ഉമ). മക്കൾ: ലാവണ്യ, സംഗീത, കൽപ്പന.

ശ്രീറാം വെങ്കിട്ടരാമനെ തിരിച്ചെടുത്തു, ആരോഗ്യവകുപ്പിൽ ജോയിന്റ് സെക്രട്ടറി

തിരുവനന്തപുരം: മാധ്യമ പ്രവർത്തകൻ കെ.എം. ബഷീർ കാറപകടത്തിൽ മരിക്കാനിടയായ കേസിലെ ഒന്നാം പ്രതി ഡോ. ശ്രീറാം വെങ്കിട്ടരാമനെ സിവിൽ സർവീസിൽ തിരിച്ചെടുത്തു. സംസ്ഥാന ആരോഗ്യ വകുപ്പിൽ കൊവിഡ് 19 കൊറോണ വൈറസ് നിയന്ത്രണത്തിനുള്ള സ്പെഷ്യൽ സെൽ ചുമതലയുള്ള ജോയിന്റ് സെക്രട്ടറിയായി നിയമിക്കാനാണു തീരുമാനം. ഏഴുമാസമായി സസ്പെൻഷനിൽ കഴിയുന്ന ശ്രീറാമിനെ തിരിച്ചെടുക്കണമെന്ന ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണിത്.

മദ്യപിച്ചു വാഹനമോടിച്ചതായി തെളിവില്ലെന്ന ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സസ്പെൻഷൻ കാലാവധിയായ ആറു മാസം കഴിയും മുമ്പ് ശ്രീറാമിനെ തിരിച്ചെടുക്കാൻ ശ്രമിച്ചിരുന്നു. അതിനുമുമ്പ്, ശ്രീറാമിനെതിരായ കുറ്റപത്രം സമർപ്പിക്കാതിരിക്കാനും അധികൃതർ ശ്രദ്ധിച്ചു.

എന്നാൽ, അതിനു മുഖ്യമന്ത്രി വഴങ്ങാതെ സസ്പെൻഷൻ കാലാവധി മൂന്നുമാസത്തേയ്ക്കുകൂടി നീട്ടുകയായിരുന്നു. അതിന്റെ കാലാവധി മെയ് മൂന്നിനാണ് കഴിയുന്നത്. വീണ്ടും സസ്പെൻഷൻ നീട്ടുന്നതിൽ നിയമപ്രശ്നമുണ്ടെന്നാണു സർക്കാരിന്റെ വാദം.

താനല്ല, കാറിൽ ഒപ്പമുണ്ടായിരുന്ന സുഹൃത്ത് വാഫ ഫിറോസാണ് കാറോടിച്ചതെന്നാണു ശ്രീറാമിന്റെ മൊഴി. ഇതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ കുറ്റവിമുക്തനാക്കി ചീഫ് സെക്രട്ടറി സർക്കാരിനു റിപ്പോർട്ട് നൽകി. ഈ സാഹചര്യത്തിൽ ശ്രീറാം അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ പോയാൽ സർക്കാരിന് തിരിച്ചടിയാവുമെന്ന് ചൂണ്ടിക്കാട്ടിയാണു നിയമനം. ശ്രീറാമിനെ തിരിച്ചെടുക്കാനാണു നിയമോപദേശം ലഭിച്ചതെന്നും അതല്ലാതെ മറ്റു വഴികളില്ലെന്നും മുഖ്യമന്ത്രിയുടെ ഓഫിസ് കേരള പത്രപ്രവർത്തക യൂണിയനെ അറിയിച്ചിരുന്നു.

കഴിഞ്ഞ ഓഗസ്റ്റ് മൂന്നിന് പുലർച്ചെ ബഷീർ അപകടത്തിൽ മരിച്ച സംഭവത്തിൽ ശ്രീറാമിനെതിരേ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ജീവപര്യന്തമോ 10 വർഷമോ ലഭിക്കാവുന്ന കുറ്റമാണ് ചുമത്തിയിട്ടുള്ളത്.

കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി പ്രധാനമന്ത്രി ആഹ്വാനം ചെയ്ത ജനതാ കർഫ്യൂവിനെ തുടർന്ന് വിജനമായ തൃശൂർ സ്വരാജ് റൗണ്ട് - കെ.കെ നജീബ്

ജനതാ കർഫ്യൂ സ്വയം ഏറ്റെടുത്ത് നാട്

ഇരിങ്ങാലക്കുട: പ്രധാനമന്ത്രി ആഹ്വാനം ചെയ്ത ജനതകർഫ്യൂ ജനങ്ങൾ സ്വമേധയാ സ്വീകരിച്ചു. ഇരിങ്ങാലക്കുടയിലും പരിസര പ്രദേശങ്ങളിലും ബന്ദിന്റെ പ്രതീതി ജനിപ്പിച്ചു. വളരെ അത്യാവശ്യമായി പോകേണ്ട സ്വകാര്യ വാഹനങ്ങൾ ഒഴികെ മറ്റു വാഹനങ്ങൾ ഒന്നും ഓടിയില്ല. കടകമ്പോളങ്ങളും അടഞ്ഞുകിടന്നു. പ്രധാന തെരുവുകളിലെല്ലാം ജനങ്ങൾ അങ്ങിങ്ങായി മാത്രമേ ഉണ്ടായിരുന്നുള്ളു.

വാഹനഗതാഗതം നിലച്ചതു മൂലം ട്രെയിനുകളിലും മറ്റും എത്തിയവർ ബുദ്ധിമുട്ടിലായി. തൃശൂർ റെയിൽവേ സ്റ്റേഷനിൽ രാവിലെ വന്നിറങ്ങിയ പെരിഞ്ഞനം സ്വദേശികളായ രണ്ടു പേർ വാഹനം ലഭിക്കാതെ 22 കിലോമീറ്റർ ദൂരം കാൽനടയായി ഇരിങ്ങാലക്കുടയിലെത്തുകയുണ്ടായി. ജനറൽ ആശുപത്രിയിൽ പേരുകൾ നൽകിയ ശേഷമാണ് ഇവർ വീടുകളിലേക്ക് മടങ്ങിയത്. ജനതകർഫ്യൂവിന്റെ മുന്നോടിയായി ശനിയാഴ്ച രാത്രി വരെ കടകളിലും സൂപ്പർ മക്കറ്റുകളിലും വലിയ തിരക്കായിരുന്നു. കോഴി വില്പന കടകളിലും ബിവറേജസ് ഔട്ട് ലെറ്റിലും സാമാന്യം നല്ല കച്ചവടവും നടന്നു.

ചാലക്കുടി: ജനത കർഫ്യൂവിന്റെ ഭാഗമായി ചാലക്കുടിയും പരിസര പ്രദേശങ്ങളും നിശ്ചലം. കടകമ്പോളങ്ങൾ ഒന്നും തന്നെ തുറന്ന് പ്രവർത്തിച്ചില്ല. ദേശീയ പാത പോലും നിശ്ചലമായിരുന്നു. ദേശീയ പാതയിലൂടെ ആംബുലൻസ് സർവ്വീസുകൾ ആയിരുന്നു കുടുതൽ പോയിരുന്നത്. മറ്റു സർവ്വീസുകൾ എല്ലാം നിറുത്തി വെച്ച് ജനം വീട്ടുകളിൽ തന്നെ കഴിയുകയായിരുന്നു. കൊറോണ എന്ന രോഗത്തിനെ എതിരെ ജനം ഒറ്റക്കെട്ടായി പ്രതിരോധിക്കുവാൻ തയ്യാറായത്തിന്റെ വലിയ വിജയമാണ് ജനത കർഫ്യൂവിലൂടെ കാണുവാൻ സാധിച്ചത്. ചാലക്കുടിയുടെ തിരക്കേറിയ എല്ലാ ഭാഗങ്ങളും നിശ്ചലമായിരുന്നു.മറ്റു വാഹനങ്ങളും നിരത്തിലിറങ്ങിയില്ല.

സ്തംഭിച്ച് തീരദേശം

കൊടുങ്ങല്ലൂർ: ജനതാ കർഫ്യൂവിൽ സ്തംഭിച്ച് തീരദേശം. പ്രധാനമന്ത്രി ആഹ്വാനം ചെയ്ത ജനതാ കർഫ്യു ഇരുകയ്യും നീട്ടിയാണ് തീരദേശം സ്വീകരിച്ചത്.നഗരവും, നാടും ഒരുപോലെ വിജനമായിരുന്നു.ഇരുചക്രവാഹനങ്ങളോ ജനങ്ങളോ പുറത്തിറങ്ങിയില്ല. കൊറോണ വൈറസിന്റെ രണ്ട് ഘട്ടങ്ങളിലും ഓരോരുത്തർ വീതം ഐസലേഷൻ വാർഡിൽ പ്രവേശിപ്പിച്ചതും തീരദേശത്ത് നിന്നായിരുന്നു.

ചൈനയിൽ നിന്നെത്തിയ മെഡിക്കൽ വിദ്യാർത്ഥിനിയിലൂടെയാണ് മാരകമായ വൈറസ് തീരദേശത്ത് ആദ്യമെത്തിയത്.രണ്ടാം ഘട്ടത്തിൽ ഗൾഫിൽ നിന്ന് വന്ന യുവാവ് മുഖേനെയും. മെഡിക്കൽ വിദ്യാർത്ഥിനി രോഗത്തിൽ നിന്ന് മുക്തി നേടിയതിന് ശേഷമാണ് യുവാവിന് രോഗബാധയാകുന്നത്. യുവാവും കൊറോണ വൈറസിൽ നിന്ന് മുക്തി നേടിയിരിക്കുകയാണ്.ഇന്ത്യയിൽ ആദ്യമായി കൊറോണ സ്ഥിരീകരിച്ചതിന്റെ ദൂഷ്യഫലം മനസിലുള്ളത് കൊണ്ട് ജനം കർഫ്യൂവിനോട് പരിപൂർണ പിന്തുണയാണ് നൽകിയത്.രാഷ്ട്രീയ പാർട്ടികൾ നടത്തുന്ന ഹർത്താലുകൾ പോലും ഇങ്ങനെ വിജയിക്കാറില്ല. ആരും പുറത്തിറക്കാതെ ഭവനങ്ങളും പറമ്പും വൃത്തിയാക്കുന്ന തിരക്കിലായിരുന്നു എല്ലാവരും.

വലിയ നോമ്പിലെ ഞായറാഴ്ച വീട്ടിലിരുന്ന് കുർബാനയിൽ പങ്കെടുത്ത് വിശ്വാസികൾ

തൃശൂർ: ക്രൈസ്തവരുടെ വലിയനോമ്പിന്റെ പാതിഭാഗം പിന്നിടുന്ന ഞായറാഴ്ച വിശ്വസികൾക്ക് കുർബാനയിൽ നേരിട്ട് പങ്കെടുക്കാൻ കഴിഞ്ഞില്ലങ്കിലും എല്ലാവരും തങ്ങളുടെ വീട്ടിലെ ടി.വിക്ക് മുന്നിൽ ഇരുന്ന് മുഴുവൻ കുർബാനയിലും പെങ്കടുത്ത് പ്രാത്ഥിച്ചു. കൊറോണ എന്ന മഹാമരിയുടെ പിടിയിലമർന്ന ലോകജനതക്ക് വേണ്ടിയുള്ള പ്രത്ഥനകളും കുർബാനകൾക്കെപ്പം സംപ്രേഷം ചെയ്തതിൽ വിശ്വസികൾ ഭക്തിപൂർവംപങ്കുടുത്ത് പ്രത്ഥിക്കുകയായിരുന്നു. രണ്ട് സ്വകാര്യ ചാനലുകളാണ് പ്രധാനമായും വിശുദ്ധ കുർബാന സപ്രേഷണം ചെയ്തത്. ഒരുചാനലിൽ ആറ് മുതൽ മുന്ന് കുർബാനകളും മറ്റെന്നിൽ 9.30 ന് ഒരുകർബാനയുമാണ് ഉണ്ടായിരുന്നത്. ഞായറാഴ്ചകളിൽ വിശുദ്ധകുർബാനയിൽ പങ്കെടുക്കണം എന്നുള്ള സഭയുടെ കല്പനക്ക് പ്രത്യേക സാഹചര്യത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിലും. ലോകജനത നേരിടുന്ന കോവീഡ് 19 ൽനിന്നുംര്ക്ഷ ലഭിക്കുന്നതിന്വേണ്ടി വിശ്വസികൾ ഒരു മനസ്സായി തങ്ങളുടെ വീടുകളിൽ ഇരുന്ന് പ്രത്ഥനശുശ്രക്ഷകളിൽ പങ്കെടുക്കുകയായിരുന്നു. ചാനലുകൾക്ക് പുറമേ യൂട്യൂബിലും കുർബാനകൾ സപ്രേക്ഷണം ചെയ്തതും വിശ്വസികൾക്ക് എറെ സഹായകമായി.

കെഎസ്ആർടിസി ബസ് ഫയർഫോഴ്സ് വൃത്തിയാക്കുന്നു.

കെഎസ്ആർടിസി ഡിപ്പോ ഫയർഫോഴ്സ് ജീവനക്കാർ ശുചീകരിച്ചു

ചാലക്കുടി: ജനത കർഫ്യൂ ദിനത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി ചാലക്കുടി ഫയർ ഫോഴ്സ് പ്രവർത്തകർ മാതൃകയായി. ചാലക്കുടി കെഎസ്ആർടിസി ഡിപ്പോയിലെ 53 ബസുകളും ബ്ലീച്ചിങ്ങ് ലായനി ഉപയോഗിച്ച് സ്പ്രെ ചെയ്തു വൃത്തിയാക്കി. ഏകദേശം നാല് മണിക്കൂർ സമയമെടുത്താണ് ബസിന്റെ അകവും, പുറവും എല്ലാം വൃത്തിയാക്കി. ഇതിന് പുറമെ സ്റ്റാന്റും പരിസരവും വൃത്തിയാക്കി. പ്രൈവറ്റ് ബസ് സ്റ്റാന്റിൽ കുടുതലായി ജനങ്ങൾ ഉപയോഗിക്കുന്ന ഭാഗങ്ങൾ, നഗരത്തിലെ പ്രധാന ബസ് സ്റ്റോപ്പുകൾ, താലൂക്ക് ഓഫീസ്, പരിസരം, താലൂക്ക് ആശുപത്രി, തുടങ്ങിയ സ്ഥലങ്ങളാണ് താലൂക്ക് ആശുപത്രിയിൽ നിന്ന് ലഭിച്ച ബ്ലീച്ചിംങ്ങ് ലായനിയും വെള്ളവും ചേർത്ത് പ്രത്യേകം തയ്യാറാക്കിയാണ് പ്രതിരോധ പ്രവർത്തനം നടത്തിയത്. സ്റ്റേഷൻ ഓഫീസർ സി. ഒ. ജോയി, ഡ്രൈവർ ജോഷി ജോർജ്ജ്, ഉല്ലാസ് ഉണ്ണികൃഷ്ണൻ,കെ. കൃഷ്ണരാജ്.കെ. മനോജ്.സി. ടി. സണ്ണി തുടങ്ങിയവരുടെ നേതൃത്വത്തിലാണ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയത്.

ശക്തൻ തമ്പുരാൻ ബസ് സ്റ്റാൻഡിൽ ബസുകൾ പാർക്ക് ചെയ്തിട്ടിരിക്കുന്നു

കോഴിബലിയെ എതിർക്കുമെന്ന് കോൺഗ്രസ്

കൊടുങ്ങല്ലൂർ: കൊടുങ്ങല്ലൂർ ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിൽ കോഴിബലി കൊണ്ടുവരാനുള്ള നീക്കം എന്തു വില കൊടുത്തും എതിർക്കുമെന്നും കോൺഗ്രസ് വ്യക്തമാക്കി.1954ൽ പനമ്പിള്ളി ഗോവിന്ദമേനോൻ തിരുകൊച്ചി മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് ഈ ദുരാചാരം നിർത്തലാക്കിയത്. പിന്നീട് 78 ലും 80 കാലഘട്ടത്തിലും തിരിച്ചു കൊണ്ടുവരാനുള്ള നീക്കം ഉണ്ടായെങ്കിലും നിയമം മൂലം തുടരാൻ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ ബലി കൊണ്ടുവരാനുള്ള നീക്കം ചില സംഘടനകളുടെ ദുരുദ്ദേശപരമാണെന്ന് കോൺഗ്രസ് സംശയിക്കുന്നു 'രണ്ടു വഞ്ചിയിലും കാലു വയ്ക്കുന്ന ചിലരുടെ പിന്തുണ ഉണ്ടെന്ന് കോൺഗ്രസ് ആരോപിക്കുന്നു. ഇത്തരം കാലഹരണപ്പെട്ട ആചാരങ്ങളെ തുരത്താൻ എന്തിനും കോൺഗ്രസ് തയ്യാറാവുമെന്ന് നേതാക്കളായ ബ്ലോക്ക് പ്രസിഡൻ്റ് പ്രൊഫ: സി.ജി ചെന്താമാ രാക്ഷൻ വൈസ് പ്രസിഡൻ്റുമാരായ കെ.പി.സുനിൽ കുമാർ, ഇ.എസ് സാബു, മണ്ഡലം പ്രസിഡന്റ് ഡിൽഷൻ കൊട്ടെക്കാട്ട് എന്നിവർ പ്രസ്താവനയിൽ അറിയിച്ചു.

കിൻഫ്ര പാർക്കിലെ സ്ഥാപനം അടപ്പിച്ചു

ചാലക്കുടി: കൊരട്ടി കിൻഫ്ര പാർക്കിൽ ജനത കർഫ്യു അവഗണിച്ച പ്രവർത്തിച്ച സ്ഥാപനം പൊലീസും ആരോഗ്യ വിഭാഗം പ്രവർത്തകരും ചേർന്ന് അടപ്പിച്ചു. ഓട്ടോ സീൽ എന്ന സ്ഥാപനമാണ് പ്രധാന മന്ത്രിയുടേയും, മുഖ്യമന്ത്രിയുടേയും ആഹ്വാന പ്രകാരം നടത്തിയ ജനത കർഫ്യ അവഗണിച്ച് പ്രവർത്തിച്ചത്. കൊരട്ടി സി. ഐക്ക് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് നടത്തിയ റെയ്ഡിൽ അറുപതോളം തൊഴിലാളികൾ ജോലി ചെയ്യുന്നത് കണ്ടെത്തി. സുരക്ഷ മാനദണ്ഡങ്ങൾ ഒന്നും ഇല്ലാതെ ജോലി ചെയ്തിരുന്ന ഇതര സംസ്ഥാന തൊഴിലാളികളായിരുന്നു എല്ലാവരും. ഇവർ താമസിച്ചിരുന്ന സ്ഥലം വൃത്തി ഹീനമായ നിലയിലും ആയിരുന്നു. വിദേശ നിർമ്മിത കാറുകളുടെ സീറ്റ് കവറുകൾ നിർമ്മിക്കുന്ന സ്ഥാപനത്തിനെതിരെ പൊലീസ് കേസെടുത്തു. എസ്. ഐ. രാമു ബാലചന്ദ്ര ബോസ്, ജൂനിയർ ഹെൽത്ത് ഇൻസ്പെകടർമാരായ കെ. കെ. രാധാകൃഷ്ണൻ, കെ. എസ്. ശശി, നേഴ്സ് കെ. കെ. സജീവ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന നടത്തിയിരുന്നത്.

ശുചീകരിച്ചു

വടക്കാഞ്ചേരി: ജനതാ കർഫ്യൂ ദിനത്തിൽ കൊറോണ വൈറസ് പ്രതിരോധത്തിന്റെ ഭാഗമായി ബന്ധപ്പെട്ട് വടക്കാഞ്ചേരി അഗ്നിരക്ഷാനിലയത്തിലെ സേനാംഗങ്ങൾ നിലയവും, ഓട്ടുപാറ മാർക്കറ്റും പരിസരവും ഓട്ടുപാറ ബസ്റ്റാന്റ് പരിസരവും, ഫയർ സ്റ്റേഷൻ മുതൽ വടക്കാഞ്ചേരി പാലം വരെയുള്ള ഭാഗങ്ങളും, സാനിറ്റൈസർ ഡെറ്റോൾ, ബ്ലീച്ചിങ് പൗഡർ എന്നിവ ഉപയോഗിച്ച് വെള്ളം സ്പ്രൈ ചെയ്ത് ശുദ്ധികരിച്ചു. സ്റ്റേഷൻ ഓഫീസർ ഇൻ ചാർജ് റോയ് തോമസ്, സീനിയർ ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർമാരായ രാജേന്ദ്രൻ പിള്ള, അനിൽകുമാർ, മറ്റു സേനാംഗങ്ങളായ ജോബി മാത്യു രഞ്ജിത്ത് രമേശ് സേതു, ഉവൈസ്, സുജാതൻ, സജിത്ത്, ഷമീർ, സുജിലാൽ, മഹേഷ്,ബിജു തുടങ്ങിയവർ നേതൃത്വം നൽകി.

യുവാവിനെ ആക്രമിച്ച കേസിൽ നാലംഗ സംഘം അറസ്റ്റിൽ

കൊടുങ്ങല്ലൂർ: യുവാവിനെ ആക്രമിച്ച കേസിൽ നാലംഗ സംഘം അറസ്റ്റിൽ. ചെന്ത്രാപ്പിന്നി മൂത്തേരി വീട്ടിൽ ജിത്തു കൃ ഷണ (24), ചെന്ത്രാപ്പിന്നി തോട്ടു പറമ്പത്ത് വീട്ടിൽ റിസ്വാൻ (26),ചെന്ത്രാപ്പിന്നി പുത്തൂ ര് പറമ്പിൽ ഷംസീർ (26) ചെന്ത്രാപ്പിന്നി പേരകത്ത് വീട്ടിൽ ഷെയിൻഷാ (23) എന്നിവരെ കൈപ്പമംഗലം എസ്.ഐ.ജയേഷ് ബാലനും സംഘവും അറസ്റ്റ് ചെയ്തു.ഇരുപതാം തിയ്യതി രാത്രി 10.45 ന് കയ്പമംഗലം 12 ലായിരുന്നു സംഭവം.കൂരിക്കുഴി വേളയിൽ വീട്ടിൽ സിറാജു ദ്ധീനെ(35) തടഞ്ഞു നിർത്തി ആക്രമിക്കുകയായിരുന്നു. അറസ്റ്റ് ചെയ്ത സംഘത്തിൽ എ.എസ്. ഐ.അബദുൾ സലാം, സി പി ഒ അനൂപ്, ഉണ്ടായിരുന്നു.

വധശ്രമം: യുവാവ് പിടിയിൽ

ചാലക്കുടി: നോർത്ത് ജംക്ഷനിലെ ബാറിൽ അടിപിടിയുണ്ടാക്കുകയും വധശ്രമം നടത്തുകയും ചെയ്ത കേസിൽ യുവാവ് പിടിയിൽ. വെട്ടുകടവ് 16-ാം കോളനി കല്ലൂപ്പറമ്പിൽ ഷമീറിനെയാണ് (32) സിഐ പി.ആർ. ബിജോയ്, എസ്ഐ കെ.കെ. ബാബു എന്നിവർ അറസ്റ്റ് ചെയ്തത്. ഹോട്ടൽ ജീവനക്കാരൻ ഇടുക്കി വാഗമൺ സ്വദേശി സണ്ണിക്കു (42) നേരെയായിരുന്നു വധശ്രമം. സോഡ കുപ്പി കൊണ്ടുള്ള അടിയേറ്റ് ഇയാളുടെ തല പൊട്ടി. സ്ഥലത്തെത്തിയ പൊലീസ് ഇയാളെ ഗവ. താലൂക്ക് ആശുപത്രിയിൽ എത്തിച്ചു. ഷമീറിനും മർദനമേറ്റിട്ടുണ്ട്. ബാറിൽ അടിപിടിക്കിടെ ഇരുവരും റോഡിലേയ്ക്ക് ഇറങ്ങി. റോഡിൽ വച്ചാണ് സോഡ കുപ്പി കൊണ്ട് ആക്രമിച്ചത്. എഎസ്ഐ സി.വി. ഡേവിസ്, സിവിൽ പൊലീസ് ഓഫിസർമാരായ സി.ബി. ഷെറിൽ, ജസ്റ്റിൻ അന്വേഷണ സംഘത്തിലുണ്ടായിരുന്നു. പ്രതിയെ റിമാൻഡ് ചെയ്തു.

ചീട്ടുകളി സംഘം അറസ്റ്റിൽ

വടക്കാഞ്ചേരി: വിരുപ്പാക്കയിൽ ആളൊഴിഞ്ഞ പറമ്പിൽ പണം വച്ചു ചീട്ടുകളിക്കുകയായിരുന്ന നാലു പേരെ പൊലീസ് അറസ്റ്റു ചെയ്തു. ഇവരിൽ നിന്നും 10243 രൂപയും പിടിച്ചെടുത്തു. വടക്കാഞ്ചേരി പൊലീസാണ് ചീട്ടുകളി സംഘത്തെ അറസ്റ്റു ചെയ്തത്.

പ്രവേശന വിലക്ക്

ഇരിങ്ങാലക്കാട: കൊറോണ വൈറസ് പടരുന്നത് പ്രതിരോധിക്കുന്നതിന്റെ ഭാഗമായി മാർച്ച് 23 മുതൽ 31 വരെ അവിട്ടത്തൂർ മഹാദേവ ക്ഷേത്രത്തിൽ ദർശനവും വഴിപാടുകളും ഉണ്ടായിരിക്കുന്നതല്ല. പൂജകളും മറ്റു ചടങ്ങുകളും പതിവു പോലെ തന്നെ നടക്കുന്നതാണെന്ന് ക്ഷേത്രസമിതി സെക്രട്ടറി അറിയിച്ചു.

ബ്രേക്ക് ദ ചെയിൻ ചലഞ്ച് ഏറ്റെടുത്ത് മണപ്പുറം ഫൗണ്ടേഷൻ

വലപ്പാട്: കൊറോണ വ്യാപനം തടയുന്നതിന് മണപ്പുറം ഫൗണ്ടേഷൻ വിവിധ പോലീസ് സ്റ്റേഷനുകളിലേക്ക് സാനിറ്ററൈസറും, പ്രതിരോധശേഷി വർദ്ധിപ്പിക്കുവാൻ വലപ്പാട് ഗവൺമെൻറ് ഹോമിയോ ഡിസ്പെൻസറിയിൽ നിന്നുള്ള മരുന്നുകളും വിതരണം ചെയ്തു. വലപ്പാട് ,അന്തിക്കാട്, വാടാനപ്പള്ളി, കയ്പ്പമംഗലം തുടങ്ങിയ പോലീസ് സ്റ്റേഷനുകളിലേക്കാണ് വിതരണം ചെയ്തത്.

പേരാമ്പ്ര അപ്പോള ടയേഴ്സ് ജില്ലാ കലക്റ്ററെത്തി അടപ്പിച്ചു

ചാലക്കുടി: രാജ്യമുഴുവൻ ജനത കർഫ്യൂ ആചരിക്കുമ്പോൾ അതിന് വിരുദ്ധമായി പ്രവർത്തിച്ച പേരമ്പ്ര അപ്പോള ടയേഴ്സ് ജില്ലാ കലക്റ്ററെത്തി അടപ്പിച്ചു. പ്രധാന മന്ത്രിയുടെ ആഹ്വാനമനുസരിച്ചും മുഖ്യമന്ത്രിയുടെ നിർദ്ദേശമനുസരിച്ചും ജനര കർഫ്യൂവിന് ലക്ഷകണക്കിന് ജനങ്ങൾ പൂർണ പിന്തുണ നൽകുമ്പോഴാണ് യാതൊരു വിധ സുരക്ഷ മാനദണ്ഡങ്ങളും പാലിക്കാതെ നുറൂകണക്കിന് തൊഴിലാളികളെ കൊണ്ട് ജോലി ചെയ്യുപ്പിക്കുകയായിരുന്നു എന്ന് തൊഴിലാളികൾ കലക്റ്ററോട് പരാതിപ്പെട്ടു. രാവിലത്തെ ആദ്യ ഷിഫ്റ്റിൽ നാനൂറിലധികം തൊഴിലാളികൾ ജോലി ചെയ്തിരുന്നു. രണ്ടാമത്തെ ഷിഫ്റ്റിൽ തൊഴിലാളികൾ ജോലിക്ക് കയറിയ സമയത്താണ് കലക്റ്റർ കമ്പനിയിലെത്തി കമ്പനി മാനേജ്മെന്റിനോട് വിശദീകരണം തേടി.

രൂക്ഷമായ വിമർശനമാണ് കമ്പനി അധികൃതരോട് കള്കടർ നടത്തിയത്. പ്രധാനമന്ത്രിയുടെ നിർദ്ദേശങ്ങൾക്ക് ഒരു വിലയും കൽപ്പിക്കാതെ ജനത കർഫ്യൂ ദിവസം കമ്പനി തുറന്ന് പ്രവർത്തിച്ച സംഭവത്തിലും.

നാനൂറിലധികം ജീവനക്കാർക്ക് കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി മാസ്ക്കോ, മറ്റുയൊതൊരു സുരക്ഷയും നൽകാതെ ജോലിചെയ്യുവാൻ നിർബന്ധിതരാക്കുന്ന അവസ്ഥയാണ് കാണുവാൻ കഴിഞ്ഞത്. ഈ രണ്ടു കാര്യത്തിലും രേഖാമൂലം വിശദീകരണം നൽകുവാൻ നിർദ്ദേശിച്ചു. ഇന്ന് രാവിലെ തന്നെവിശദീകരണം നൽകുവാനും ഡിഎംഒയുടെ നേതൃത്വത്തിൽ കമ്പനി സന്ദർശിക്കുവാനും ഇവിടെ ഇല്ലാത്ത സുരക്ഷയെ കുറിച്ചും, പ്രതിരോധമാർഗ്ഗങ്ങളെ കുറിച്ചും നിർദ്ദേശം നൽകുവാനും ഡിഎംഒയുടെ റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുമെന്നും ജില്ലാ കലക്റ്റർ എ ഷാനവാസ് പറഞ്ഞു.

തൃശൂർ ജില്ലാ കലക്റ്റർ പേരാമ്പ്ര അപ്പോള കമ്പനി അടപ്പിക്കാനെത്തിയപ്പോൾ.

ജനത കർഫ്യൂവിന്റെ ഭാഗമായി വിജനമായ മാള ടൗൺ

MAXVALUE CREDITS AND INVESTMENTS LTD. Transforming Life..

ഉപഭോക്താക്കൾക്കുള്ള അറിയിപ്പ്

Branches under merger in Calicut Region	Merging with Branch & Address
Kannur	THALASSERY BRANCH Ground Floor, Roopsree Arcade, M.M.Road, Thalassery, Kannur Pin- 670101 Ph:0490-2324799
Meenangadi	SULTHAN BATHERY BRANCH No. 18/531-A-15, 18/531-A16 & 18/531-A17, 1st Floor, Manjima Complex, Near KSFE, Manikuni, SulthanBathery, Waynad- 673592 Ph:04936-223799
Puthiyangadi	NADAKKAVU BRANCH 1st Floor, Tripuri Building, Wayanad Road, East Nadakkavu, Kozhikode Pin- 673011 Ph:0495-2760799
Arakinar	FEROKE BRANCH 1st Floor, I Max Tower, Near Mazjid, Feroke-Chungam, Kozhikode Dt Ph:0495-2482799
Quilandy	PERAMBRA BRANCH 1st Floor, Asma Tower, Opp.Market, Perambra-Kuttiadi Road, Perambra, Kozhikode-673525, Ph:0496-2611799
Kakkodi	NADAKKAVU BRANCH 1st Floor, Tripuri Building, Wayanad Road, East Nadakkavu, Kozhikode Pin- 673011 Ph:0495-2760799

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No. 82 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com



അമല പോൾ വിവാഹിതയായി

അമല പോൾ വിവാഹിതയായെന്ന് റിപ്പോർട്ടുകൾ. മുംബൈയിലെ ഗായകനും അമലയുടെ സുഹൃത്തുമായ ഭവ്നിന്ദർ സിംഗാണ് വരൻ. ഭവ്നിന്ദർ ഇൻസ്റ്റഗ്രാമിൽ പങ്കുവച്ച ചിത്രങ്ങളാണിപ്പോൾ സോഷ്യൽ മീഡിയയിൽ വൈറലാകുന്നത്.ത്രോബാക്ക് എന്ന് ഹാഷ്ടാഗോടെയാണ് ഭവ്നിന്ദർ ചിത്രം പങ്കുവച്ചിരിക്കുന്നത്. പരമ്പരാഗത രാജസ്ഥാനി വധൂവരൻമാരായാണ് ഇരുവരും ചിത്രങ്ങളിൽ.നേരത്തെ ഗായകൻ ഭവ്നിന്ദർ സിംഗുമായി അമല പ്രണയത്തിലാണെന്ന് വാർത്തകൾ പുറത്തുവന്നിരുന്നു. ഇരുവരും ഒന്നിച്ചുള്ള ചിത്രങ്ങൾ സോഷ്യൽ മീഡിയയിൽ പ്രചരിച്ചതിന് തൊട്ടുപിന്നാലെയാണ് റിപ്പോർട്ടുകൾ പുറത്തുവന്നത്.എന്നാൽ സംഭവത്തോട് ഇരുവരും ഇതുവരെ പ്രതികരിച്ചിട്ടില്ല. അമലയുടെ രണ്ടാം വിവാഹമാണിത്.2014 ജൂൺ 12 നായിരുന്നു മൂന്ന് വർഷം നീണ്ട പ്രണയത്തിനൊടുവിൽ അമലയും തമിഴ് സംവിധായകൻ വിജയിയും വിവാഹിതരായത്. തുടർന്ന് ഫെബ്രുവരി 2017 ൽ ഇരുവരും നിയമപരമായി വിവാഹമോചിതരായി

ഞാൻ മനോഹരനുമായി സുരഭി ലക്ഷ്മി

സുരഭി ലക്ഷ്മി നായികയായെത്തുന്ന ഞാൻ മനോഹരൻ എന്ന ചിത്രത്തിന്റെ ഫസ്റ്റ്ലുക്ക് പോസ്റ്റർ പുറത്തുവിട്ടു. സുധി കോപ്പയും ചിത്രത്തിൽ പ്രധാന വേഷത്തിലെത്തുന്നുണ്ട്. ഉയരക്കുറവുള്ള അച്ഛനും മകനും അനുഭവിക്കുന്ന മാനസിക സംഘർഷങ്ങളും മകന്റെ സ്വപ്നങ്ങളുമാണ് ചിത്രത്തിന്റെ പ്രമേയം. മനോഹരൻ എന്ന ടൈറ്റിൽ കഥാപാത്രമായി മനോരഞ്ജനും മകനായി മാസ്റ്റർ ആദിഷുമാണെത്തുന്നത്.ലിദേഷ് ദേവസി കഥയെഴുതി സംവിധാനം ചെയ്യുന്ന ചിത്രം നിർമിക്കുന്നത് സുനിൽ ജോസഫാണ്. ജിൻസ് കെ ബെന്നിയാണ് തിരക്കഥയും സംഭാഷണവും ഒരുക്കുന്നത്. ഏപ്രിൽ ആദ്യവാരം ചിത്രീകരണം ആരംഭിക്കുന്ന ചിത്രത്തിന്റെ ഛായാഗ്രഹണം നിതിൻ പി മോഹനാണ് നിർവഹിക്കുന്നത്.കലാ സംവിധാനം അരുൺ പി അർജുൻ

മംമ്ത മോഹൻദാസ് വീട്ടിൽ നിരീക്ഷണത്തിൽ

വിദേശത്ത് നിന്ന് മടങ്ങിയെത്തിയ നടി മംമ്ത മോഹൻദാസ് വീട്ടിൽ സ്വയം ക്വാറന്റൈനിൽ. യുഎസിലെ ലോസ്ആഞ്ചലസിൽ നിന്നാണ് താരം മടങ്ങിയെത്തിയത്. രോഗലക്ഷണങ്ങളില്ലെങ്കിൽ പോലും വിദേശയാത്ര കഴിഞ്ഞ് 14 ദിവസമെങ്കിലും നിർബന്ധമായും ഹോം ഐസൊലേഷനിൽ കഴിയേണ്ടതുണ്ട്. സർക്കാരിനൊപ്പം നിൽക്കേണ്ട സമയമാണിത്. സെൽഫ് ഐസൊലേഷനെ സാമൂഹിക പ്രതിബദ്ധതയുടെ അടയാളമായിട്ടാണ് കാണേണ്ടത്. രോഗലക്ഷണങ്ങളില്ലെങ്കിൽ പോലും വിദേശത്തു നിന്നെത്തുന്നവർ ഐസൊലേഷനിൽ ചെലവഴിക്കണം. കോവിഡ് എവിടെയുമെത്താം.ഒരേ മനസോടെയുള്ള പോരാട്ടത്തിലൂടെ മാത്രമേ നമുക്കിതിനെ തോൽപ്പിക്കാനാവൂ. ഐസൊലേഷനെ കുറിച്ച് മംമ്ത പറഞ്ഞു. ഈ മാസം 21 ന് ബിഗ് ബി സിനിമയുടെ രണ്ടാം ഭാഗമായ ബിലാലിന്റെ ഷൂട്ടിംഗ് തുടങ്ങാനിരിക്കെയാണ് മംമ്ത കേരളത്തിലെത്തിയത്.

BW

ആദ്യ തിരക്കഥാകാരൻ

ആദ്യത്തെ മലയാള ചിത്രമായ ബാലനു വേണ്ടി കഥയും സംഭാഷണവും ഗാനങ്ങളും എഴുതിയ മുതുകുളം രാഘവൻ പിള്ളയാണ് ഒരു പക്ഷെ മലയാള സിനിമയിൽ അഭിനയം ഉൾപ്പെടെ വിവിധ മേഖലകളിലായി പ്രാഗത്ഭ്യം തെളിയിച്ച ആദ്യ വ്യക്തി.മുതുകുളവും എസ്. പി. പിള്ളയും ചേർന്നാണ് ആദ്യകാല ഹാസ്യ രംഗങ്ങൾ കൈകാര്യം ചെയ്തിരുന്നത്. ഇവരുടെ ഹാസ്യ രംഗത്തിന് തിരക്കഥ എഴുതാറി ല്ല. പകരം ആ ഭാഗത്ത് മുതുകുളം, എസ്. പി എന്ന് മാത്രം എഴുതും. ഇവർക്ക് ഇഷ്ടമുള്ളത് ചെയ്യാം.സംവിധായകനും ആ സമയത്ത് വിശ്രമത്തിലായിരിക്കും. അക്കാലത്ത് കോമഡി ട്രാക്ക് എന്നത് പ്രധാന കഥയുടെ ഭാഗമല്ല.

ആദ്യത്തെ നാടകകൃത്ത്

ഏറ്റവും ആദ്യമായി നാടകങ്ങൾ അരങ്ങേറിയത് ഗ്രീസിലാണ് എന്നാണ് നാടക ചരിത്രകാരന്മാരുടെ അഭിപ്രായം. ക്രിസ്തുവിന് മുമ്പ് 6-ാം നൂറ്റാണ്ടിൽ ആഥൻസിൽ ജീവിച്ചിരുന്ന ഥെസ്പിസ് ആണ് ആദ്യത്തെ നാടകകൃത്തും നടനുമായി കരുതപ്പെടുന്നത്. അദ്ദേഹത്തിനു പുറകെ എസ്കിലസ്, സോഫോക്ളിസ്, യൂറിപിഡീസ് എന്നീ നാടകകൃത്തുകളും രംഗത്തുവന്നു.

എന്താണ് നാടകം?

ഒരു പൂർണ്ണ ക്രിയയുടെ അനുകരണം എന്നാണ് നാടകത്തെക്കുറിച്ച് അരിസ്റ്റോട്ടിൽ നിർവചിച്ചിട്ടുള്ളത്. മുഖ്യമായത് അഭിനയമാണെങ്കിലും നാടകത്തിൽ പല കലകളും അനുപമമായി സമ്മേളിച്ചിരിക്കുന്നു. സാഹിത്യം സംഗീതം, നൃത്തം, ചിത്രകല എന്നിവയെല്ലാം ഇണങ്ങിച്ചേർന്നതുകൊണ്ടാവാം ആദ്യകാലങ്ങളിൽ ഇത് ധാരാളം സഹൃദയരെ ആകർഷിക്കുകയും ആഹ്ളാദ ഭരിതരാക്കുകയും ചെയ്തത്, നാടകത്തിന് ജനസഞ്ചയത്തിൽ ചെലുത്താൻ കഴിയുന്ന സ്വാധീനത പല നാടക കൃത്തുക്കളും ഞങ്ങളുടെ വിശ്വാസപ്രമാണങ്ങൾ പ്രചരിപ്പിക്കാനായി പ്രയോജനപ്പെടുത്തി. മതവിശ്വാസം ഉറപ്പിക്കുവാനും, സദാചാരബോധം വളർത്തുവാനും നാടകകലയുടെ ആരംഭം തെട്ടേ മനുഷ്യൻ പരിശ്രമിച്ചു. കേരളത്തിൽ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക കെ.പി.എ.സി നാടകങ്ങൾ നൽകിയ സംഭാവന ചെറുതൊന്നുമല്ല.

തിയേറ്റർ

ഇതിവൃത്തവും കഥാപാത്രങ്ങളും സംഭാഷണവുമാണ് നാടകത്തിന്റെ സുപ്രധാന ഘടകങ്ങൾ. ഇതിവൃത്തത്തിന്റെ സത്ത അജി നേതാക്കൾ ആംഗികവും (അംഗചലനങ്ങൾ) വാചികവുമായ (സംഭാഷണം) അഭിനയത്തിലൂടെ വേദിയിൽ അവതരിപ്പിക്കുന്നു. വേഷവും ഭാവവും അഭിനയത്തെ അർത്ഥ പൂർണ്ണമാക്കുന്ന രംഗവേദിയിൽ നടീനടൻമാർ അവതരിപ്പിക്കുന്ന വൈകാരിക ഭാവങ്ങളോട് പ്രേക്ഷകർ സംവദിക്കുമ്പോൾ തിയേറ്റർ രൂപം കൊള്ളുകയായി.

കാണുക എന്നർത്ഥം വരുന്ന ഗ്രീക്ക് ഭാഷയിലെ തിയോട്രോൺ എന്ന പദത്തിൽ നിന്നാണ് തിയേറ്റർ എന്ന പദം വന്നിട്ടുള്ളത്.

ബി.സി മൂവായിരം വർഷങ്ങൾക്കു മുമ്പ് രൂപം കൊണ്ട യവന നാടകവേദിയാണ് തിയേറ്ററിന്റെ ആദിമരൂപം. മതാനുഷ്ഠാനവുമായി ബന്ധപ്പെട്ടു ആവിർഭവിച്ച ഗ്രീക്ക് നാടകങ്ങൾ വിളവെടുപ്പിന്റെയും വീഞ്ഞിന്റെയും ദേവനായ ഡയണീഷ്യസിനെ പ്രകീർത്തിക്കുന്നവയായിരുന്നു. ഡയണീഷ്യസിനെ ആദരിക്കാനായി വർഷംതോറും യവനർ അവതരിപ്പിച്ച കലാരൂപങ്ങളാണ് നാടകത്തിന്റെ ആദിമരൂപം. ദുരന്തനാടകങ്ങളായിരുന്നു ഇവർ അവതരിപ്പിച്ചിരുന്നത്.ഇതിഹാസകഥകൾ ഹൃദ്യമായി അവതരിപ്പിച്ചുകൊണ്ട് ജനകീയമായ ഒരു പ്രസ്ഥാനമായി ഇതു വളർന്നുവന്നു. ഈജിപ്ത്, മെസപ്പൊട്ടോമിയ സുമേറിയ, അസീറിയ തുടങ്ങിയ സാംസ്കാരിക ഭൂമികളിലേക്കും യവനനാടക വേദിയുടെ പ്രഭാവം പടർന്നുകയറി.

കുട്ടികളുടെ നാടകവേദി

1970കളിലാണ് കുട്ടികളുടെ നാടകവും നാടകവേദിയും മലയാളത്തിൽ ആരംഭിക്കുന്നത്. പ്രൊഫ. ജി. ശങ്കരപ്പിള്ളയുടെ നേതൃത്വത്തിൽ വെഞ്ഞാറമ്മൂട്ടിൽ ആരംഭിച്ച രംഗപ്രഭാത് (1970), തൃശൂർ ആസ്ഥാനമാക്കി തുടങ്ങിയ രംഗചേതന (1980), എറണാകുളത്തെ സൂര്യ ചിൽഡ്രൻസ് തിയറ്റർ എന്നിവ കുട്ടികളുടെ നാടകങ്ങൾ സ്ഥിരമായി അവതരിപ്പിക്കുന്ന സംഘങ്ങളാണ്.

സംഗീത നാടകങ്ങൾ

ആദ്യ മലയാള സംഗീത നാടകം ടി.സി. അച്യുതമേനോന്റെ 'സംഗീത നൈഷധം' (1893)മാണ്. സംഗീത നാടകങ്ങളിൽ വളരെ പൊതുജനാദരം നേടിയ നാടകങ്ങളാണ് കെ.സി. കേശവപിള്ളയുടെ 'സദാരാമ' (1904), കുമാരനാശാന്റെ കരുണയുടെ നാടകാവിഷ്ക്കാരമായ സ്വാമി ബ്രഹ്മവ്രതന്റെ 'കരുണ' (1929) എന്നിവ.

'ഈ ലോകം ഒരു നാടകശാലയാണ്. നാമെല്ലാം അതിലെ നടീനടൻമാർ മാത്രം'വിഖ്യാത നാടകകൃത്തും കവിയുമായ ഷേക്സ്പിയറിന്റെ ഈ അഭിപ്രായം മനുഷ്യനും നാടകും തമ്മിലുള്ള ബന്ധത്തെ വെളിപ്പെടുത്തുന്നു. സംഭാഷണം അഭിനയം എന്നിവയാൽകൂടി കാഴ്ചക്കാരുമായി സംവദിക്കുന്ന ഈ കലയുടെ ആവിർഭാവം എങ്ങനെയാകാം? മതാചാരങ്ങളിൽ നിന്നും അനുഷ്ഠാനങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞു വന്നു എന്നതാണ് ഏറ്റവും വിശ്വസിനീയമായത്.



ചരിത്രനാടകങ്ങൾ

1926-ലാണ് മലയാളത്തിൽ ആദ്യമായി ഒരു ചരിത്രനാടകമുണ്ടായത്. ഇ.വി. കൃഷ്ണപിള്ളയുടെ 'സീതാലക്ഷ്മി'. 'രാജാകേശവദാസ്', 'ഇരവിക്കുട്ടിപ്പിള്ള' എന്നീ ചരിത്ര നാടകങ്ങൾ കൂടി ഇ.വി. എഴുതിയിട്ടുണ്ട്. വി. നീലകണ്ഠപിള്ളയുടെ 'വേലുത്തമ്പി ദളവ', കൈനിക്കര പദ്മനാഭപിള്ളയുടെ 'സ്വാതിതിരുനാൾ', എൻ.കെ. ആചാരിയുടെ 'ഇളയിടത്തുറാണി', ഡോ. എസ്. കെ. നായരുടെ സെബുന്നീസ്', അപ്പൻ തമ്പുരാന്റെ 'മുന്നാട്ടുവീരൻ', കപ്പന കൃഷ്ണമേനോന്റെ 'പഴശ്ശിരാജാ', 'ചേരമാൻ പെരുമാൾ' എന്നീ കൃതികൾ ഈ ശാഖയിൽ പ്രധാനമാണ്.

പുരാണകഥകളെ ആധുനിക പശ്ചാത്തലത്തിൽ പുതിയ വ്യാഖ്യാനങ്ങൾ നൽകി അവതരിപ്പിക്കുവാനും ശ്രമങ്ങൾ നടന്നിട്ടുണ്ട്. ഇതിൽ ശ്രദ്ധേയങ്ങളായ കൃതികളാണ് കെ. രാമകൃഷ്ണപിള്ളയുടെ 'രാവണൻ', തിക്കോടിയന്റെ 'പുഷ്പവൃഷ്ടി', കൈനിക്കര കുമാരപിള്ളയുടെ 'മോഹവും മുക്തിയും', 'ഹരിശ്ചന്ദ്രൻ', ഉള്ളൂരിന്റെ 'അംബ', വി. കൃഷ്ണൻ തമ്പിയുടെ 'ഊർമിള', കെ.എം. പണിക്കരുടെ 'മൺഡോദരി', സി.എൻ. ശ്രീകണ്ഠൻ നായരുടെ 'കാഞ്ചനസീത' എന്നിവ.

ഭാരതത്തിൽ

വേദോപനിഷത്തുകളുടെ കാലംമുതൽക്കുതന്നെ ഭാരതത്തിൽ നാടക രൂപങ്ങൾ നിലവിലുണ്ടായിരുന്നു. രാമായണം, മഹാഭാരതം എന്നീ ഇതിഹാസ കാലങ്ങൾ നാടകീയ സ്വഭാവമുള്ള മുഹൂർത്തങ്ങളുംകൊണ്ട് സമ്പന്നമാണ്. ഭരതമുനിയുടെ നാട്യശാസ്ത്രത്തിൽ നാടകകലയെക്കുറിച്ച് സൂക്ഷ്മമായി പ്രതിപാദിക്കുന്നുണ്ട്. ഗ്രാമ്യ നാടകങ്ങൾ കണ്ടിട്ടാണ് താൻ നാടകകലയ്ക്ക് അടുക്കും ചിട്ടയും വരുത്താൻ ശ്രമിക്കുന്നതെന്ന് ഭരതമുനി നാട്യശാസ്ത്രത്തിൽ പറയുന്നുണ്ട്.

സാമൂഹിക-രാഷ്ട്രീയ നാടകങ്ങൾ

വി.ടി.യുടെ കാലത്തോടെയാണ് മല യാളത്തിൽ സാമൂഹിക രാഷ്ട്രീയ നാടകങ്ങൾക്ക് തുടക്കം കുറിച്ചത്. വി.ടി. 1929ൽ എഴുതിയ നാടകമാണ് 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്'. തുടർന്ന് എം.ആർ. ഭട്ടതിരിപ്പാട്, 'മറക്കുടയ്ക്കുള്ളിലെ മഹാനരകം' എന്ന നാടകമെഴുതി. എം.പി. ഭട്ടതിരിപ്പാട് (പ്രേംജി) 'ഋതുമതി' എന്ന നാടകവും. നമ്പൂതിരി സമുദായത്തെ പരിഷ്കരിക്കുക എന്ന ഉദ്ദേശ്യത്തോടെ രചിക്ക പ്പെട്ട ഈ നാടകങ്ങൾ കേരള സമൂഹത്തെയാകെ സ്വാധീനിച്ചു.

മലയാളത്തിലെ ആദ്യത്തെ രാഷ്ട്രീയ നാടകമായി എണ്ണപ്പെടുന്ന കൃതി കെ. ദാമോദരന്റെ 'പാട്ടബാക്കി' (1937) ആണ്. കേശവദേവിന്റെ'മുന്നോട്ട്', ' മദ്യപാനി', തകഴിയുടെ 'തോറ്റില്ല', പൊൻകുന്നം വർക്കിയുടെ 'ജേതാക്കൾ', 'വഴി തുറന്നു', തോപ്പിൽ ഭാസിയുടെ 'സർവേക്കല്ല്, 'വിശക്കുന്ന കരിങ്കാലി', 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി', മുടിയനായ പുത്രൻ', 'മൂലധനം', ചെറുകാടിന്റെ 'നമ്മളൊന്ന്, സി.ജെ. തോമസിന്റെ 'വിഷവൃക്ഷം' എന്നിവയും പ്രധാന രാഷ്ട്രീയനാടകങ്ങളാണ്.

1930കളിലാണ് ആധുനിക യൂറോപ്യൻ നാടകത്തിന്റെ പിറവി മലയാളത്തിലുണ്ടാകുന്നത്. നോർവീജിയൻ നാടകകൃത്തായ ഇബ്സന്റെ 'ഗോസ്റ്റ്' എന്ന നാടകം 'പ്രേതങ്ങൾ' എന്നപേരിൽ എ. ബാലകൃഷ്ണപിള്ളയും എ.കെ. ഗോപാലപിള്ളയും ചേർന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്തു.

മലയാളത്തിൽ

വിദേശീയമായ ഇതിവൃത്തങ്ങൾ മലയാള ഭാഷയിലൂടെ ആവിഷ്ക്കരിച്ച 'ജനോവ', 'കാറൽമാൻ ചരിതം' എന്നിവയിലൂടെയാണ് നാടകമെന്ന ആധുനിക കലാരൂപവുമായി കേരളീയർ ആദ്യമായി പരിചയപ്പെട്ടത്. പിന്നീട് ക്രൈസ്തവ സ്വാധീനമുള്ള ചവിട്ടു നാടകങ്ങൾ കേരളത്തിൽ പ്രചരിച്ചു. ഷേക്സ്പിയറുടെ 'കോമഡി ഒഫ് എറേഴ്സിന്റെ' വിവർത്തനമായി 'ആൾമാറാട്ടം' എന്ന പേരിൽ 1866-ൽ കല്ലൂർ ഉമ്മൻ പീലിപ്പോസ് പ്രസിദ്ധപ്പെടുത്തിയ നാടകമാണ് മലയാളത്തിലെ ആദ്യനാടകം. കേരളത്തിലെ ആദ്യത്തെ പ്രൊഫഷണൽ നാടകസംഘം തിരുവട്ടാർ നാരായണപിള്ളയുടെ 'മനോമോഹനം' എന്ന നാടകക്കമ്പനിയാണ്. അവരുടെ ആദ്യനാടകം കേരളവർമ്മ വലിയകോയിത്തമ്പുരാൻ രചിച്ച 'മണിപ്രവാള ശാകുന്തളം' ആണ്. ഇതേത്തുടർന്ന് അനേകം സംസ്കൃതനാടകങ്ങൾ മലയാളത്തിലേക്ക് തർജമ ചെയ്യപ്പെട്ടു.

തർജമകളെ തുടർന്ന് സ്വതന്ത്ര നാടകങ്ങളുണ്ടായി. പുരാണേതിഹാസങ്ങളിലെ കഥകൾ, കുറേ ശ്ലോകങ്ങൾ, സംഭാഷണങ്ങൾ എന്നിവ ചേർത്ത് അവതരിപ്പിച്ച ഈ നാടകങ്ങൾ രംഗപ്രയോഗ സൗകര്യത്തിന്റെ കാര്യത്തിലും ജീവിതവീക്ഷണ ചതുരതയിലും വളരെ പിന്നോക്കമായിരുന്നു.

സമകാലിക സാമൂഹിക സംഭവങ്ങളെ ആവിഷ്കരിക്കുന്ന ചില നാടകങ്ങളും ഇക്കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ട്. കൊടുങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാന്റെ'കല്യാണീനാടകം' (1892), കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ 'ചന്ദ്രിക' (1892), പി.കെ. കൊച്ചീപ്പൻ തരകന്റെ 'മറിയാമ്മ', കെ.സി. കേശവപിള്ളയുടെ 'ലക്ഷ്മീകല്യാണം' (1893) എന്നിവ ഇക്കൂട്ടത്തിൽ ഗണനീയങ്ങളാണ്. ഇക്കാലത്തുതന്നെ ഇവിടെ ചില ഷേക്സ്പിയർ നാടകങ്ങൾ തർജമ ചെയ്യപ്പെട്ടു. സംസ്കൃത നാടക തർജമകളെ പരിഹസിക്കുവാൻ 1893-ൽ മുൻഷി രാമക്കുറുപ്പ് എഴുതിയ നാടകമാണ് ചക്കീചങ്കരം.

ആദ്യ നാടകശാല

ആഥൻസിലെ അക്രോപൊലിസ് മലയോരത്തു സ്ഥാപിക്കപ്പെട്ട 'തിയേറ്റർ ഓഫ് ഡയണീഷ്യസ്' ആണ് ലോകത്തിലെ ആദ്യ നാടകശാല. ബി.സി. 330-ൽ ലിക്കുഗസ് ആണ് ഈ വേദി സ്ഥാപിച്ചത്. വൃത്താകൃതിയിലുള്ള ഈ രംഗവേദിയെ ഒർക്കസ്ട്ര എന്നായിരുന്നു വിളിച്ചിരുന്നത്. ഒരു താഴ്വരപ്രദേശത്ത് ഗാലറി രൂപത്തിൽ ഇരിപ്പിടങ്ങൾ തയാറാക്കി, അതിന്റെ മധ്യത്തിലായി രംഗവേദിയും നിർമ്മിച്ചു. 17,000-ത്തോളം പേർക്ക് ഇരിക്കാൻ ഈ ഗാലറിയിൽ സംവിധാനമുണ്ടായിരുന്നു. തുടർന്ന് ഡെൽഫി തിയേറ്റർ, എപ്പിഡോറസ് തിയേറ്റർ, ഡെല്ലോസ് തിയേറ്റർ തുടങ്ങി അനേകം നാടകശാലകൾ ഗ്രീസിന്റെ പല ഭാഗങ്ങളിലും ഉയർന്നുവന്നു.

തയ്യാറാക്കിയത്-**എൻ. അജിത് കുമാർ**

What are the price less values?

Why values are needed?

How can you acquire them?

Personal, universal and moral values acquired through religious experience, common sense, natural recognition of certain philosophical truths.

മെട്രോ വാർത്ത

ലോകാഃ സമസ്താഃ സുഖിനോ ഭവന്തു

1195 മീനം 10 റജബ് 27

2020 മാർച്ച് 23 തിങ്കൾ

ഒരു ദിവസത്തേക്കല്ല, കരുതൽ വരും ദിവസങ്ങളിലും വേണം

"ഏറ്റവും മോശപ്പെട്ടതു വരാനിരിക്കുന്നതേയുള്ളൂ." സ്പെയിനിൽ അനുനിമിഷം പടരുന്ന കൊറോണ വൈറസ് ഭീഷണി ചെറുക്കാൻ രാജ്യത്തു സമ്പൂർണ നിരോധനം പതിനഞ്ചു ദിവസത്തേക്കു കൂടി നീട്ടിക്കൊണ്ട് അവിടുത്തെ പ്രധാനമന്ത്രി പെഡ്രോ സാഞ്ചസിന്റെ പ്രസ്താവനയാണിത്. ഈ പ്രസ്താവനയുടെ ആഴം സ്പെയിനിൽ മാത്രം ഒതുങ്ങുന്നില്ല. ഇതിനകം 28,572 പേർക്കു കൊവിഡ് 19 വൈറസ് സ്ഥിരീകരിക്കുകയും 1720 പേർ മരിക്കുകയും ചെയ്ത സ്പെയിനിലാണ് ഇന്നലെ ഏറ്റവും കൂടുതൽ ആളുകൾ ഈ വൈറസ് ബാധ മൂലം മരണത്തിനു കീഴടങ്ങിയത്-400 പേർ. ചൈന, ഇറ്റലി, ഇറാൻ, സ്പെയ്ൻ തുടങ്ങി കൊറോണ ബാധ അതിരൂക്ഷമായ രാജ്യങ്ങളിൽ തുടക്കത്തിൽ കണ്ട രോഗവ്യാപന രീതിയാണ് ഇപ്പോൾ ഇന്ത്യയിൽ കാണുന്നതെന്ന ആരോഗ്യവിദഗ്ധരുടെ മുന്നറിയിപ്പ് നമ്മെ ഭയപ്പെടുത്തുകയല്ല, നാം ഓരോരുത്തരുടെയും കണ്ണു തുറപ്പിക്കുക തന്നെ വേണം.

ഇന്ത്യയിലെ 132 കോടി ജനങ്ങളും ഈ ഉത്തരവാദിത്വത്തെക്കുറിച്ചു ബോധവാന്മാരാണെന്നാണു പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്ത ദേശീയ കർഫ്യൂവിനു ലഭിച്ച തകർപ്പൻ പിന്തുണ കാണിക്കുന്നത്. പരപ്രേരണയോ നിർബന്ധമോ ഇല്ലാതെ മുഴുവൻ ജനങ്ങളെയും ബ്രേക്ക് ദ ചെയിൻ ക്യാംപെയ്നിൽ പങ്കെടുപ്പിക്കാൻ കഴിഞ്ഞതു വലിയ നേട്ടമായി.

കേരളമടക്കം ആറു സംസ്ഥാനങ്ങളിലെ 75 ജില്ലകൾ പൂർണമായി അടച്ചിട്ടുകൊണ്ട് കൊവിഡ് 19 പ്രതിരോധം കൂടുതൽ കർക്കശമാക്കാനാണ് കേന്ദ്ര സർക്കാർ വിഡിയോ കോൺഫറൻസ് വഴി വിളിച്ചുകൂട്ടിയ ഉന്നതതല യോഗം നിർദേശിക്കുന്നത്. കൂടാതെ രാജ്യവ്യാപകമായി മുഴുവൻ ട്രെയ്ൻ സർവീസുകളും മെട്രോ റെയ്ല്, അന്തർസംസ്ഥാന ബസ് സർവീസുകൾ എന്നിവയടക്കമുള്ള പൊതു ഗതാഗത സംവിധാനങ്ങളും മാർച്ച് 31 വരെ നിർത്തിവയ്ക്കാനും ഉന്നതതല യോഗത്തിൽ തീരുമാനമായി. പൂർണമായി അടച്ചിടുന്ന ജില്ലകളിൽ അത്യാവശ്യ സേവനങ്ങളല്ലാതെ മറ്റു സർക്കാർ വകുപ്പുകളൊന്നും പ്രവർത്തിക്കില്ല. ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന കടകൾ, ഹോട്ടലുകൾ, റസ്റ്ററന്റുകൾ, മെഡിക്കൽ ഷോപ്പുകൾ, ആശുപത്രികൾ, പെട്രോൾ പമ്പുകൾ, പൊലീസ് സ്റ്റേഷനുകൾ തുടങ്ങിയവ പ്രവർത്തിക്കും. എന്നാൽ ഈ സ്ഥാപനങ്ങളും നിരീക്ഷണത്തിലായിരിക്കും. ഇങ്ങനെ ജില്ലകൾ അടയ്ക്കുന്നതു സംബന്ധിച്ച് അന്തിമ തീരുമാനം സംസ്ഥാന സർക്കാരുകളാണ് എടുക്കേണ്ടത്. അതെന്തായാലും നടപടികൾ കടുപ്പിക്കാതെ രക്ഷയില്ല എന്നതാണ് രാജ്യത്തു പൊതുവേ ഉയരുന്ന ചിത്രം.

വിദേശത്തു നിന്നെത്തിയ ആൾ രോഗവിവരം മറച്ചുവച്ച് അലക്ഷ്യമായി സഞ്ചരിച്ച കാസർഗോഡ് ജില്ലയിൽ ഇന്നലെ അഞ്ചു പേർക്കു കൂടി രോഗം സ്ഥിരീകരിച്ചു. ഇതോടെ ഇന്നലെ മാത്രം കേരളത്തിൽ 15 പേർക്കു പുതുതായി രോഗം സ്ഥിരീകരിച്ചിരിക്കുകയാണ്. ഇതൊരു വലിയ സംഖ്യയാണ്.

കൊറോണ രോഗം ചികിത്സിക്കുക എളുപ്പമല്ല. അതിനുള്ള വാക്സിനും ലഭ്യമല്ല. എയ്ഡ്സ് അടക്കം മറ്റു മാരക വൈറൽ രോഗങ്ങൾക്കുള്ള വാക്സിനുകളിൽ ചില മാറ്റങ്ങൾ വരുത്തിയാണു കൊറോണയ്ക്കെതിരേ പ്രയോഗിക്കുന്നത്. മനുഷ്യരിൽ നിന്നു മാത്രമേ ഇതുവരെ രോഗം പടരുന്നതായി കണ്ടിട്ടുള്ളൂ. അതുകൊണ്ടാണ് സോഷ്യൽ ഡിസ്റ്റൻസിങ് എന്ന സുരക്ഷിത അകലം പാലിക്കലിലൂടെ രോഗത്തെ തടയാൻ ശ്രമിക്കുന്നത്. പരമാവധി ജനസമ്പർക്കം ഒഴിവാക്കുക മാത്രമാണ് പോംവഴി. ഇന്നലെ ഒരു ദിവസത്തേക്കാണ് ദേശീയ കർഫ്യൂ ഏർപ്പെടുത്തിയത്. ഈ മാസം 31 വരെ രോഗവ്യാപനത്തിനുള്ള സാധ്യത വളരെ അധികമായതിനാൽ അത്രയും ദിവസത്തേക്കെങ്കിലും അതിശക്തമായ മുൻകരുതലുകൾ സ്വീകരിച്ചേ മതിയാകൂ.

പൂർണമായ ലോക്ഡൗൺ കൊണ്ടു മാത്രം കൊവിഡ് 19 വൈറസുകളെ അകറ്റിനിർത്താനാവില്ല. വൈറസിന്റെ സാന്നിധ്യം സ്ഥിരീകരിച്ച മുഴുവൻ ആളുകളും സ്വയം ക്വാറന്റൈൻ ചെയ്ത് മറ്റുള്ളവരിൽ നിന്ന് അകലം പാലിക്കണം. ലോകത്താകെ കൊവിഡ് ബാധിച്ചവരുടെ എണ്ണം മൂന്നു ലക്ഷത്തിലധികമായി. എണ്ണം ഇനിയും കൂടാം.

ചരിത്രത്തിൽ ഇന്നോളമില്ലാത്തത്ര വേഗത്തിലും വിസ്തൃതിയിലുമാണു കൊറോണ വൈറസ് വ്യാപിക്കുന്നത്. ഏറ്റവും കൂടുതൽ മരണസംഖ്യ രേഖപ്പെടുത്തിയ ഇറ്റലിയിൽ നാലു ദിവസത്തിനുള്ളിൽ രോഗികളുടെ എണ്ണം ഇരട്ടി കവിഞ്ഞു. കൊവിഡ് 19 വൈറസുകൾ ചൈനയിലെ വുഹാനിൽ പ്രത്യക്ഷപ്പെട്ടിട്ട് മൂന്നു മാസം തികഞ്ഞിട്ടില്ല. ഇതിനകം 188 രാജ്യങ്ങളിൽ അതു പടർന്നു കഴിഞ്ഞു. മരണ സംഖ്യ 13,500ഉം കവിഞ്ഞു കുതിക്കുന്നു. ഇത്രയും ചുരുങ്ങിയ സമയം കൊണ്ട്, ഇത്രയും കൂടുതൽ രാജ്യങ്ങളിൽ ഇത്രയും അധികം പേരെ കൊന്നൊടുക്കിയ വേറൊരു പകർച്ചവ്യാധിയുമില്ല. ഭൂമിയുടെ ഉത്തരാർധ ഗോളത്തിന്റെ എൺപതു ശതമാനം ജനവാസ കേന്ദ്രങ്ങളെയും ഈ രോഗം കീഴടക്കി. ഈ ഭീകരാവസ്ഥയാണു സ്പാനിഷ് പ്രധാനമന്ത്രിയുടെ വാക്കുകളിൽ പ്രതിധ്വനിച്ചത്.

ഇന്ത്യക്കു പൊതുവിലും കേരളത്തിനു പ്രത്യേകിച്ചും അതു ബാധകം തന്നെ. കൊവിഡിനെതിരേ കാണിക്കുന്ന ചെറിയ ഉദാസീനതയ്ക്കു പോലും വലിയ വില നൽകേണ്ടി വരും. അതുകൊണ്ടു തന്നെ ആരോഗ്യ വകുപ്പ് അധികൃതരുടെ നിർദേശങ്ങൾ കർശനമായി പാലിച്ചും സർക്കാർ നടപടികളുമായി പൂർണമായി സഹകരിച്ചും വരുംദിവസങ്ങളിലും നമുക്ക് കൊറോണ വിരുദ്ധ പോരാട്ടം ശക്തമാക്കാം.

മെട്രോ മെയിൽ

ബിഗസ്റ്റ് സല്യൂട്ട്, എക്സൈസ്

സാനിറ്റൈസർ നിർമാണത്തിന് സർക്കാരിനു സഹായവുമായി എത്തിയ എക്സൈസ് വകുപ്പ് അധികൃതർക്ക് അഭിനന്ദനം. കൊവിഡ് പ്രതിരോധത്തിന് മുഖ്യ ഉപാധിയായ സാനിറ്റൈസർ നിർമിക്കാൻ എക്സൈസ് വകുപ്പ് 5000 ലിറ്റർ സ്പിരിറ്റാണ് സർക്കാരിന് കൈമാറിയതെന്ന് പത്രങ്ങളിൽ നിന്ന് അറിഞ്ഞു. തൊണ്ടി മുതലായവ മുതൽ സർക്കാർ നിയന്ത്രണത്തിലുള്ള ഡിസ്റ്റിലറിയിൽനിന്നുള്ള സ്പിരിറ്റു വരെയാണ് എക്സൈസ് വകുപ്പ് ലഭ്യമാക്കുന്നത്. ഏറ്റവും ഉചിതവും മികച്ചതുമായ തീരുമാനമാണിത്.

വെറുതെ സ്റ്റേഷൻ മുറ്റത്തു കിടന്ന സ്പിരിറ്റ് ശേഖരം ജനത്തിനു ഗുണമായി. അതുപോലെ പൊലീസുകാർക്കും ഒരു കാര്യം ചെയ്യാം. തങ്ങളുടെ സ്റ്റേഷനുകളിൽ കൂടിക്കിടക്കുന്ന വണ്ടികൾ ആക്രിവിലയ്ക്ക് വിറ്റ് ആ പണം ആരോഗ്യ വകുപ്പിനു കൈമാറണം. കോടികളുടെ ആക്രിയാണ് കേരളം ഒട്ടാകെ ഉള്ളത്. ഒന്ന് മനസിരുത്തിയാൽ പൊലീസിനും ഈ മഹാമാരിയുടെ കാലത്ത് ആരോഗ്യ വകുപ്പിനെ സഹായിക്കാം.

എൻ. പ്രസാദ്, പൊക്കത്തിൽ, ആലപ്പുഴ.

കേരളം സൂപ്പർ, പിണറായിയാണു താരം

ഫിംഗർ പ്രിന്റ്

സി.പി. രാജശേഖരൻ

കൊവിഡ് വൈറസ് പ്രതിരോധത്തിൽ കേരളം ഇന്ത്യയ്ക്കു മൊത്തത്തിൽ മാതൃകയാവുകയാണ്. രാജ്യത്ത് ആദ്യമായി കൊറോണ രോഗം റിപ്പോർട്ട് ചെയ്തതു മുതൽ സംസ്ഥാനം സ്വീകരിച്ച പ്രതിരോധ- നിയന്ത്രണ നടപടികൾ ദേശീയ തലത്തിൽ വലിയ കൈയടി നേടി. കൊവിഡ് പ്രതിരോധത്തിൽ മാത്രമല്ല, ഇതുമൂലമുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനു സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പാക്കെജുകളുടെ പേരിൽ മുഖ്യമന്ത്രി പിണറായി വിജയനും താരമായി. മുൻകേന്ദ്ര ധനമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ പളനിയപ്പൻ ചിദംബരം മുഖ്യമന്ത്രി പിണറായി വിജയനെ പ്രകീർത്തിച്ചിട്ട ടിറ്റർ പോസ്റ്റ് ഇതിനകം ദേശീയ ശ്രദ്ധ പിടിച്ചു പറ്റുകയും ചെയ്തു. കൊവിഡ് പ്രതിരോധവും പുനരധിവാസവും കേന്ദ്ര സർക്കാരും കേരള സർക്കാരും കൈകാര്യം ചെയ്ത രീതിയെയാണു ചിദംബരം താരതമ്യം ചെയ്തിരിക്കുന്നത്.

കൊവിഡ് പ്രതിരോധിക്കാൻ പിണറായി വിജയൻ ചെയ്ത കാര്യങ്ങൾ ചിദംബരം അക്കമിട്ടു പറയുന്നതിങ്ങനെ.

1. എപിഎൽ, ബിപിഎൽ ഭേദമില്ലാതെ എല്ലാവർക്കും ഒരു മാസത്തെ സൗജന്യ റേഷൻ അനുവദിച്ചു.

2. കൊറോണ പടരുന്ന സാഹചര്യത്തിൽ സാമ്പത്തിക മാന്ദ്യം മറികടക്കാൻ 20,000 കോടി രൂപയുടെ പുനരധിവാസ വായ്പാ പദ്ധതികൾ പ്രഖ്യാപിച്ചു.

3. പ്രതിരോധത്തിനും ക്വാറന്റൈനും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി.

ഇനി ഇതേ കാര്യത്തിനു പ്രധാനമന്ത്രി നരേന്ദ്ര മോദി നടപ്പാക്കിയ കാര്യങ്ങൾ ചിദംബരം പറയുന്നതിങ്ങനെ.

1. 14 മണിക്കൂർ നാഷണൽ കർഫ്യൂ പ്രഖ്യാപിച്ചു.

2. അഞ്ചു മിനിറ്റ് പുരപ്പുറത്തു കയറിനിന്നു കൈയടിക്കാൻ നമ്മളോടു പറഞ്ഞു.

ചിദംബരം കോൺഗ്രസ് നേതാവാണ്. എന്നുവച്ചാൽ നരേന്ദ്ര മോദിയുടെയും അദ്ദേഹത്തിന്റെ സർക്കാരിന്റെയും ബദ്ധവൈരി. തന്നെയുമല്ല, മൂന്നു മാസത്തിലധികം കാലം തന്നെ പിടിച്ചു ജിയിലിലിടുകയും ചെയ്തു കേന്ദ്ര സർക്കാർ. അതുകൊണ്ട് മോദിയെ സ്തുതിക്കേണ്ട കാര്യം അദ്ദേഹത്തിനില്ല. എന്നാൽ, കോൺഗ്രസിനും ചിദംബരത്തിനും സിപിഎമ്മിനോട് വലിയ എതിർപ്പില്ല. 2004ൽ സിപിഎമ്മുമായി സഹകരിച്ചാണു ഡോ. മൻമോഹൻ സിങ് പ്രധാനമന്ത്രിയായതും അതേ മന്ത്രിസഭയിൽ ചിദംബരം ആഭ്യന്തര മന്ത്രിയായതും. രാജസ്ഥാൻ ഭരിക്കുന്ന കോൺഗ്രസ് മന്ത്രിസഭയ്ക്ക് ഇപ്പോഴും മൂന്ന് സിപിഎം എംഎൽഎമാരുടെ പിന്തുണയുമുണ്ട്. പഞ്ചാബിൽ ഒരാളുടെയും.

എന്നാൽ, അതുകൊണ്ട് ചിദംബരത്തിന്റെ പിണറായി സ്തുതിയെ വെറും രാഷ്ട്രീയമായി കാണേണ്ടതില്ല. കൊറോണ വിരുദ്ധ പോരാട്ടത്തിൽ മറ്റെല്ലാ സംസ്ഥാനങ്ങളെയും പിന്നിലാക്കുന്ന വലിയ കരുതലാണു കേരള സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. അല്ലായിരുന്നെങ്കിൽ ഇത്രയധികം ജനസാന്ദ്രതയുള്ള, ഏറ്റവും കൂടുതൽ പ്രവാസികളുള്ള, പ്രതിശീർഷ പൊതുഗതാഗത സംവിധാനം ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ജനങ്ങളുള്ള ഒരു സംസ്ഥാനത്തു കാര്യങ്ങൾ കൈവിട്ടു പോകേണ്ടതായിരുന്നു. എന്നാൽ, ഇവിടെ രോഗവ്യാപനത്തിന്റെ തോത് കുറവാണ്. മരണം റിപ്പോർട്ട് ചെയ്തിട്ടില്ല.

രണ്ടും വളരെ ആശ്വാസകരമെന്നു പറയുമ്പോഴും ഏതാനും ചിലരുടെ അശ്രദ്ധയും അജ്ഞതയുമാണ് കേരളത്തിൽ ഇത്രയെങ്കിലും കൊറോണ സാന്നിധ്യം രേഖപ്പെടുത്താൻ കാരണം. ഒന്നാം ഘട്ടത്തിൽത്തന്നെ കൊവിഡ് വൈറസിനെ ഫലപ്രദമായി ചെറുത്തു നിർത്താൻ കേരളത്തിനു കഴിഞ്ഞിരുന്നു. അപ്പോഴാണ് രോഗം ഏറെ ഗുരുതരമായി പടരുന്ന ഇറ്റലിയിൽ നിന്ന് മൂന്നു പേർ പത്തനംതിട്ട ജില്ലയിലെ റാന്നിയിലെത്തിയതും ക്വാറന്റൈൻ ചെയ്യാതെ നാട്ടിൽ കറങ്ങിനടന്നതും രണ്ടായിരത്തോളം പേരെ നിരീക്ഷണ പരിധിയിലെത്തിച്ചതും.

അതിന്റെ കെടുതികളിൽ നിന്നു കഷ്ടിച്ചു മുക്തി നേടിയപ്പോഴേക്കും ദുബായിയിൽ നിന്നൊരാൾ കരിപ്പൂർ വിമാനത്താവളത്തിലിറങ്ങി, ഓട്ടോറിക്ഷകളിലും ട്രെയ്നിന്റെ ജനറൽ കംപാർട്ട്മെന്റിലും ഹോട്ടലിലും പള്ളിയിലും ഓഡിറ്റോറിയങ്ങളിലും ക്ലബിലും ബന്ധുവീടുകളിലുമൊക്കെ യഥേഷ്ടം കറങ്ങി നടന്നു രോഗം പരത്തി. മൂവായിരത്തിലധികം പേരാണ് ഇയാളുമായി നേരിട്ടു ബന്ധപ്പെട്ടത്. സർക്കാർ നിർദേശങ്ങൾ പാലിക്കാത്തതിന്റെ പേരിൽ ഇയാൾക്കെതിരേ പൊലീസ് കേസ് രജിസ്റ്റർ ചെയ്തിരിക്കുകയാണ്; കടുപ്പമുള്ള വകുപ്പുകൾ ചുമത്തി.

ലോകത്ത് 140 രാജ്യങ്ങളിൽ കൊറോണ രോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഏറ്റവും കൂടുതൽ ആളുകൾ മരിച്ചത് ഇറ്റലിയിലും ചൈനയിലും. ഇറ്റലിയിൽ ഇപ്പോഴും രോഗം നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ല. അവിടെ സോഷ്യൽ ഐസൊലേഷൻ പരാജയപ്പെട്ടതാണു കാരണമെന്നാണ് ഒരു നിഗമനം. എന്നാൽ റഷ്യ, ദക്ഷിണ കൊറിയ തുടങ്ങിയ രാജ്യങ്ങൾ സോഷ്യൽ ഐസൊലേഷൻ ഫലപ്രദമായി നടപ്പാക്കി. "ഒന്നുകിൽ 14 ദിവസം വീടിനുള്ളിൽ കഴിയുക. അല്ലെങ്കിൽ അഞ്ചു വർഷം ജയിലിൽ കിടക്കാൻ തയാറാകുക." റഷ്യയിൽ പ്രസിഡന്റ് വ്ലാദിമിർ പുടിന്റെ ഫോർമുല ഇതായിരുന്നു.

ദക്ഷിണ കൊറിയയിലും ഇതു തന്നെ നടപ്പാക്കി. പകർച്ച വ്യാധികൾക്കെതിരേ യുഎസിലെ സെന്റർ ഫോർ ഡിസീസ് ആൻഡ് പ്രിവൻഷൻ (സിഡിസി) നടപ്പാക്കിയ ഫ്ലാറ്റനിങ് ദി കർവ് എന്ന ശാസ്ത്രീയമായ വേർതിരിവാണ് അവിടെയെല്ലാം നടപ്പാക്കിയത്. ഇതേ മാർഗമാണു ചൈനയിലും പരീക്ഷിക്കുന്നത്. ചൈനയിൽ രോഗവ്യാപനം വളരെക്കൂടുതൽ നിയന്ത്രിക്കാനായി. സർക്കാർ നിർദേശങ്ങൾ കർക്കശമാക്കുകയും നടപ്പാക്കിയില്ലെങ്കിൽ തടവിലാക്കുകയും ചെയ്യുകയാണ് അവിടെ ഫലപ്രദമായി നടപ്പാക്കിയത്. ഇവിടെ പിണറായി പരീക്ഷിക്കുന്നതും ഏതാണ്ട് അതേ നയം തന്നെ.

സർക്കാർ നിർദേശങ്ങൾ പാലിക്കാത്തവർക്ക് രണ്ടു വർഷം വരെ തടവു ശിക്ഷ ലഭിക്കാവുന്ന വകുപ്പുകളുണ്ട്. ഇതുവരെ താൻ അഭ്യർഥിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. അനുസരിക്കാത്തവർക്കെതിരേ ഇനി നിയമ നടപടി ഉറപ്പെന്നു മുന്നറിയിപ്പു നൽകിക്കഴിഞ്ഞു, മുഖ്യമന്ത്രി.

കൊറോണ വിരുദ്ധ പോരാട്ടത്തിൽ മറ്റെല്ലാ സംസ്ഥാനങ്ങളെയും പിന്നിലാക്കുന്ന വലിയ കരുതലാണു കേരള സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. അല്ലായിരുന്നെങ്കിൽ ഇത്രയധികം ജനസാന്ദ്രതയുള്ള, ഏറ്റവും കൂടുതൽ പ്രവാസികളുള്ള, പ്രതിശീർഷ പൊതുഗതാഗത സംവിധാനം ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ജനങ്ങളുള്ള ഒരു സംസ്ഥാനത്തു കാര്യങ്ങൾ കൈവിട്ടു പോകേണ്ടതായിരുന്നു.

മനുഷ്യരിൽ നിന്നു മാത്രമേ കൊറോണ വൈറസ് മനുഷ്യരിലേക്കു പടരുകയുള്ളൂ. ശ്വാസകോശങ്ങളെയാണു കൊവിഡ് 19 വൈറസുകൾ ആദ്യം കീഴ്പ്പെടുത്തുക. മെഡിക്കൽ സയൻസ് അവസാനമായി കണ്ടെത്തിയ ഈ വൈറസിനെ കീഴ്പ്പെടുത്താനുള്ള ഒരു വാക്സിനും ഇതുവരെ വികസിപ്പിച്ചിട്ടില്ല. എയ്ഡ്സ് രോഗികൾക്കു നൽകുന്നതടക്കമുള്ള ആന്റി വൈറസുകളുടെ പരിഷ്കരിച്ച പതിപ്പാണ് കൊറോണ രോഗികളിൽ പരീക്ഷിക്കുന്നത്. രോഗം കലശലായാൽ വെന്റിലേറ്ററുകളുടെ സഹായത്തോടെ മാത്രമേ ജീവൻ നിലനിർത്താനാവൂ. അതിന് ഐസിയു അടക്കമുള്ള സൗകര്യങ്ങൾ വേണം. ഇന്ത്യയിലൊട്ടാകെ എഴുപതിനായിരത്തോളം ഐസിയുകൾ മാത്രമേയുള്ളൂ. കൊറോണ പെട്ടെന്നങ്ങു പൊട്ടിപ്പുറപ്പെട്ടാൽ ഇവയെല്ലാം ഞൊടിയിടയിൽ നിറയും. നിലവിൽ വെന്റിലേറ്ററുകൾ ഉപയോഗിക്കുന്ന രോഗികളും കഷ്ടത്തിലാകും.

കേരളത്തിന്റെ കാര്യം അതിലും കഷ്ടമാണ്. 37,600ൽപ്പരം കിടക്കകളാണ് കേരളത്തിലെ ആശുപത്രികളിലുള്ളത്. അതെല്ലാം ഇപ്പോൾത്തന്നെ മറ്റ് രോഗികളെക്കൊണ്ടു നിറഞ്ഞ അവസ്ഥയിലും. സംസ്ഥാനം പുലർത്തുന്ന വലിയ ജാഗ്രത മൂലമാണ് കൊവിഡ് ബാധിതരുടെ സംഖ്യ ഇത്രയും കുറച്ചു നിർത്തുന്നത്. ഇനി അഥവാ സോഷ്യൽ സ്പ്രെഡിങ് ഭയക്കേണ്ട സാഹചര്യമുണ്ടായാലും സംസ്ഥാനത്ത് പതിനായിരത്തോളം ഐസൊലേഷൻ ബെഡുകൾ സജ്ജമാക്കിയിട്ടുണ്ട്, സർക്കാർ.

ഏതായാലും 2018ലെ പ്രളയത്തെ അതിജീവിച്ചതിനെക്കാൾ കരുതലോടെയാണു കേരളീയ ജനസമൂഹം കൊറോണയെ ചെറുക്കാൻ ഒരുമിച്ചു നിൽക്കുന്നത്. ഒറ്റപ്പെട്ട ചിലർ മാത്രമേ അതിൽ നിന്നു വഴുതിനിൽക്കുന്നുള്ളൂ. അവരെ നിയമപരമായി നേരിടാനുള്ള സർക്കാർ നീക്കത്തിനും നമ്മൾ ഒറ്റക്കെട്ടാണ്. സാമൂഹ്യ പ്രതിബദ്ധത വളരെക്കൂടുതൽ പ്രകടമാകേണ്ട അവസരമാണിത്. കേന്ദ്ര സർക്കാരുമായി പരമാവധി സഹകരിച്ച്, കേരളത്തിലെ പ്രതിപക്ഷങ്ങളുടെ കൂടി സഹകരണം ഉറപ്പാക്കി, കൊറോണ വിരുദ്ധ ജനകീയ പോരാട്ടം ശക്തമാക്കിയ കേരളമാണു സൂപ്പർ. അതിനു നേതൃത്വം നൽകുന്ന മുഖ്യമന്ത്രി പിണറായി വിജയനാണു താരം.

കൊവിഡ് 19 പ്രതിരോധം എങ്ങനെ

ഡോ. ഷർമദ് ഖാൻ
(സീനിയർ മെഡിക്കൽ ഓഫിസർ ഗവ. ആയുർവേദ ഡിസ്പെൻസറി, ചേരമാൻ തുരുത്ത്)

ചില കാര്യങ്ങൾ ശ്രദ്ധിച്ചാൽ കൊവിഡ് 19നെ ഫലപ്രദമായി തടയാം

കുറഞ്ഞത് ഒരു മീറ്ററെങ്കിലും മറ്റൊരാളുമായി അകലം പാലിച്ചാൽ അയാൾ തുമ്മുകയോ തുപ്പുകയോ ചുമയ്ക്കുകയോ ചെയ്യുമ്പോൾ ഉണ്ടാകാവുന്ന ഡ്രോപ്‌ലെറ്റ് ഇൻഫെക്ഷൻ തടയാം. രോഗിയായ ഒരാൾ തുമ്മുകയോ ചുമയ്ക്കുകയോ ചെയ്യുമ്പോൾ തെറിക്കുന്ന തുപ്പൽ കണങ്ങളാണു രോഗം പരത്തുന്നത്. മതിയായ മുൻകരുതൽ ഇല്ലാതെ തുമ്മുമ്പോൾ വലിയ തുപ്പൽ കണികകൾ ഒന്നര മീറ്റർ വരെയും ചെറിയവ അതിലും കൂടുതൽ അകലത്തിലും പരക്കാവുന്നതാണ്.

ഹസ്തദാനം വഴി മറ്റൊരാളെയോ സ്വന്തം കൈകൊണ്ടായാൽ പോലും മുഖത്തോ സ്പർശിക്കരുത്. പല പ്രതലങ്ങളിൽ തൊട്ട കൈകളിൽനിന്നും രോഗം പകരുവാൻ അത് ഇടയാക്കും. കൊറോണ വൈറസ് മൂന്നു ദിവസത്തിലധികം ജീവനോടെയിരിക്കുന്ന പ്രതലങ്ങളുമുണ്ട്. അവിടങ്ങളിൽ തൊടുന്നവർ ആ കൈകൾ കൊണ്ട് മൂക്കും കണ്ണും വായും സ്പർശിക്കുമ്പോൾ അണുക്കൾ സംക്രമിക്കുന്നു. തുറസായ സ്ഥലങ്ങളെക്കാൾ അടച്ചിട്ടതും ശീതീകരിച്ചതുമായ മുറികളിൽ വൈറസ് കൂടുതൽ സമയം നിലനിൽക്കും.

എത്ര ശ്രദ്ധിച്ചാലും പ്രതലങ്ങളിലും മുഖത്തും തൊടാനിടയുണ്ട് എന്നതിനാൽ ഇടയ്ക്കിടെ സോപ്പുപയോഗിച്ചു കൈകൾ കഴുകുക. യാത്രചെയ്തു വന്നാൽ സോപ്പ് തേച്ചു കുളിക്കുക. സോപ്പും വെള്ളവും ഉപയോഗിച്ചു കഴുകുന്നത് വൈറസ് നശിക്കാനിടയാക്കുന്നു. വൈറസിനെ നശിപ്പിക്കാൻ ഏറ്റവും ഉപകാരപ്രദമായ രീതിയാണ് ബ്രേക്ക് ദ ചെയിൻ എന്ന സർക്കാർ നിർദ്ദേശം.

കൊറോണയ്ക്ക് ഫലപ്രദമായ ചികിത്സ ഇനി കണ്ടുപിടിക്കാൻ ഇരിക്കുന്നതേയുള്ളൂ. രോഗ പ്രതിരോധ ശേഷിയുള്ള ഒരാൾക്ക് രോഗങ്ങൾ ഒഴിവാക്കുന്നതിനും രോഗ തീവ്രത കുറയ്ക്കുന്നതിനും സാധിക്കും. ആയതിനാൽ രോഗ പ്രതിരോധശേഷി വർധിപ്പിക്കുവാൻ ശ്രദ്ധിക്കുക. പത്തു വയസിന് താഴെയുള്ള കുട്ടികൾ, അറുപത് വയസിൽ കൂടുതൽ പ്രായമുള്ളവർ, കിഡ്നി രോഗമുള്ളവർ, ഡയാലിസിസ് ചെയ്യുന്നവർ, കീമോതെറാപ്പിക്ക് വിധേയരായവർ, ദീർഘനാളായി പ്രമേഹവും ഹൃദ്രോഗവുമുള്ളവർ, ശ്വാസം മുട്ടുള്ളവർ, ഗർഭിണികൾ, കിടപ്പു രോഗികൾ എന്നിവർ രോഗ പ്രതിരോധ ശേഷി കുറഞ്ഞവരാണ്. ഒരു രോഗവും ഇല്ലാത്തവർ അവരുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനു ശ്രദ്ധ നൽകണം.

പ്രതിരോധ ശേഷി കൂട്ടുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും വെള്ളം തിളപ്പിച്ചാറ്റി കുടിക്കുവാനുള്ള ഷഡംഗ ചൂർണം, പുകയ്ക്കുന്നതിന് അപരാജിത ധൂമ ചൂർണം, കഴിക്കുന്നതിന് ദ്രാക്ഷാദികഷായം, ഇന്ദുകാന്തം കഷായം, ഗുളൂച്യാദി കഷായം, ഗുളൂചീ ചൂർണം, സുദർശനം ഗുളിക, വില്വാദി ഗുളിക, ദൂഷീ വിഷാരി ഗുളിക എന്നിവ സൗജന്യമായി നൽകി വരുന്നു.



കൃത്യനിഷ്ട, ദിനചര്യ, കാലാവസ്ഥയ്ക്കനുസരിച്ച ചര്യകൾ എന്നിവ പാലിക്കണം.

എളുപ്പം ദഹിക്കുന്നതും ശുദ്ധവുമായ ഭക്ഷണം കഴിക്കണം. തണുത്തവ ഒഴിവാക്കണം.

ചെറിയ രോഗലക്ഷണങ്ങൾക്കു പോലും തുടക്കത്തിൽ തന്നെ ചികിത്സിക്കണം.

ഒന്നു ശ്രദ്ധിച്ചാൽ നമ്മൾ എത്ര പ്രാവശ്യമാണ് വായിലും കണ്ണിലും മൂക്കിലും സ്പർശിക്കുന്നതെന്ന് അത്ഭുതപ്പെട്ടുപോകും. അത്രയും തവണ പല പ്രതലത്തിലുമുള്ള വൈറസുകളെ സ്പർശിച്ച കൈകളിലൂടെ നമുക്ക് വൈറസ് ബാധ ലഭിക്കുവാൻ സാധ്യതയുണ്ടെന്ന കാര്യം മറക്കണ്ട. ആയതിനാൽ

തുമ്മുന്നതിനും ചീറ്റുന്നതിനും തുപ്പുന്നതിനും ചുമയ്ക്കുന്നതിനും ഒരു മര്യാദ കാണിക്കാൻ ശ്രദ്ധിച്ചേ മതിയാകൂ. തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും തൂവാല ഉപയോഗിച്ച് മുഖം കവർ ചെയ്യുന്നതാണ് ഏറ്റവും നല്ലത്.

വിദേശത്തുനിന്നു വന്നവർ നിർബന്ധമായും 14 ദിവസമെങ്കിലും വീട്ടിൽ തന്നെ വിശ്രമിക്കുക. പൊതുഇടങ്ങൾ സന്ദർശിക്കാൻ പാടില്ല. ആ വീട്ടിലുള്ള മറ്റുള്ളവരും പുറത്തിറങ്ങാതെ സാമൂഹ്യ പ്രതിബദ്ധത കാണിക്കുക.

നമ്മുടെ അശ്രദ്ധ കൊണ്ട് മറ്റുള്ളവർക്ക് അസുഖം വന്നാൽ അതു കറങ്ങിത്തിരിഞ്ഞ് നമുക്കും നമ്മുടെ വേണ്ടപ്പെട്ടവർക്കും തന്നെ കിട്ടുമെന്നോർക്കുക. വിവാഹം, മരണം, ഉത്സവം, നമസ്കാരം, പ്രാർഥന, കളികൾ തുടങ്ങി എന്തുതന്നെ ആയാലും

കൂട്ടം കൂടരുത് എന്ന നിർദേശം പാലിക്കുക തന്നെ വേണം.

കൊറോണയെക്കാൾ കേമന്മാരായ നിപ്പയും മറ്റും നമ്മൾ അതിജീവിച്ചു എന്നതു ശരി തന്നെ. എന്നാൽ അത് ഒരു രാജ്യത്തോ ഒരു പ്രദേശത്തോ മാത്രമായിരുന്നെങ്കിൽ കൊറോണ മിക്കവാറും എല്ലാ രാജ്യങ്ങളിലും ഏതാണ്ട് ഒരേ സമയം വ്യാപിക്കുന്നുണ്ട് എന്ന കാര്യം അറിയാമല്ലോ. ആയതിനാൽ കൊറോണയ്ക്കെതിരേയുള്ള പ്രതിരോധം ഓരോരുത്തരുടെയും പ്രധാന ഉത്തരവാദിത്തമായി മാറിയിരിക്കുന്നു.

മലയാളി പ്രണയിക്കണം, പശ്ചിമഘട്ട മലനിരകളെ

സിനി കൃഷ്ണ

ഇന്ന് ലോക കാലാവസ്ഥാ ദിനം

കാലാവസ്ഥാ വ്യതിയാനം ഭൂമിയിൽ സൃഷ്ടിക്കുന്ന ഗുരുതര പ്രതിസന്ധികളുടെ പശ്ചാത്തലത്തിലാണു പലപ്പോഴും ഈ ദിനം കടന്നു പോകുന്നത്. എന്നാൽ ഇത്തവണ മനുഷ്യരാശി തന്നെ നിലനിൽപ്പിനായി പൊരുതുന്ന സമയത്താണ് കാലാവസ്ഥാ ദിനം എത്തുന്നത്.

എല്ലാ വർഷവും മാർച്ച് 23നാണ് ലോക കാലാവസ്ഥാ ദിനമായി ആചരിക്കുന്നത്. ഐക്യരാഷ്ട്ര സംഘടനയുടെ കീഴിലുള്ള ലോക കാലാവസ്ഥാ സംഘടനയുടെ ആഭിമുഖ്യത്തിലാണ് ഈ ദിനാചരണം. ഈ വർഷം കൊവിഡ് 19 ബാധ എത്തിയില്ലായിരുന്നെങ്കിൽ മലയാളി ഏറെ ചർച്ച ചെയ്യേണ്ടിയിരുന്നത് കേരളത്തിലെ ചൂടിനെക്കുറിച്ചായിരിക്കും.

കാരണം മുൻ വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം വളരെ നേരത്തേ തന്നെ കേരളം അത്യുഷ്ണത്തിന്റെ പിടിയിലകപ്പെട്ടു കഴിഞ്ഞു. സാധാരണയായി ഏപ്രിൽ- മേയ് മാസങ്ങളിൽ അനുഭവപ്പെടുന്ന ചൂട് ഈ വർഷം ഫെബ്രുവരി മാസത്തോടെ തന്നെ അനുഭവപ്പെട്ടു തുടങ്ങി എന്നതാണ് യാഥാർഥ്യം. വരും വർഷങ്ങളിലെ താപനില ഇതിലധികം കഠിനമായിരിക്കുമെന്നും, ലോകത്ത് ഏറ്റവും ചൂട് കൂടിയ ഭൂപ്രദേശങ്ങളിലൊന്നായി നമ്മുടെ നാട് മാറുകയാണോ എന്നും സംശയം ഉയരുകയാണ്. ഭൂമിയിലെ കഴിഞ്ഞ 40 നൂറ്റാണ്ടുകളിലെ കാലാവസ്ഥയെ കുറിച്ചു ശാസ്ത്രലോകം നടത്തിയ പഠനങ്ങളുടെ വെളിച്ചത്തിലും അതിലേക്കാണു കാര്യങ്ങൾ വിരൽ ചൂണ്ടുന്നത്.

കാലാവസ്ഥയുടെ ശരാശരി കണക്കുകളിൽ നിന്നുണ്ടാവുന്ന ദീർഘകാല മാറ്റങ്ങളെയാണ് കാലാവസ്ഥാ വ്യതിയാനം എന്നത് കൊണ്ട് അർഥമാക്കുന്നത്. ആഗോളതാപനമാണ് കാലാവസ്ഥാ വ്യതിയാനങ്ങൾക്കു പ്രധാന കാരണം. ജീവിതം അസഹ്യമാക്കുന്ന കൂടിയ ചൂടും അതിവൃഷ്ടിയും ചുഴലിക്കാറ്റും ഉയരുന്ന സമുദ്രനിരപ്പും അപ്രതീക്ഷിത വെള്ളപ്പൊക്കവും എല്ലാം കാലാവസ്ഥാ വ്യതിയാനം കൊണ്ട് ഉണ്ടാകുന്നു. ഇതെല്ലാം നാം അനുഭവിച്ചു കഴിഞ്ഞു. ഭൂമിയിലെ ജീവന്റെ നിലനിൽപ്പ് അസാധ്യമാക്കുന്ന വിധത്തിലുള്ള കാലാവസ്ഥാ വ്യതിയാനങ്ങൾ ഇല്ലാതാക്കാൻ വനങ്ങളുടെയും ജലസ്രോതസുകളുടെയും സംരക്ഷണം അത്യാവശ്യമാണ്.

പഠനങ്ങൾ അനുസരിച്ച് കടലിന്റെയും പശ്ചിമഘട്ട മലനിരകളുടെയും സാമീപ്യം കൊണ്ടാണ് കേരളത്തിൽ നല്ല മഴ കിട്ടുന്നത്. കരയിൽ മരങ്ങളും മലകളും കുറഞ്ഞാൽ മഴയിലും മാറ്റമുണ്ടാകാമെന്നും പഠനങ്ങൾ വ്യക്തമാക്കുന്നു. ഇവയെല്ലാം സംരക്ഷിക്കേണ്ടത് നമ്മുടെ നിലനിൽപ്പിന് ആവശ്യമാണ്. അതിനാൽ കൊവിഡിൽ നിന്ന് മടങ്ങി വരുമ്പോഴെങ്കിലും നമ്മുടെ പ്രകൃതിയെ പ്രണയിക്കാൻ നമ്മൾ തയാറാവണം. അല്ലെങ്കിൽ ഇനിയൊരു കൊവിഡ് കാലത്തേക്ക് കേരളം എന്ന ഭൂപ്രദേശം പോലും ഉണ്ടാവില്ല.

ആരോഗ്യ പ്രവർത്തകർക്ക് അഭിവാദ്യവുമായി മുഖ്യമന്ത്രി

തിരുവനന്തപുരം: കൊറോണ പ്രതിരോധ പ്രവർത്തനത്തിലേർപ്പെടുന്ന ആരോഗ്യ പ്രവർത്തകരെയും അത്യാവശ്യ സർവീസുകാരെയും അഭിവാദ്യം ചെയ്ത് മുഖ്യമന്ത്രി പിണറായി വിജയൻ. അപ്രതീക്ഷിതമായെത്തിയ കൊവിഡ് 19 ഭീതിയിൽ ലോകം സ്തംഭിച്ചു നിൽക്കുമ്പോൾ, ഭയമൊഴിഞ്ഞ ഒരു ദിവസത്തിലേക്ക് എത്തിക്കാൻ ഊണും ഉറക്കവും സ്വന്തം ആരോഗ്യവും കുടുംബവും താത്പര്യങ്ങളും മാറ്റിവച്ച് നമുക്കായി പണിയെടുക്കുന്ന ഒരു വലിയ വിഭാഗം ജനങ്ങളുണ്ട് ഇവിടെയെന്ന് അദ്ദേഹം ഫെയ്സ്ബുക്ക് പോസ്റ്റിൽ പറയുന്നു.

കുറിപ്പ് തുടരുന്നു: 'ഓരോ ദുരന്തങ്ങളിലും നമുക്ക് കൈത്താങ്ങാവുന്ന, പരിചരണം തരുന്ന ലോകമെമ്പാടുമുള്ള ആരോഗ്യ പ്രവർത്തകർ ഇന്ന് മനുഷ്യകുലത്തിന്റെ നിലനിൽപ്പിനായി ഈ പോരാട്ടത്തിനു മുൻപിലുണ്ട്. ഡോക്റ്റർമാർ, നഴ്സുമാർ, ലാബ് & തീയറ്റർ ടെക്നീഷ്യൻസ്, അറ്റൻഡേഴ്സ്, ക്ലീനിങ് സ്റ്റാഫ്സ്, ഫാർമസിസ്റ്റുകൾ, ആംബുലൻസ് ഡ്രൈവർമാർ, കൗൺസിലേഴ്സ്, ഹെൽത്ത് ഇൻസ്പെക്റ്റേഴ്സ്, ആശാ വർക്കേഴ്സ് തുടങ്ങിയവരുടെ അത്യധ്വാനമാണ് നമ്മളെ ഇതുവരെ പിടിച്ചു നിൽക്കാൻ പ്രാപ്തരാക്കിയത്.

'സംസ്ഥാനത്തെ പൊലീസ്, ഫയർഫോഴ്സ്, ജയിൽ തുടങ്ങിയ സേനാംഗങ്ങളും സർക്കാർ- പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരും കേരളത്തിന്റെ ഈ പോരാട്ടത്തിന്റെ മുന്നിലുണ്ട്. കുടുംബശ്രീ പ്രവർത്തകർ, യുവജനങ്ങൾ, തൊഴിലാളികൾ, വിദ്യാർഥികൾ, ജയിൽ അന്തേവാസികൾ തുടങ്ങി വലിയൊരു കൂട്ടവും പിന്തുണയുമായുണ്ട്.

'കൊവിഡ് 19നെതിരേയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നിർണായക ഘട്ടത്തിൽ എത്തി നിൽക്കുമ്പോൾ മുന്നോട്ടു പോകാൻ കരുത്തേകുന്നത് ഈ പിന്തുണയാണ്. കൊവിഡ് 19നെതിരായ പോരാട്ടത്തിൽ നമുക്ക് ഇനിയും സഞ്ചരിക്കാനുണ്ട്. ഊർജം നഷ്ടപ്പെടാതെ നമുക്ക് ഒന്നിച്ചു തുടരാം. എല്ലാവരെയും കേരളത്തിനു വേണ്ടി അഭിവാദ്യം ചെയ്യുന്നു'.

കൊച്ചി മെട്രൊ 31 വരെ സർവീസ് നടത്തില്ല

കൊച്ചി: കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കൊച്ചി മെട്രൊ ട്രെയ്ൻ സർവീസുകൾ 31 വരെ നിർത്തിവയ്ക്കുന്നു. സംസ്ഥാന- കേന്ദ്ര സർക്കാരിന്റെ നിർദേശപ്രകാരമാണ് കെആർഎംഎൽ തീരുമാനമെടുത്തിരിക്കുന്നത്. കൊറോണ വൈറസ് വ്യാപനം നിയന്ത്രിക്കുന്നതിനും ആളുകളെ വീട്ടിൽ താമസിക്കാൻ പ്രേരിപ്പിക്കുന്നതിനുമാണ് നടപടിയെന്ന് എംഡി അൽകേഷ് കുമാർ ശർമ പറഞ്ഞു. 31 വരെ എല്ലാ അന്തർ സംസ്ഥാന പൊതുഗതാഗത സേവനങ്ങളും നിർത്തിവയ്ക്കാൻ സംസ്ഥാനങ്ങൾക്കു കേന്ദ്രം നിർദേശം നൽകിയിരുന്നു. അവശ്യ സർവീസുകൾ ഒഴികെയുള്ളവ നിയന്ത്രിക്കുന്നതിനും എല്ലാ സംസ്ഥാനങ്ങൾക്കും നിർദേശം നൽകിയിട്ടുണ്ട്.

കോഴിക്കോട്ട് ആദ്യമായി കൊറോണ

കോഴിക്കോട്: കോഴിക്കോട് ജില്ലയിൽ ഇതാദ്യമായി രണ്ടുപേർക്ക് കൊവിഡ്19 സ്ഥിരീകരിച്ചു. കോഴിക്കോട് മെഡിക്കൽ കോളെജിലും ബീച്ച് ആശുപത്രിയിലും നിരീക്ഷണത്തിലുള്ള രണ്ടുപേർക്കാണ് ഇന്നലെ രോഗബാധ സ്ഥിരീകരിച്ചത്. കൊടുവള്ളി കിഴക്കോത്ത് പഞ്ചായത്തിൽ അബുദാബിയിൽ നിന്നെത്തിയ സ്ത്രീക്കും കുറ്റ്യാടി വേളം പഞ്ചായത്തിൽ വിദേശത്തു നിന്നെത്തിയ പുരുഷനുമാണ് രോഗം സ്ഥിരീകരിച്ചിട്ടുള്ളത്. സ്ത്രീ കോഴിക്കോട് മെഡിക്കൽ കോളെജിലും പുരുഷൻ ബീച്ച് ആശുപത്രിയിലുമാണ് ചികിത്സയിലുള്ളത്. ഇരുവരെയും വിമാനത്താവളത്തിൽ നിന്നു തന്നെ നേരേ ആശുപത്രിയിലെത്തിക്കുകയായിരുന്നു. ഇവരുടെ ആരോഗ്യ നില തൃപ്തികരമാണെന്ന് ആശുപത്രി വൃത്തങ്ങൾ അറിയിച്ചു.

കനികയോടു ഡോക്റ്റർ: ആശുപത്രിയിലെത്തിയാൽ താരമല്ല, രോഗിയാണ്

ലക്നൗ: കൊറോണ വൈറസ് ബാധയെ തുടർന്ന് ചികിത്സയിൽ കഴിയുന്ന ബോളിവുഡ് ഗായിക കനിക കപൂറിനെതിരേ ലക്നൗവിലെ സഞ്ജയ് ഗാന്ധി പിജിഐഎംഎസ് ആശുപത്രി അധികൃതർ. ആശുപത്രിയിൽ കനിക താരമല്ലെന്നും ഇനിയെങ്കിലും രോഗിയെ പോലെ പെരുമാറണമെന്നും ആശുപത്രി ഡയറക്റ്റർ ഡോ. ആർകെ ധിമൻ വ്യക്തമാക്കി. ചികിത്സ പുരോഗമിക്കുകയാണ്. ആശുപത്രിയിൽ ലഭ്യമായ എല്ലാ സൗകര്യങ്ങളും അവർക്കായി ഒരുക്കിയിട്ടുണ്ട്. എന്നാൽ, അവർ താരത്തെ പോലെ പിടിവാശികൾ കാണിക്കാൻ പാടില്ല. ഇനിയെങ്കിലും രോഗിയെ പോലെ പെരുമാറണമെന്നും അദ്ദേഹം.

'പ്രത്യേക ഡയറ്റ് അനുസരിച്ചുള്ള ഭക്ഷണമാണ് ഇവർക്കായി ആശുപത്രിയിൽ തയാറാക്കുന്നത്. പ്രത്യേക ഐസോലേറ്റഡ് മുറിയിലാണ് അവരെ താമസിപ്പിച്ചിരിക്കുന്നത്. മുറിയിൽ പ്രത്യേകം എയർ കണ്ടിഷനുമുണ്ട്. ഇനിയെങ്കിലും സഹകരിച്ചേ മതിയാകൂ -ധിമൻ പറഞ്ഞു.

തനിക്കു രാവിലെ രണ്ടു പഴവും ഒരു ബോട്ടിൽ വെള്ളവും മാത്രമാണു കിട്ടിയതെന്നും ഭക്ഷണം ശരിയായി നൽകുന്നില്ലെന്നും കനിക പരാതിപ്പെട്ടിരുന്നു. മുറിയിൽ കൊതുകു ശല്യമുണ്ടെന്നായിരുന്നു മറ്റൊരു ആരോപണം. തനിക്ക് എല്ലാ ഭക്ഷണവും കഴിക്കാനാവില്ലെന്നും ചിലതിനോട് അലർജിയുണ്ടെന്നും അവകാശപ്പെട്ട ഗായിക താൻ വാങ്ങിയ ഭക്ഷണം ആശുപത്രി അധികൃതർ തന്നില്ലെന്നും അവകാശപ്പെട്ടിരുന്നു.

അതിനിടെ, പരിശോധനാ ചീട്ടിൽ കനികയുടെ പ്രായം 41 എന്നും ലിംഗം പുരുഷനെന്നുമാണു രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ആരോപിച്ചു കുടുംബാംഗങ്ങൾ രംഗത്തെത്തി. കനികയ്ക്ക് 28 വയസേയുള്ളൂ. മറ്റാരുടെയെങ്കിലും പരിശോധനാ ഫലം കനികയുടേതെന്നു തെറ്റിദ്ധരിച്ചതാണോ എന്ന സംശയവും ഇവർ ഉയർത്തി.

ലണ്ടനിൽ നിന്നു മടങ്ങിയെത്തിയ താരം നേരത്തേ സമ്പർക്ക വിലക്ക് അനുസരിക്കാതെ ലക്നൗവിൽ സംഗീത പരിപാടിയിൽ പങ്കെടുത്തിരുന്നു. പിന്നീട് കനികയ്ക്കു രോഗം സ്ഥിരീകരിച്ചതോടെ രാജസ്ഥാൻ മുൻ മുഖ്യമന്ത്രി വസുന്ധരരാജസിന്ധ്യ, അവരുടെ മകനും എംപിയുമായ ദുഷ്യന്ത് സിങ് എന്നിവരടക്കം നിരവധി പേർ സ്വയം സമ്പർക്ക വിലക്ക് പ്രഖ്യാപിച്ചു മാറിനിൽക്കേണ്ടി വന്നു. ദുഷ്യന്ത് സിങ് രാഷ്ട്രപതി ഭവനിൽ ഒരു പരിപാടിയിൽ പങ്കെടുത്തതിനാൽ രാഷ്ട്രപതി രാനാഥ് കോവിന്ദിനും പരിശോധന വേണ്ടിവന്നു. ദുഷ്യന്തിനൊപ്പം യോഗത്തിൽ പങ്കെടുത്ത ഡെറിക് ഒബ്രിയൻ, വരുൺ ഗാന്ധി, അനുപ്രിയ പട്ടേൽ തുടങ്ങി നിരവധി എംപിമാർ നിരീക്ഷണത്തിലാണ്. ദുഷ്യന്തിന്റെ ആദ്യ പരിശോധന ഫലം നെഗറ്റീവാണെങ്കിലും പാർലമെന്റ് ജീവനക്കാർ മാധ്യമപ്രവർത്തകർ തുടങ്ങിയവരും ആശങ്കയിലാണ്. ഗായികയ്ക്കൊപ്പം പാർട്ടിയിൽ പങ്കെടുത്ത യുപി ആരോഗ്യമന്ത്രി ജയ് പ്രതാപ്സിങ്ങും കോൺഗ്രസ് നേതാവ് ജിതിൻ പ്രസാദയും സ്വയം നിരീക്ഷണത്തിലാണ്.

കൊറോണ പ്രതിരോധവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർക്ക് തിരുവനന്തപുരം കോട്ടയ്ക്കകം രണ്ടാം പുത്തൻതെരുവിലെ ജനങ്ങൾ കൈയടിച്ചും പാത്രങ്ങൾ കൂട്ടിമുട്ടിയും ശബ്ദമുണ്ടാക്കി ആദരവറിയിച്ചപ്പോൾ.

- കെ.ബി. ജയചന്ദ്രൻ

മലപ്പുറത്ത് രണ്ടു പേർക്കു കൂടി വൈറസ് ബാധ സ്ഥിരീകരിച്ചു

■ ഇരുവരും മഞ്ചേരി ഗവ. മെഡിക്കൽ കോളെജിലെ ഐസൊലേഷൻ വാർഡിൽ

മലപ്പുറം: ജില്ലയിൽ രണ്ടു പേർക്കു കൂടി കെറോണ സ്ഥിരീകരിച്ചു. വേങ്ങര കൂരിയാട് സ്വദേശിയായ 32കാരനും വള്ളിക്കുന്ന് കടലുണ്ടി നഗരം ആനങ്ങാടി സ്വദേശിയായ 24കാരനുമാണ് വൈറസ് ബാധയെന്ന് ജില്ലാ കലക്റ്റർ ജാഫർ മലിക് അറിയിച്ചു. ഇതോടെ ജില്ലയിൽ വൈറസ് ബാധ സ്ഥിരീകരിച്ചവരുടെ എണ്ണം നാലായി.

ഈ മാസം 19ന് അബുദാബിയിൽ നിന്നും കരിപ്പൂർ വിമാനത്താവളം വഴി വേങ്ങര കൂരിയാടുള്ള സ്വന്തം വീട്ടിലെത്തി നിരീക്ഷണത്തിൽ കഴിയുകയായിരുന്നു മുപ്പത്തിരണ്ടുകാരൻ. രോഗ ലക്ഷണങ്ങൾ കണ്ടതോടെ ഇയാളെ മഞ്ചേരി ഗവ. മെഡിക്കൽ കോളെജിലെ ഐസൊലേഷൻ വാർഡിലേക്കു മാറ്റി. സർക്കാരിന്റെ ജാഗ്രത നിർദേശങ്ങൾ പൂർണ്ണമായും പാലിച്ച് പൊതു സമ്പർക്കം ഇല്ലാതെയാണ് ഇയാൾ നിരീക്ഷണത്തിൽ കഴിഞ്ഞിരുന്നതെന്ന് കലക്റ്റർ പറഞ്ഞു.

അബുദാബിയിൽ നിന്ന് ഈ മാസം 19ന് രാവിലെ അഞ്ചിന് കരിപ്പൂരിലെത്തിയ ഐ.എക്സ് 348 എയർ ഇന്ത്യ എക്സ്പ്രസ് വിമാനത്തിലെ യാത്രക്കാരനാണ് ഇയാൾ. അവിടെ നിന്നും സഹോദരനോടൊപ്പം സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് കാറിൽ വേങ്ങര കൂരിയാടുള്ള സ്വന്തം വീട്ടിലെത്തി. ആരോഗ്യ വകുപ്പിന്റെ നിർദേശമനുസരിച്ച് വീട്ടിലുള്ള മറ്റെല്ലാവരെയും മറ്റൊരു വീട്ടിലേക്കു മാറ്റി തനിച്ചാണു നിരീക്ഷണത്തിൽ കഴിഞ്ഞത്. ഈ മാസം 20ന് ഉച്ചയ്ക്ക് 12 മണിക്ക് തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലെ ഐസൊലേഷൻ വാർഡിലെത്തി സാമ്പിളെടുത്ത് തിരികെ വീട്ടിൽ എത്തി സ്വയം നിരീക്ഷണത്തിൽ തുടർന്നു. 21നും വീട്ടിൽ തന്നെ കഴിഞ്ഞു. രോഗ ലക്ഷണങ്ങൾ പ്രകടമായതിനെ തുടർന്ന് ഇന്നലെ ആരോഗ്യ വകുപ്പിന്റെ ആംബുലൻസിൽ മഞ്ചേരി ഗവ. മെഡിക്കൽ കോളെജിലെ ഐസൊലേഷൻ വാർഡിൽ പ്രവേശിപ്പിച്ചു.

ഈ മാസം 21ന് പുലർച്ചെ മൂന്നു മണിക്ക് ദുബായിയിൽ നിന്ന് കൊച്ചിയിലെത്തിയ എയർ അറേബ്യയുടെ ജി 9- 425 വിമാനത്തിലാണ് കടലുണ്ടി നഗരം ആനങ്ങാടിയിലെ യുവാവെത്തിയത്. കളമശേരി മെഡിക്കൽ കോളെജിൽ നിന്ന് സാമ്പിൾ പരിശോധനക്കയച്ച് ആംബുലൻസിൽ സ്വന്തം വീട്ടിലെത്തി ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് നിരീക്ഷണത്തിൽ കഴിയുകയായിരുന്നു. രോഗ ലക്ഷണങ്ങൾ പ്രകടമായതോടെ ഇന്നലെ ആംബുലൻസിൽ മഞ്ചേരി ഗവ. മെഡിക്കൽ കോളെജ് ആശുപത്രിയിലെ ഐസൊലേഷൻ വാർഡിൽ പ്രവേശിപ്പിച്ചു.

വേങ്ങര കൂരിയാട് സ്വദേശിയായ 32കാരനും വള്ളിക്കുന്ന് കടലുണ്ടി നഗരം ആനങ്ങാടി സ്വദേശിയായ 24കാരനുമാണ് വൈറസ് ബാധയെന്ന് ജില്ലാ കലക്റ്റർ ജാഫർ മലിക് അറിയിച്ചു. ഇതോടെ ജില്ലയിൽ വൈറസ് ബാധ സ്ഥിരീകരിച്ചവരുടെ എണ്ണം നാലായി

19ന് രാവിലെ അഞ്ചു മണിക്ക് കരിപ്പൂർ വിമാനത്താവളത്തിലെത്തിയ ഐ.എക്സ് 348 എയർ ഇന്ത്യ എക്സ്പ്രസ് വിമാനത്തിലും 21ന് പുലർച്ചെ മൂന്നു മണിക്ക് ദുബായിയിൽ നിന്ന് കൊച്ചിയിലെത്തിയ എയർ അറേബ്യയുടെ ജി 9 - 425 വിമാനത്തിലും വൈറസ് ബാധിതർക്കൊപ്പം യാത്ര ചെയ്തവർ നേരിട്ട് ആശുപത്രികൾ സന്ദർശിക്കുകയോ പൊതു സമ്പർക്കത്തിലേർപ്പെടുകയോ ചെയ്യാതെ ജില്ലാതല കൺട്രോൾ സെല്ലിലെ 0483 - 2737858, 2737857, 2733251, 2733252, 2733253 എന്നീ നമ്പരുകളിൽ ബന്ധപ്പെട്ട് നിർദേശങ്ങൾ പാലിക്കണമെന്ന് ജില്ലാ കലക്റ്റർ പറഞ്ഞു.

ആരോഗ്യപ്രവർത്തകരെ അഭിനന്ദിച്ച് കൊമ്പൻ ബ്രഹ്മദത്തൻ

പാലാ: കൊവിഡ് 19നെതിരേ പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്ത ജനതാ കർഫ്യൂവിന്റെ ഭാഗമായി ആരോഗ്യ പ്രവർത്തകർക്ക് അഭിനന്ദനം അറിയിച്ച് കൊമ്പൻ പല്ലാട്ട് ബ്രഹ്മദത്തൻ. ഇന്നലെ വൈകിട്ട് അഞ്ചു മണിക്ക് മേലമ്പാറയിലെ പല്ലാട്ട് തറവാട്ടിലെ മണി മുഴക്കിയാണു ബ്രഹ്മദത്തൻ പ്രധാനമന്ത്രിയുടെ ആഹ്വാനം പിന്തുടർന്നത്. വൈകിട്ട് അഞ്ചു മണിക്ക് കൈയടിച്ചും പാത്രങ്ങളിൽ കൊട്ടിയും ആരോഗ്യപ്രവർത്തകരെ അഭിനന്ദിക്കാനായിരുന്നു പ്രധാനമന്ത്രി കഴിഞ്ഞദിവസം ആഹ്വാനം ചെയ്തത്. ഇതു പ്രകാരം രാജ്യമൊന്നാകെ ആരോഗ്യപ്രവർത്തകരെ അഭിനന്ദിക്കുമ്പോഴായിരുന്നു ബ്രഹ്മദത്തനും അവർക്കൊപ്പം ചേർന്നത്. ഫെസ്റ്റിവൽ കോഓർഡിനേഷൻ കമ്മിറ്റി വർക്കിങ് പ്രസിഡന്റ് അഡ്വ. പല്ലാട്ട് രാജേഷിന്റെ ഉടമസ്ഥതയിലുള്ള കൊമ്പനാണു ബ്രഹ്മദത്തൻ. തൃശൂർ പൂരത്തിൽ പാറമേക്കാവ് വിഭാഗത്തിന്റെ രാത്രി പൂരത്തിനും ഏറ്റുമാനൂർ, കിടങ്ങൂർ തുടങ്ങി വിവിധ ഉത്സവങ്ങൾക്കും തിടമ്പേറ്റിയിട്ടുള്ള ബ്രഹ്മദത്തൻ കേരളത്തിലെ മിക്ക പൂരങ്ങളിലെയും സ്ഥിരസാന്നിധ്യമാണ്. കൊവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി ഉത്സവങ്ങളും പൂരങ്ങളും നിർത്തിവച്ചതോടെ അപ്രതീക്ഷിതമായി ലഭിച്ച വിശ്രമകാലത്തിലാണു തികഞ്ഞ ശാന്തസ്വഭാവിയായ കൊമ്പൻ.

കെഎസ്ആർടിസി ബസ് സർവീസുകൾ നിർത്തിവച്ചപ്പോൾ. എറണാകുളം ഗ്യാരേജിൽ നിന്നുള്ള ദൃശ്യം.

- മനു ഷെല്ലി

വാതിലടച്ച് കൊച്ചി

കൊച്ചി: കൊവിഡ്19 വൈറസ് ബാധ ചെറുക്കാൻ കൊച്ചിയിൽ നാടും നഗരവും വാതിലുകൾ അടച്ചു. ജനതാ കർഫ്യൂ ദിനത്തിൽ ജനങ്ങൾ പ്രാർഥനകൾക്കു പോലും ഞായറാഴ്ച പുറത്തിറങ്ങിയില്ല. പൊതുഗതാഗത സംവിധാനങ്ങളും സ്വകാര്യ വാഹനങ്ങളും ഇല്ലാതായതോടെ നിരത്തുകൾ വിജനമായി. ഏതാനും മരുന്നു വിൽപ്പന ഷോപ്പുകളും പെട്രോൾ പമ്പുകളുമൊഴികെ കടകമ്പോളങ്ങളൊന്നും പ്രവർത്തിച്ചില്ല. കൊച്ചി മെട്രൊ റെയ്ൽ സർവീസുകളുമുണ്ടായില്ല. ആംബുലൻസ്, പൊലീസ് വാഹനങ്ങൾ മാത്രമാണു നിരത്തിലുണ്ടായിരുന്നത്.

പുലർച്ചെ ദീർഘദൂര സർവീസുകൾ മുഖേന റെയ്ൽവേ സ്റ്റേഷനിലെത്തിയ യാത്രക്കാർക്ക് പൊലീസ് യാത്രാസൗകര്യമൊരുക്കി. എറണാകുളം നോർത്ത്, സൗത്ത് റെയ്ൽവേ സ്റ്റേഷനുകളിൽ ശുചീകരണ പ്രവർത്തനങ്ങളും നടന്നു. കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട ആരോഗ്യ പ്രവർത്തകർക്ക് വൈകിട്ട് അഞ്ചിന് കൈയ്യടിച്ചും മണിനാദം മുഴക്കിയും ജനം ആദരം അർപ്പിച്ചു.

എറണാകുളം സൗത്ത് റെയ്ൽവേ സ്റ്റേഷനിലെത്തിയ ജാംനഗർ- തിരുനെൽവേലി എക്സ്പ്രസിലെ സ്ലീപ്പർ ക്ലാസ് യാത്രക്കാരെ ആരോഗ്യ വിഭാഗം പരിശോധിച്ചു. ഇവരുടെ വിവരങ്ങൾ ശേഖരിച്ച ശേഷം മാർഗനിർദേശങ്ങളും നൽകി. ഈ ട്രെയ്നിൽ യാത്ര ചെയ്തിരുന്ന യാത്രക്കാരനെ രോഗലക്ഷണങ്ങൾ സംശയിച്ച് കോഴിക്കോട് മെഡിക്കൽ കോളെജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചതിനാലാണ് യാത്രക്കാരെ പരിശോധിച്ചത്. എറണാകുളം ജനറൽ ആശുപത്രിയുൾപ്പെടെയുള്ള ഗവ. ആശുപത്രികളും പ്രവർത്തിച്ചു.

എറണാകുളം ഡിപ്പോയിൽ നിന്ന് സർവീസ് നടത്തുന്ന കെഎസ്ആർടിസിയുടെ മുഴുവൻ സർവീസുകളും ഒഴിവാക്കിയതോടെ ഹർത്താൽ പ്രതീതിയിലായിരുന്നു ബസ് സ്റ്റാൻഡും പരിസരവും. സ്വകാര്യ ബസുകളും ഓട്ടൊ, ടാക്സി, ഓൺലൈൻ ടാക്സി എന്നിവയും നിരത്തിലിറങ്ങാതിരുന്നതോടെ സംസ്ഥാനത്തിന്റെ വാണിജ്യതലസ്ഥാനത്ത് റോഡുകൾ വിജനമായി. നഗരത്തിലെ ഹോട്ടലുകൾ, റസ്റ്ററന്റ്, ബേക്കറികൾ എന്നിവ അടഞ്ഞുകിടന്നു. എറണാകുളം പെന്റാ മേനക, ബ്രോഡ് വേ, എറണാകുളം മാർക്കറ്റ് എന്നിവിടങ്ങളും നിശ്ചലമായി. നഗരത്തിനുള്ളിലെ പ്രധാന ഷോപ്പിങ് മാളുകൾ ഉൾപ്പെടെ ചെറുകിട വ്യാപാരികളും കടകൾ അടച്ചു. കർഫ്യൂ പ്രഖ്യാപിച്ച സമയത്ത് മിൽമ പാൽ വിതരണം അവസാനിപ്പിച്ചു.

ജില്ലാ ഭരണ കേന്ദ്രമായ കാക്കനാടും കർഫ്യൂവിനോട് സഹകരിച്ചു. ജനത്തിരക്കുള്ള രണ്ട് മാർക്കറ്റുകളും പ്രവർത്തിച്ചില്ല. ഇതര സംസ്ഥാന തൊഴിലാളികൾ ഏറെയുള്ള പെരുമ്പാവൂരിൽ മാർക്കറ്റും കടകളും പ്രവർത്തിച്ചില്ല.

തൃപ്പൂണിത്തുറ ശ്രീപൂർണത്രയീശ ക്ഷേത്രം, ചോറ്റാനിക്കര ദേവീക്ഷേത്രം, എറണാകുളം ശിവക്ഷേത്രം എന്നിവിടങ്ങളിൽ പ്രവേശനം ഉണ്ടായിരുന്നില്ല. ക്രിസ്ത്യൻ ആരാധനാലയങ്ങളിൽ ആൾക്കൂട്ടമില്ലാതെയാണ് ഞായറാഴ്ച കുർബാന ചൊല്ലിയത്. മുസ്‌ലിം പള്ളികളിൽ ഒരുമിച്ചുള്ള നമസ്കാരവും നടന്നില്ല.

ഛത്തിസ്ഗഡിൽ നക്സലാക്രമണം; 17 ജവാന്മാർക്കു വീരമൃത്യു

ന്യൂഡൽഹി: ഛത്തിസ്ഗഡിൽ ബസ്തർ മേഖലയിലെ സുക്മയിൽ മാവോയിസ്റ്റുകളുമായുണ്ടായ ഏറ്റുമുട്ടലിൽ 17 രക്ഷാസൈനികർക്കു വീരമൃത്യു. പ്രത്യേക ദൗത്യ സേനയിലെ അഞ്ചും ജില്ലാ ദൗത്യസേനയിലെ 12ഉം പേരാണു മരിച്ചത്.

ശനിയാഴ്ചയുണ്ടായ ഏറ്റുമുട്ടലിൽ ഇവരെ കാണാതായിരുന്നു. ഇന്നലെ മൃതദേഹങ്ങൾ കണ്ടെത്തുകയായിരുന്നു. 14 സൈനികർക്ക് പരിക്കേറ്റിട്ടുണ്ട്. ഇവരെ അകലെ റായ്പുരിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ശനിയാഴ്ച ഉച്ചയോടെ കൊർജാഗുഡ മേഖലയിലാണ് ഏറ്റുമുട്ടലുണ്ടായത്. വൈകുന്നേരം വരെ ഏറ്റുമുട്ടൽ തുടർന്നു. പ്രദേശത്ത് മാവോയിസ്റ്റ് സാന്നിധ്യമുണ്ടെന്ന വിവരത്തെ തുടർന്ന് ഡിആർജി, കോബ്ര, എസ്ടിഎഫ് എന്നിവയിൽ നിന്നുള്ള അറുനൂറംഗ സംയുക്ത സേനതെരച്ചിലിനെത്തിയപ്പോൾ മാവോയിസ്റ്റുകൾ വെടിയുതിർക്കുകയായിരുന്നു.

മന്ദവി ഹിഡ്മയുടെ നേതൃത്വത്തിലുള്ളവരാണ് ആകേരമണം നടത്തിയത്. 300ളം മാവോയിസ്റ്റുകൾ ഇവരുടെ നേതൃത്വത്തിൽ ഉണ്ടായിരുന്നു. 2017ന് ശേഷം നടന്ന ഏറ്റവും വലിയ ആക്രമണമാണിത്. അന്ന് നടന്ന ആക്രമണത്തിൽ 25 സുരക്ഷാ ഉദ്യോഗസ്ഥർ കൊല്ലപ്പെട്ടിരുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഒരു ക്ഷേത്രത്തിലും ഭക്തർക്ക് പ്രവേശനം ഉണ്ടാകില്ല

തിരുവനന്തപുരം: കൊവിഡ് 19 പ്രതിരോധ നടപടികളുടെ ഭാഗമായി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഒരു ക്ഷേത്രങ്ങളിലും ഭക്തർക്ക് പ്രവേശനം ഉണ്ടാകില്ലെന്ന് അധികൃതർ. എന്നാൽ ക്ഷേത്രങ്ങളിൽ പൂജകൾ നടക്കും.

അഡ്മിനിസ്ട്രേറ്റിവ് ഓഫിസർ ഗ്രേഡ് ക്ഷേത്രങ്ങളിലും, സ്പെഷ്യൽ ഗ്രേഡ് ക്ഷേത്രങ്ങളിലും മാർച്ച് 31 വരെ ഭക്തർക്ക് പ്രവേശനം ഉണ്ടാകില്ലെന്ന് കഴിഞ്ഞ ദിവസം ബോർഡ് വ്യക്തമാക്കിയിരുന്നു. എന്നാൽ അതി ജാഗ്രത വേണമെന്നുള്ളതിനാലാണ് ദേവസ്വം ബോർഡിന്റെ എല്ലാ ക്ഷേത്രങ്ങളിലേക്കും കഴിഞ്ഞ ദിവസത്തെ തീരുമാനം ബാധകമാക്കിയതെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് അറിയിച്ചു.

അതീവ ജാഗ്രതയിൽ കാസർഗോഡ്

പ്രത്യേക ലേഖകൻ

കാസർഗോഡ്: ജില്ലയിൽ കൊറോണ സ്ഥിരീകരിച്ചവരുടെ എണ്ണം 15 ആയതോടെ അധികൃതരും ആരോഗ്യപ്രവർത്തകരും അതീവ ജാഗ്രതയിൽ. കൊറോണ സ്ഥിരീകരിച്ച രണ്ടു വയസുള്ള കുട്ടി ഉൾപ്പെടെയുള്ളവരുടെ ആരോഗ്യസ്ഥിതി തൃപ്തികരം. ജില്ലയിൽ ഇരുചക്രവാഹനങ്ങൾ അടക്കം നിരത്തിലിറങ്ങിയില്ല. കടകമ്പോളങ്ങൾ അടഞ്ഞു കിടന്നു. ഒറ്റപ്പെട്ട ചരക്കുവാഹനങ്ങളും ഏതാനും കാൽനടയാത്രക്കാരും മാത്രമായിരുന്നു ഇന്നലത്തെ കാഴ്ച.

ഉപ്പളയിലെ 24കാരൻ, കുഡ്‌ലുവിലെ 32കാരൻ, പൂച്ചക്കാട്ടേ 25കാരൻ, മൊഗ്രാലിലെ 56കാരൻ, കളനാട്ടെ 27കാരൻ, തളങ്കരയിലെ 54കാരൻ എന്നിവർക്കാണു കഴിഞ്ഞദിവസം പുതിയതായി കൊറോണ സ്ഥിരീകരിച്ചത്. ഇവർ ആറുപേരും ദുബായിൽ നിന്നും കഴിഞ്ഞ ദിവസങ്ങളിൽ കാസർഗോഡ് എത്തിയവരാണ്. ഇന്നലെ അഞ്ചു കേസുകൾ കൂടി റിപ്പോർട്ട് ചെയ്തതോടെ ജില്ലയിൽ കടുത്ത നിയന്ത്രണങ്ങൾ ആരംഭിച്ചു.

ജില്ലയിൽ കൊറോണ സ്ഥിരീകരിച്ചവരിൽ നാലു പേർ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ ഐസൊലേഷൻ വാർഡിലും ഏഴുപേർ ജനറൽ ആശുപത്രിയിലെ ഐസൊലേഷൻ വാർഡും മൂന്നുപേർ കണ്ണൂർ പരിയാരം മെഡിക്കൽ കോളെജിലെ ഐസൊലേഷൻ വാർഡിലുമാണ് നിരീക്ഷണത്തിലുള്ളത്.

അതിനിടെ, കൊറോണ സ്ഥിരീകരിച്ച ഏരിയാൽ സ്വദേശിയായ പ്രവാസിക്കെതിരേ ഇന്ത്യൻ ശിക്ഷാ നിയമം 269 വകുപ്പ് പ്രകാരം പൊലീസ് കേസെടുത്തു. നിയന്ത്രണങ്ങൾ ലംഘിച്ച് പൊതു ഇടങ്ങളിൽ പെരുമാറിയെന്നാണു കുറ്റം. ആറു മാസം വരെ കഠിന തടവ് കിട്ടാവുന്ന വകുപ്പാണ് ഇത്. ഇയാളുടെ പ്രാഥമിക സഞ്ചാരപാതയാണ് ഇതിനകം ജില്ലാ ഭരണകൂടം പുറത്തുവിട്ടത്. അതുപ്രകാരം സമ്പർക്കപ്പട്ടിക തയാറാക്കി ആളുകളെ നിരീക്ഷണത്തിലാക്കുന്നുണ്ട്. വിശദമായ അന്വേഷണം നടത്തി പട്ടിക വിപുലമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

വ്യാജ വൈദ്യനെ അറസ്റ്റ് ചെയ്തു

കാസർഗോഡ്: കൊറോണ വൈറസ് ബാധയുടെ മരുന്നെന്ന് തെറ്റിദ്ധരിപ്പിച്ച് ദ്രാവകം വില്പന നടത്തിയ വ്യാജ വൈദ്യനെ അറസ്റ്റ് ചെയ്തു. കാസർഗോഡ് വിദ്യാനഗർ ചാലാ റോഡിൽ കല്ലുകെട്ട് മേസ്തിരിയായ ഹംസയെയാണ് പൊലീസ് അറസ്റ്റ് ചെയ്തത്.

കൊറോണയ്ക്കെതിരേ തന്റെ ഷെയ്ക്ക് ഉപദേശിച്ച മരുന്ന് എന്ന വ്യാജ പ്രചാരണത്തിലാണ് ഇയാൾ ദ്രാവകം തയാറാക്കി വില്പന നടത്തിയത്. ഇയാളെ വിദ്യാനഗർ പൊലീസ് അറസ്റ്റ് ചെയ്തു. ഇയാളുടെ പകലുള്ള ദ്രാവകം പൊലീസ് കസ്റ്റഡിയിലെടുത്തു. ഇത്തരം വ്യാജ സിദ്ധന്മാർ ജില്ലയുടെ ചില ഭാഗങ്ങളിൽ സാമൂഹിക വിരുദ്ധ പ്രവർത്തനത്തിലേർപ്പെടുന്നതായി വിവരം ലഭിച്ചിട്ടുണ്ടെന്നും കടുത്ത നടപടിയെടുക്കുമെന്നും കാസർഗോഡ് കലക്റ്റർ അറിയിച്ചു.

ഇറ്റലിയിലെ റോം വിമാനത്താവളത്തിൽ നിന്ന് ഇന്ത്യയിലേക്കു മടങ്ങാനുള്ള പ്രത്യേക വിമാനത്തിൽ കയറാനെത്തിയവർ.

ഇറ്റലിയിൽ നിന്ന് 263 ഇന്ത്യക്കാരെ ഡൽഹിയിലെത്തിച്ചു

ന്യൂഡൽഹി: ഇറ്റലിയിൽ കുടുങ്ങിയ 263 ഇന്ത്യക്കാരെ പ്രത്യേക വിമാനത്തിൽ ഡൽഹിയിലെത്തിച്ചു. ചാവ്‌ലയിൽ ഇന്തോ ടിബറ്റൻ ബോർഡർ പൊലീസിന്റെ നേതൃത്വത്തുള്ള കേന്ദ്രത്തിൽ 14 ദിവസം നിരീക്ഷണത്തിലായിരിക്കും ഇവർ. മുഴുവൻ പേർക്കും പരിശോധന നടത്തി. ഇന്നലെ രാവിലെ പത്തിനാണ് റോമിൽ നിന്ന് എയർ ഇന്ത്യയുടെ പ്രത്യേക വിമാനം ഡൽഹിയിലെത്തിയത്. കഴിഞ്ഞ 15ന് മിലാനിൽ നിന്ന് 215 ഇന്ത്യക്കാരെ പ്രത്യേക വിമാനത്തിലെത്തിച്ചിരുന്നു. ഇവരും നിരീക്ഷണത്തിലാണ് .

പ്രത്യേക സുരക്ഷാ സ്യൂട്ട് ധരിച്ചിരുന്നു രക്ഷാ ദൗത്യത്തിലെ ജീവനക്കാർ.

ഇറ്റലിയിൽ 500 പേർ കൂടി കുടുങ്ങിയിട്ടുണ്ടെന്നാണ് റിപ്പോർട്ട്. ഇവരെ കൊണ്ടുവരാൻ ഒന്നോ രണ്ടോ സർവീസുകൾ കൂടി നടത്തിയേക്കും.

നേരത്തേ, ചൈനയിലെ വുഹാനിൽ വിദ്യാർഥികളുൾപ്പെടെ കുടുങ്ങിയപ്പോഴും ഇന്ത്യ പ്രത്യേക വിമാനം അയച്ചിരുന്നു. ഇവരെ ഡൽഹിയിലെത്തിച്ചപ്പോൾ നിരീക്ഷണത്തിൽ പാർപ്പിക്കാനാണ് ഐടിബിപി പ്രത്യേക കേന്ദ്രം തുറന്നത്. കൊറോണ ഭീഷണി തുടരുന്ന സാഹചര്യത്തിൽ ഈ കേന്ദ്രം നിലനിർത്തുകയായിരുന്നു.

അടിയന്തര സാഹചര്യം നേരിടാൻ ആരോഗ്യ വകുപ്പിന്റെ പ്ലാൻ ബി, സി

- സർക്കാരിനൊപ്പം കൈകോർത്ത് സ്വകാര്യ ആശുപത്രികളും
- പ്ലാൻ ബിയിൽ 126 ആശുപത്രികൾ പ്ലാൻ സിയിൽ 122 ആശുപത്രികൾ

തിരുവനന്തപുരം: കൊവിഡ് 19 രോഗികളുടെ എണ്ണം കൂടിവരുന്ന സാഹചര്യത്തിൽ ഏത് അടിയന്തര സാഹചര്യവും നേരിടാനുള്ള മുന്നൊരുക്കങ്ങൾ ലക്ഷ്യമിട്ട് പ്ലാൻ ബി, സി എന്നിങ്ങനെ പദ്ധതികൾ ആരോഗ്യ വകുപ്പ് ആവിഷ്കരിച്ചതായി മന്ത്രി കെ.കെ. ശൈലജ.

പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ രൂപീകരിച്ച 18 കമ്മിറ്റികളിൽ ഇൻഫ്രാസ്ട്രക്ച്ചർ കമ്മിറ്റിയും പ്രൈവറ്റ് ഹോസ്പിറ്റൽ കോ- ഓഡിനേഷൻ കമ്മിറ്റിയും ഇതിനുവേണ്ടി മാത്രം ഉണ്ടാക്കിയവയാണ്. പോസിറ്റീവ് കേസുകളുള്ളവർക്ക് പുറമേ വീട്ടിൽ നിരീക്ഷണത്തിലുള്ളവർക്ക് രോഗലക്ഷണങ്ങളോ മറ്റസുഖങ്ങളോ ഉണ്ടെങ്കിലോ ഐസൊലേഷൻ മുറികളിൽ മാത്രമേ ചികിത്സിക്കാൻ കഴിയൂ.

ഇത് മുന്നിൽകണ്ടുള്ള ഒരുക്കങ്ങളാണ് ആരോഗ്യ വകുപ്പ് നടത്തിയത്. ഓരോ പ്ലാനിനും അനുസരിച്ച് ഡോക്റ്റർമാർ, നഴ്സുമാർ ഉൾപ്പെടെയുള്ള ജീവനക്കാർ, മരുന്നുകൾ, സുരക്ഷാ ഉപകരണങ്ങൾ, വെന്റിലേറ്റർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ വലിയ തോതിൽ വർധിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നും മന്ത്രി.

പ്ലാൻ എ

ജനുവരി 30ന് ചൈനയിലെ വുഹാനിൽ നിന്നും വന്ന വിദ്യാർഥിയിലൂടെ സംസ്ഥാനത്ത് ആദ്യമായി കൊവിഡ് 19 സ്ഥിരീകരിച്ച സാഹചര്യത്തിൽ തന്നെ പ്ലാൻ എയും പ്ലാൻ ബിയും തയ്യാറാക്കുകയും പ്ലാൻ എ നടപ്പിലാക്കുകയും ചെയ്തു. 50 സർക്കാർ ആശുപത്രികളും രണ്ടു സ്വകാര്യ ആശുപത്രികളും ഉൾപ്പെടെ 52 സ്ഥാപനങ്ങൾ ഉൾപ്പെടുത്തിയാണ് പ്ലാൻ എ നടപ്പിലാക്കിയത്. 974 ഐസൊലേഷൻ കിടക്കകൾ സജ്ജമാക്കുകയും 242 ഐസൊലേഷൻ കിടക്കകൾ ആവശ്യമെങ്കിൽ ഉപയോഗിക്കാൻ കണ്ടെത്തുകയും ചെയ്തു. ഇത് ഉദ്ദേശിച്ച ഫലം കാണുകയും സ്ഥിരീകരിച്ച മൂന്നു പേരും രോഗമുക്തി നേടുകയും മറ്റുള്ളവരിലേക്കു രോഗം പടരാതിരിക്കുകയും ചെയ്തു.

പ്ലാൻ ബി

വുഹാനിൽ നിന്നും ആദ്യ കേസ് വന്നപ്പോൾ പ്ലാൻ എയോട് അനുബന്ധമായാണ് പ്ലാൻ ബിയും തയ്യാറാക്കിയത്. 71 സർക്കാർ ആശുപത്രികളും 55 സ്വകാര്യ ആശുപത്രികളും ഉൾപ്പെടെ 126 സ്ഥാപനങ്ങൾ ഉൾപ്പെടുത്തിയാണ് പ്ലാൻ ബി ആവിഷ്ക്കരിച്ചത്. 1408 ഐസൊലേഷൻ കിടക്കകൾ സജ്ജമാക്കുകയും 17 ഐസൊലേഷൻ കിടക്കകൾ ആവശ്യമെങ്കിൽ ഉപയോഗിക്കാൻ കണ്ടെത്തുകയും ചെയ്തു. ഇപ്പോൾ പ്ലാൻ എയാണു നടപ്പിലാക്കി വരുന്നത്. പ്ലാൻ എയിൽ 1000ത്തോളം ഐസൊലേഷൻ കിടക്കകളുള്ളതിനാലും അത്രത്തോളം രോഗികളില്ലാത്തതിനാലും പ്ലാൻ ബിയിലേക്കു കടക്കേണ്ട സാഹചര്യം വന്നിട്ടില്ല.

പ്ലാൻ സി

ഫെബ്രുവരി 29ന് ഇറ്റലിയിൽ നിന്നെത്തിയ പത്തനംതിട്ടയിലെ മൂന്നംഗ കുടുംബത്തിനും അവരുമായി സമ്പർക്കം പുലർത്തിയ അടുത്ത രണ്ടു ബന്ധുക്കൾക്കും മാർച്ച് എട്ടിന് കൊവിഡ് 19 സ്ഥിരീകരിച്ചതോടെയാണ് പ്ലാൻ സി തയ്യാറാക്കിയത്. ജനങ്ങൾ ജാഗ്രത പുലർത്തി സാമൂഹ്യ അകലം പാലിച്ച് സമ്പർക്കത്തിലേർപ്പെട്ടവർ കൃത്യമായി നിരീക്ഷണത്തിൽ കഴിഞ്ഞാൽ പ്ലാൻ ബിയിൽ തന്നെ നമുക്കു പിടിച്ചു നിൽക്കാനാകും.

അതല്ല വലിയ തോതിൽ സമൂഹ വ്യാപനമുണ്ടായി കൂടുതൽ കേസുകൾ ഒന്നിച്ചു വന്നാൽ പ്ലാൻ സിയിലേക്കു കടക്കും. സർക്കാർ, സ്വകാര്യ ആശുപത്രികളുടെ പൂർണ സഹകരണത്തോടെയാണ് പ്ലാൻ സി നടപ്പാക്കുക. ഇതിനായി പ്രധാന സർക്കാർ ആശുപത്രികളിലെല്ലാം സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

അവിടെയെല്ലാം അത്യാവശ്യമില്ലാത്ത വിഭാഗങ്ങൾ ഒഴിപ്പിച്ച് രോഗികളുടെ എണ്ണം പരമാവധി കുറച്ച് സൗകര്യമൊരുക്കും. 81 സർക്കാർ ആശുപത്രികളും 41 സ്വകാര്യ ആശുപത്രികളും ഉൾപ്പെടെ 122 ആശുപത്രികളിലായി 3028 ഐസൊലേഷൻ കിടക്കകളാണു കണ്ടെത്തിയിരിക്കുന്നത്. ഇതു കൂടാതെ പ്ലാൻ ബിയിലും സിയിലുമായി 218 ഐസിയു കിടക്കകളും സജ്ജമാക്കിയിട്ടുണ്ട്. ആവശ്യമെങ്കിൽ പ്ലാൻ സിയിൽ കൂടുതൽ സ്വകാര്യ ആശുപത്രികളുടെ പങ്കാളിത്തം ഉറപ്പു വരുത്തും.

കൊറോണ കെയർ സെന്റർ

വിദേശ രാജ്യങ്ങളിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന താമസ സൗകര്യം ഇല്ലാത്തവരെ പാർപ്പിക്കാനായി മുഖ്യമന്ത്രിയുടെ നിർദേശാനുസരണം വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ 147 കൊറോണ കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഇവരിലൂടെ മറ്റാർക്കും രോഗപ്പകർച്ച ഉണ്ടാകാതിരിക്കാനാണ് സുരക്ഷിതമായി പാർപ്പിക്കുന്നത്.

ഇപ്പോൾ കുറച്ചുപേർ മാത്രമാണ് ഈ കെയർ സെന്ററുകളിലുള്ളത്. എന്നാൽ കൊറോണ വൈറസിന്റെ സമൂഹ വ്യാപനമുണ്ടായാൽ ഐസൊലേഷൻ സൗകര്യത്തിനായാണ് പ്ലാൻ സിയുടെ ഭാഗമായി ഇത്രയേറെ കൊറോണ കെയർ സെന്ററുകൾ സജ്ജമാക്കിയിട്ടുള്ളത്. 21,866 പേരെ ഒരേസമയം ഈ കെയർ സെന്ററുകളിൽ പാർപ്പിക്കാനാകും. സർക്കാർ സ്ഥാപനങ്ങൾക്കൊപ്പം സ്വകാര്യ സ്ഥാപനങ്ങളും ആശുപത്രികളും സഹായവുമായി വന്നിട്ടുണ്ട്. ഇനിയും കൂടുതൽ സ്ഥാപനങ്ങൾ കെയർ സെന്ററുകളാക്കാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇത്രയേറെ മുന്നൊരുക്കങ്ങൾ നടത്തുന്നുണ്ടെങ്കിലും ജനങ്ങൾ എല്ലാവരും ഒരേ മനസോടെ ജാഗ്രത പാലിച്ചാൽ മാത്രമേ കൊറോണ വൈറസിനെ ശക്തമായി പ്രതിരോധിക്കാനാകൂ. എല്ലാവരും സാമൂഹിക അകലം പാലിക്കണം. രോഗബാധിത പ്രദേശങ്ങളിൽ നിന്നും വന്നവർ നിർബന്ധമായും വീട്ടിൽ നിരീക്ഷണത്തിൽ കഴിയേണ്ടതാണ്. ഒരു കാരണവശാലും വീടുവിട്ട് പുറത്തിറങ്ങുകയോ മറ്റുള്ളവരോട് ഇടപഴകുകയോ ചെയ്യരുത്. അത് മറ്റുള്ളവരിലേക്ക് രോഗം പകരുകയും സമൂഹത്തിലേക്ക് വളരെപ്പെട്ടെന്നു പടരുകയും ചെയ്യും. അതിനാൽ തന്നെ എല്ലാവരും ജാഗ്രതയോടെയിരിക്കണം.

സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം നൽകണം: മുഖ്യമന്ത്രി

തിരുവനന്തപുരം: കൊവിഡ്19 പ്രതിരോധം ശക്തിപ്പെടുത്തുന്നതിന് മെഡിക്കൽ ഉപകരണങ്ങൾ, സാനിറ്റൈസർ, കെമിക്കൽസ് മുതലായ സാധനങ്ങൾ ഉത്പാദിപ്പിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള അധികാരം താത്കാലികമായി സംസ്ഥാനങ്ങൾക്ക് നൽകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് അയച്ച കത്തിൽ ആവശ്യപ്പെട്ടു.

കൊവിഡ്19 വൈറസ് പരിശോധനക്ക് കേരളത്തിലുള്ള കേന്ദ്ര സ്ഥാപനങ്ങളുടെയും കേന്ദ്ര സഹായമുള്ള ഗവേഷണ ലാബുകളുടെയും സൗകര്യം ഉപയോഗിക്കാൻ സംസ്ഥാനത്തിന് അനുമതി നൽകണം. കൊവിഡ് പ്രതിരോധ നടപടികൾക്ക് ഡ്രോൺ ഉപയോഗിക്കാൻ സംസ്ഥാന പൊലീസിന് അനുമതി നൽകണമെന്നും മുഖ്യമന്ത്രി പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടു.

ജനലിനപ്പുറം മകൻ സമ്പർക്ക വിലക്കിൽ, വിഡിയൊ പങ്കുവച്ച് സുഹാസിനി

ചെന്നൈ: ലണ്ടനിൽ നിന്നു 18ന് നാട്ടിലെത്തിയ മകന് 14 ദിവസം വീട്ടിൽ സമ്പർക്കവിലക്ക് ഏർപ്പെടുത്തി നടി സുഹാസിനി മണിരത്നം. മകൻ നന്ദൻ അടച്ചിട്ട ചില്ലു ജനലിനപ്പുറമിരിക്കുന്ന വിഡിയൊ ഇൻസ്റ്റഗ്രാമിലൂടെ പങ്കുവച്ച സുഹാസിനി തന്നെയാണ് ഇക്കാര്യം വെളിപ്പെടുത്തിയത്.

ഞാൻ അവനെ കാണുന്നത് ഒരു ഗ്ലാസ് വിൻഡോയിലൂടെയാണ്. ഫോണിലൂടെയാണ് സംസാരിക്കുന്നത്. ഭക്ഷണവും വസ്ത്രവും അകലെ നിന്ന് വയ്ക്കുന്നു. അവൻ ഉപയോഗിച്ച വസ്ത്രങ്ങൾ തിളച്ച വെള്ളവും ഡെറ്റോളും ഉപയോഗിച്ച് വൃത്തിയാക്കുന്നു. അവന് വൈറസ് ഇല്ലെങ്കിലും യൂറോപ്പിൽ യാത്ര ചെയ്തിട്ടുണ്ട്. വൈറസ് ഉള്ളതുപോലെ പെരുമാറേണ്ടതുണ്ട്. ആരോഗ്യത്തോടെയും സുരക്ഷിതമായും തുടരാൻ അത് ആവശ്യമാണ്,' മകനൊപ്പമുള്ള വിഡിയൊ പങ്കുവച്ചുകൊണ്ട് സുഹാസിനി കുറിച്ചു.

'കുടുംബങ്ങളിലേക്ക് ആംഗൻവാടി'

തിരുവനന്തപുരം: സമ്പുഷ്ട കേരളം പദ്ധതിയുടെ ഭാഗമായി കൊവിഡ് 19 ബോധവതരണത്തിനും വിവരശേഖരണത്തിനും 'കുടുംബങ്ങളിലേക്ക് ആംഗൻവാടി' എന്ന പേരിൽ ക്യാംപെയ്ൻ സംഘടിപ്പിക്കാൻ സംസ്ഥാന വനിതാ ശിശുവികസന വകുപ്പ് തീരുമാനം. സംസ്ഥാനത്ത് ബ്രേക്ക് ദ ചെയിൻ എന്ന പേരിൽ സാമൂഹ്യസുരക്ഷാ ബോധവത്കരണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. ഈ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിന്റെ ഭാഗമായാണ് ബോധവത്കരണ ക്യാംപെയ്ൻ സംഘടിപ്പിക്കാൻ തീരുമാനിച്ചതെന്നു മന്ത്രി കെ.കെ. ശൈലജ. ഫോണിലൂടെ അറിയിപ്പുകൾ, സംശയനിവാരണം, വിവരശേഖരണം, മറ്റു സേവനങ്ങൾ എന്നിവ നൽകുന്ന പദ്ധതിയാണു തയാറാക്കിയിരിക്കുന്നത്. 33,115 ആംഗൻവാടികളിലെ 60,000ത്തോളം വരുന്ന ആംഗൻവാടി ജീവനക്കാർ ഇതിൽ പങ്കാളികളാകുമെന്നും മന്ത്രി വ്യക്തമാക്കി.

പ്രധാന പ്രവർത്തനങ്ങൾ:

ആംഗൻവാടി പ്രദേശത്തെ മുഴുവൻ വീടുകളിലും ഫോൺ മുഖേന ബന്ധപ്പെട്ട് അവരുടെ സുഖവിവരങ്ങൾ അന്വേഷിക്കും. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കുട്ടികൾ (പ്രത്യേകിച്ച് മൂന്നു വയസിനു

താഴെ പ്രായമായവർ) തുടങ്ങിയവരുടെ സുഖവിവരങ്ങൾ പ്രത്യേകം അന്വേഷിക്കും. അവർക്ക് പ്രത്യേക ശ്രദ്ധ വേണ്ടതിന്റെ ആവശ്യകത വീട്ടുകാരെ ബോധ്യപ്പെടുത്തും. ഇത്തരക്കാരോട് കഴിവതും വീട്ടിനുള്ളിൽ തന്നെ കഴിയാൻ ആവശ്യപ്പെടും. വ്യക്തി ശുചിത്വത്തിന്റെ പ്രാധാന്യം വീട്ടുകാരെ ഓർമ്മിപ്പിക്കും. രോഗലക്ഷണങ്ങൾ ഉള്ള ആരെങ്കിലും ഉണ്ടെങ്കിൽ അടുത്തുള്ള ആരോഗ്യ കേന്ദ്രത്തെ/ ജെ.പി.എച്ചിനെ അറിയിക്കും. വിദേശത്തു നിന്നുവന്ന ആരെങ്കിലും ഉണ്ടെങ്കിൽ അവരോട് വീട്ടിനുള്ളിൽ തന്നെ കഴിയാൻ അറിയിക്കുകയും അവരുടെ വിവരങ്ങൾ ആരോഗ്യ വകുപ്പിനു കൈമാറുകയും ചെയ്യും.

ഇതോടൊപ്പം പോഷൻ വാണിയിലൂടെ നിത്യവും ലഭിക്കുന്ന കൊവിഡ് 19 സംബന്ധമായ ബോധവത്കരണ സന്ദേശങ്ങൾ ആംഗൻവാടി പ്രവർത്തകരിലൂടെ പൊതുസമൂഹത്തിനു ലഭിക്കുന്നുണ്ടെന്നും പ്രോഗ്രാം ഓഫിസർമാർ ഉറപ്പുവരുത്തും.

പൂനെയിലും ചെന്നൈയിലും സാമൂഹ്യവ്യാപനം?

ട്രെയ്നിൽ സഞ്ചരിച്ച യുവാവിന് രോഗം

ചെന്നൈ: ജനതാ കർഫ്യൂവിനു പിന്നാലെ ട്രെയ്നുകൾ നിർത്തിയും 75 ജില്ലകൾ അടച്ചുപൂട്ടിയും കേന്ദ്ര സർക്കാർ കൂടുതൽ നിയന്ത്രണം കൊണ്ടുവന്നത് കൊവിഡ് 19 രോഗം മൂന്നാംഘട്ടമായ സാമൂഹ്യവ്യാപനത്തിലേക്കു കടന്നുവെന്ന ആശങ്ക ശക്തമായിരിക്കെ. ചൈനയും ഇറ്റലിയും സ്പെയ്നും ഉൾപ്പെടെ രാജ്യങ്ങളിൽ രോഗം എല്ലാ നിയന്ത്രണങ്ങൾക്കുമപ്പുറത്തേക്ക് കടന്നത് ഈ ഘട്ടത്തിലായിരുന്നു. എന്നാൽ, രാജ്യത്ത് ഇപ്പോഴും ഈഘട്ടത്തിലെത്തിയതിനു സ്ഥിരീകരണമില്ല.

തമിഴ്നാട്ടിലും മഹാരാഷ്ട്രയിലും കൊറോണ ബാധിത രാജ്യങ്ങളിൽ പോവുകയോ, രോഗബാധിതരുമായി സമ്പർക്കം പുലർത്തുകയോ ചെയ്യാത്ത രണ്ടു പേർക്ക് രോഗം ബാധിച്ചതാണ് ആശങ്കയ്ക്ക് അടിസ്ഥാനം. മഹാരാഷ്ട്രയിലെ പൂനെയിൽ ഒരു സ്ത്രീക്കും തമിഴ്നാട്ടിൽ ചെന്നൈയിൽ 20കാരനുമാണ് ഇത്തരത്തിൽ രോഗം സ്ഥിരീകരിച്ചത്. ഇവർക്ക് എങ്ങനെ രോഗം ബാധിച്ചു എന്ന അന്വേഷണത്തിലാണ് ആരോഗ്യ കേന്ദ്രങ്ങൾ.

മഹാരാഷ്ട്രയിൽ ഇന്നലെ പത്തു പേർക്കാണു രോഗം ബാധിച്ചത്. ഇവരിൽ അഞ്ചു പേര് വിദേശ യാത്ര നടത്തിയവർ. മറ്റ് അഞ്ചു പേർക്കും നാട്ടിൽ നിന്നുതന്നെയാണ് രോഗം പകർന്നതെന്നും ഇത് ആശങ്കയുണ്ടാക്കുന്നെന്നും സംസ്ഥാന ആരോഗ്യമന്ത്രി രാജേഷ് ടോപ്പ് പറഞ്ഞു. ഇവരുടെ സമ്പർക്കപ്പട്ടിക തയാറാക്കി പരിശോധിക്കാനാണു തീരുമാനം. പൂനെയിൽ വിദേശത്തു പോകുകയോ രോഗബാധിതരുമായി സമ്പർക്കം പുലർത്തുകയോ ചെയ്യാത്ത സ്ത്രീക്കാണു രോഗബാധ. ഇവർ അടുത്തിടെ വാഷിയിൽ ഒരു വിവാഹച്ചടങ്ങിൽ പങ്കെടുത്തിരുന്നു.

18ന് ഡൽഹിയിൽ നിന്ന് ട്രെയ്നിൽ ചെന്നൈയിൽ എത്തിയ 20 കാരനാണ് രോഗം സമൂഹവ്യാപനത്തിലൂടെ ബാധിച്ചെന്നു കരുതുന്ന രണ്ടാമൻ. ഈ യുവാവ് ചെന്നൈയിലെ രാജീവ്ഗാന്ധി ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ ഐസൊലേഷനിലാണ്. ഇദ്ദേഹം കൊറോണ പോസിറ്റീവ് ആയ ആളുകളുമായി ബന്ധപ്പെട്ടിട്ടില്ലെന്നാണ് അറിയുന്നതെന്നും കൂടുതൽ പരിശോധനകൾ നടത്തിവരികയാണെന്നും ഇന്ത്യൻ കൗൺസിൽ ഒഫ് മെഡിക്കൽ റിസർച്ചിലെ സീനിയർ ശാസ്ത്രജ്ഞൻ രാമൻ ഗംഗാഖേദ്കർ പറഞ്ഞു.

മഹാരാഷ്ട്രയിൽ ഇന്നലെ മാത്രം പതിനൊന്ന് പേർക്കാണ് രോഗം സ്ഥിരീകരിച്ചത്. ഇവരിൽ പത്ത് പേരും മുംബയിലാണ്. ഇതോടെ സംസ്ഥാനത്തെ മൊത്തം രോഗികൾ 52ൽ നിന്ന് 63 ആയി ഉയർന്നു. ഇവരിൽ എട്ട് പേർ വിദേശ രാജ്യങ്ങളിൽ പോയിരുന്നു.സംസ്ഥാനത്തെ മൊത്തം രോഗികളിൽ 49 പേരും വിദേശങ്ങളിൽ നിന്ന് വന്നവരും മറ്റുള്ളവർ ഇവരുമായി ഇടപഴകിയവരുമാണെന്ന് മന്ത്രി പറഞ്ഞു.

ജനതാ കർഫ്യൂ ഏറ്റെടുത്ത് മന്ത്രിമാർ

- വീട്ടിലിരുന്ന് നിർദേശങ്ങൾ നൽകി ഡിജിപി

തിരുവനന്തപുരം: കോവിഡ് 19 രാജ്യമാകെ വ്യാപിക്കുന്ന പശ്ചാതലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്ത ജനതാ കർഫ്യൂവിന്റെ ഭാഗമായി വീടുകളിൽ ശുചീകരണ പ്രവർത്തനങ്ങളുമായി സംസ്ഥാന മന്ത്രിമാർ മാതൃകയായി. മന്ത്രി കടകംപള്ളി സുരേന്ദ്രൻ താമസിക്കുന്ന ഔദ്യോഗിക വസതിയായ തൈക്കാട് ഹൗസും പരിസരവും രാവിലെ തന്നെ ശുചീകരിച്ചു ക്യാംപെയിന്റെ ഭാഗമായി. എല്ലാവരും അവരവരുടെ വീടും പരിസരവും ശുചീകരിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് മഹാമാരിയെ പ്രതിരോധിക്കണമെന്ന് കടകംപള്ളി.

ധനമന്ത്രി ടി.എം. തോമസ് ഐസക്ക് ഔദ്യോഗിക വസതിയിയായ കവടിയാർ മൻമോഹൻ ബംഗ്ലാവിൽ ശുചീകരണത്തിന് ശേഷം എഴുത്തിനും വായനയ്ക്കും സമയം കണ്ടെത്തി. കൊവിഡ് 19 രോഗബാധ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ കൂടിയാണ് ഗുരുതരമായി ബാധിക്കുകയെന്ന് അദ്ദേഹം പ്രതികരിച്ചു. ദിവസക്കൂലിക്കാരെ ഈ ലോക്ക് ഡൗൺ വലിയ പ്രതിസന്ധിയിലാക്കും. ജനതാ കർഫ്യൂ എന്ന ആശയത്തെ സർവാത്മനാ സ്വാഗതം ചെയ്യുമ്പോഴും, ഇതു നീണ്ടുപോയാൽ ദിവസവരുമാനക്കാരായ സാധാരണക്കാർ എന്തു ചെയ്യുമെന്നതാണ് തന്നെ അലട്ടുന്നതെന്നും തോമസ് ഐസക്.

നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണനും ഔദ്യോഗിക വസതിയിൽ ശുചീകരണ പ്രവർത്തനങ്ങളുമായി ക്യാംപെയ്നു പിന്തുണയറിയിച്ചു. മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ കൊല്ലം കുണ്ടറയിലെ വസതിയിൽ വീട്ടുകാരോടൊപ്പം വീടും പരിസരവും വൃത്തിയാക്കി. മന്ത്രി എ.സി. മൊയ്തീൻ, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല എന്നിവരും വീടുകളിൽ തന്നെയായിരുന്നു.

പൊലീസിനെക്കൂടി അഭിനന്ദിക്കണം: ഡിജിപി

ഡിജിപി ലോക്നാഥ് ബെഹ്റ വീട്ടിലിരുന്നാണ് പൊലീസിനെ നിയന്ത്രിച്ചതും ഔദ്യോഗിക കാര്യങ്ങളെല്ലാം നിറവേറ്റിയതും. അത്യാവശ്യഘട്ടം ഉണ്ടായാൽ മാത്രമേ പുറത്തിറങ്ങൂ എന്നാണ് ബെഹ്റയുടെ തീരുമാനം. ആരോഗ്യ പ്രവർത്തകരെ അനുമോദിക്കുന്നതിനൊപ്പം അവർക്കൊപ്പം ശ്രദ്ധേയ പ്രകടനം കാഴ്ചവയ്ക്കുന്ന പൊലീസിന്റെ പ്രവർത്തനങ്ങൾക്കു കൂടി അഭിവാദ്യമർപ്പിക്കാൻ തയാറാകണമെന്ന് അദ്ദേഹം അഭ്യർഥിച്ചു.

രോഗപ്രതിരോധ, മുൻകരുതൽ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ പ്രവർത്തനമാണ് പൊലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത്. കൊവിഡ് 19ന്റെ സമൂഹ വ്യാപനം തടയാൻ ജനമൈത്രി പൊലിസ് ഇടപെടുന്നു. രോഗം സ്ഥിരീകരിച്ചവർക്കൊപ്പം താമസിച്ചവരുടെ വിവരങ്ങൾ ശേഖരിക്കുന്നു. മറ്റു രാജ്യങ്ങളിലുള്ളവരെ കുറിച്ചുള്ള വിവരങ്ങൾ പൊലീസ് കൈമാറും. തനിച്ച് താമസിക്കുന്നവർക്ക് ആവശ്യമായ എല്ലാ സേവനവും വീടുകളിൽ പൊലീസ് എത്തിക്കും. എന്താവശ്യമുണ്ടെങ്കിലും പൊലീസ് കൺട്രോൾ റൂമിൽ വിളിക്കണം. സർക്കാരിന്റെ ജാഗ്രതാ നിർദേശങ്ങൾ ലംഘിച്ചാൽ കർശന നടപടി ഉണ്ടാകും. ജാമ്യമില്ലാ വകുപ്പ് ചുമത്തി കേസെടുക്കും- ഡിജിപി മുന്നറിയിപ്പ് നൽകി.

അർധ സൈനിക വിഭാഗങ്ങൾക്ക് 'ചെക്ക്'

ന്യൂഡൽഹി: രാജ്യത്തെ മുഴുവൻ അർധസൈനിക വിഭാഗങ്ങളുടെയും സേനാ നീക്കങ്ങൾ നിർത്തിവച്ചു. ഇപ്പോൾ എവിടെയാണോ അവിടെ ഏപ്രിൽ അഞ്ചു വരെ തുടരാനാണു നിർദേശം. അടുത്ത ദിവസങ്ങളിൽ അവധിയിൽ പോകാനിരുന്നവർക്കു തത്കാലം പോകാനാവില്ല. കുടുംബാംഗങ്ങളുമായി ഇടപഴകിയ മുഴുവൻ ജവാന്മാരും വീട്ടിൽ നിന്നാരും വിദേശത്തു പോയിട്ടില്ലെന്ന സത്യവാങ്മൂലം നൽകണം.അടിയന്തരസാഹചര്യം നേരിടാൻ സജ്ജമായിരിക്കണമെന്ന് സിആർപിഎഫ്, ബിഎസ്എഫ്, സിഐഎസ്എഫ്, ഐടിബിപി, സശസ്ത്ര സീമീ ബെൽ, എൻഎസ്ജി വിഭാഗങ്ങളോടു നിർദേശിച്ചിട്ടുണ്ട്.

സുരക്ഷ ഒരുക്കാൻ ഹാസ്മാറ്റ് സ്യൂട്ട്

കൊറോണ വൈറസ് ഭീഷണി തുടരുമ്പോൾ സെലിബ്രിറ്റികൾ പലരും ഹാസ്മാറ്റ് സ്യൂട്ട് അഥവാ സുരക്ഷാ സ്യൂട്ട് ധരിച്ചുകൊണ്ട് യാത്ര ചെയ്യുന്നതു ലോകം കണ്ടു. പക്ഷേ, യഥാർഥത്തിൽ ഇവർക്കു സ്യൂട്ട് ആവശ്യമുണ്ടോ. ഇല്ലെന്നു പറയുന്നു ആരോഗ്യ വിദഗ്ധർ. ഹാസ്മാറ്റ് സ്യൂട്ട് ആവശ്യമുള്ളത് കൊവിഡ് 19 രോഗികളെ പരിചരിക്കുന്നവർക്കും അവരുമായി അടുത്തിടപഴകുന്നവർക്കും മാത്രമാണ്. ഹാസ്മാറ്റ് സ്യൂട്ടും സുരക്ഷാ കണ്ണടയും മാസ്കും ഗ്ലൗസും മറ്റുള്ളവർ വാങ്ങിക്കൂട്ടുമ്പോൾ ഇവ അത്യാവശ്യമുള്ള മേഖലകളിൽ ക്ഷാമം നേരിടുമെന്നു ചൂണ്ടിക്കാട്ടുന്നു ആരോഗ്യപ്രവർത്തകർ.

ഡൽഹിയിലെ ഖാൻ മാർക്കറ്റിലുള്ള നിർവാണ ബീയിങ് ഈ മാസം ആദ്യമാണ് ഹാസ്മാറ്റ് സ്യൂട്ട് വാങ്ങിയത്. 2000 രൂപയോളം വിലയുള്ള സ്യൂട്ട് 300 എണ്ണം ഇതിനകം വിറ്റഴിഞ്ഞു.

ധരിക്കുന്ന വിധം

സാധാരണ വസ്ത്രത്തിനു പുറമെയാണ് ഹാസ്മാറ്റ് സ്യൂട്ട് ധരിക്കുന്നത്. ഗ്ലൗസ്, ഷൂസ്, മാസ്കുകൾ തുടങ്ങിയവ ധരിച്ചശേഷം മാത്രമേ ഇവ ധരിക്കാവൂ. ഇവയുടെ സിബ്ബുകളും ബട്ടണുകളുമെല്ലാം കൃത്യമായി ഉപയോഗിച്ചിരിക്കണം. കഴുത്ത്, കൈമുട്ട്, മുഖം, അരക്കെട്ട് എന്നിവിടങ്ങളിൽ വസ്ത്രത്തോട് ചേർന്ന് ഒരു ഭാഗവും തുറന്നുകിടക്കുന്നില്ലെന്ന് ഉറപ്പുവരുത്തണം. ഇത് ഊരിയെടുക്കുമ്പോഴുമുണ്ട് ശ്രദ്ധിക്കാനേറെ. വസ്ത്രത്തിലോ ത്വക്കിലോ സ്യൂട്ടിന്റെ പുറംഭാഗം സ്പർശിക്കുന്നില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ടുവേണം ഇത് ഊരിയെടുക്കാൻ. ഗ്ലൗസ്, ഷൂ, മാസ്ക്, കണ്ണട തുടങ്ങിയവയുടെയെല്ലാം പുറംഭാഗം രോഗാണു/ രാസവസ്തു നിറഞ്ഞതായിരിക്കുമെന്ന് മറക്കരുത്. അതുകൊണ്ടുതന്നെ ഓരോന്നായി ഊരി മാറ്റുമ്പോഴും കൈ കഴുകണം.

ഹാസ്മാറ്റ് സ്യൂട്ട്

കൊവിഡ് 19 രോഗികളെ പരിചരിക്കുന്നവരും അവരുമായി നിരന്തരം സമ്പർക്കത്തിലേർപ്പെടേണ്ടി വരുന്നവരുമൊക്കെ ധരിക്കുന്ന പ്രത്യേകതരം സ്യൂട്ടാണിത്. എബോള പ്രതിരോധകാലത്താണ് കൂടുതലായി അറിയപ്പെട്ടുതുടങ്ങിയത്. ആപത്കരമായ വസ്തുക്കളെ തടയാനുള്ള വസ്ത്രം അഥവാ ഹസാർഡസ് മെറ്റീരിയൽ സ്യൂട്ട് എന്നതിന്റെ ചുരുക്കപ്പേരാണു ഹാസ്മാറ്റ് സ്യൂട്ട്. രാസ, ജൈവ വിഭാഗങ്ങളിലുള്ള ദോഷകരമായ ഏതിനെയും തടയാൻ ഇതുകൊണ്ടാകും. സുരക്ഷാ കണ്ണടയും ഗ്ലൗസുകളും ഇതിനൊപ്പം ധരിക്കണം.

സ്യൂട്ടുകൾ പലതരം

ഹാസ്മാറ്റ് സ്യൂട്ടുകൾ പലതരമുണ്ട്. യുഎസിൽ ഇവ എ,ബി,സി,ഡി എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. യൂറോപ്പിൽ നമ്പരുകൾ ഉപയോഗിച്ചാണ് വേർതിരിവ്.

എ വിഭാഗത്തിൽപ്പെടുന്നവ വാതകങ്ങൾ, കണങ്ങൾ, നീരാവി പോലുള്ളവ, പൊടി തുടങ്ങിയവയിൽ നിന്നെല്ലാം സംരക്ഷണമൊരുക്കും. പ്രത്യേക ശ്വസന സഹായിയും ഇതോടൊപ്പം ചേർത്തു ധരിക്കാനാവും വിധമാണു മാസ്കുകളുടെ സംവിധാനം.

ബി വിഭാഗത്തിൽപ്പെടുന്നവ ആദ്യ വിഭാഗത്തിലേതു നൽകുന്ന സുരക്ഷയ്ക്കൊപ്പം ദ്രാവകങ്ങളിൽ നിന്നുള്ള സുരക്ഷയും ഉറപ്പാക്കും. അരയ്ക്കു താഴേക്കു ത്വക്കിന്റെ സുരക്ഷ ഉറപ്പാക്കേണ്ടപ്പോൾ ഇതാണ് ഉപയോഗിക്കുന്നത്.

സി വിഭാഗത്തിലുള്ളവയിൽ വിവിധ തരത്തിലുള്ളതും കൂടുതൽ സുരക്ഷാ സംവിധാനങ്ങളുള്ളതുമായ ശ്വസന സഹായി ഘടിപ്പിക്കാൻ സംവിധാനമുണ്ട്. വായു ശുദ്ധീകരിച്ച് നൽകുന്ന വിധത്തിലുള്ള ശ്വസന സഹായിയും ഉപയോഗിക്കാം. രോഗികളെയോ മരണമടഞ്ഞവരെയോ അണുവിമുക്തമാക്കേണ്ട സാഹചര്യങ്ങളിലാണ് ഇതുപയോഗിക്കുന്നത്. ഡി വിഭാഗത്തിൽപ്പെടുന്നവയ്ക്ക് എല്ലാത്തരം രാസവസ്തുക്കളിൽ നിന്നും ശരീരത്തിനാകെ സംരക്ഷണമൊരുക്കാനാവും. സ്റ്റീലിൽ നിർമിച്ച കാലുറകളും പൂർണ സുരക്ഷ ഉറപ്പാക്കുന്ന മുഖകവചവും ഇതിനുണ്ട്.

രാജസ്ഥാൻ, പഞ്ചാബ് അടച്ചു

- 29 വരെ ഒഡീശയും അടച്ചുപൂട്ടലിന്
- ജനതാ കർഫ്യൂ ഇന്നത്തേക്കു നീട്ടി യുപിയും തമിഴ്നാടും
- മഹാരാഷ്ട്രയിൽ നിരോധനാജ്ഞ

ചണ്ഡിഗഢ്: കൊറോണ വൈറസ് വ്യാപനം കണക്കിലെടുത്ത് രാജസ്ഥാനും പഞ്ചാബും പൂർണമായി അടച്ചു. ഇരു സംസ്ഥാനങ്ങളിലും അവശ്യ സേവനങ്ങൾ ഒഴികെ എല്ലാ വാണിജ്യ സ്ഥാപനങ്ങളും 31 വരെ അടച്ചിടും. അതിർത്തികളും അടച്ചു.

രാജസ്ഥാന് പിന്നാലെ പൂർണമായും അടച്ചിടുന്ന രണ്ടാമത്തെ സംസ്ഥാനമാണ് പഞ്ചാബ്. ഇതുവരെ 14 കേസുകളാണ് ഇവിടെ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇന്നലെ മാത്രം 11 പേർ രോഗബാധിതരായി. സംസ്ഥാനം അടച്ചിടുന്ന സാഹചര്യത്തിൽ അവശ്യ സേവനങ്ങൾ ലഭിക്കുന്നതിനായി ഒരു കുടുംബത്തിൽ നിന്നു് ഒരാൾക്ക് മാത്രമേ പുറത്തുപോകാൻ അനുവാദമുള്ളൂ.

പരമാവധി 50 പേർക്കുവരെ ഒരുമിച്ചു കൂടാം എന്നത് 20 പേരാക്കി ചുരുക്കി. രാവിലെ 6 മുതൽ രാത്രി 10 വരെ എട്ട് മണിക്കൂർ ദൈർഘ്യമുള്ള രണ്ട് ഷിഫ്റ്റുകളിൽ ജില്ലാ കൺട്രോൾ റൂമുകൾ പ്രവർത്തിക്കുമെന്നും അദ്ദേഹം അറിയിച്ചു.

രാജസ്ഥാനിൽ ഉന്നതതല യോഗത്തിനു ശേഷം മുഖ്യമന്ത്രി അശോക് ഗെഹ്‌ലോട്ടാണ് അടച്ചുപൂട്ടൽ പ്രഖ്യാപിച്ചത്. ഈ സമയത്തും ആർക്കും ഭക്ഷ്യധാന്യങ്ങൾക്കു ക്ഷാമമുണ്ടാകില്ലെന്നും മേയ് വരെ എല്ലാവർക്കും സൗജന്യമായി റേഷൻ സാമഗ്രികൾ നൽകുമെന്നും അദ്ദേഹം.

നഗരങ്ങളിൽ വഴിയോരക്കച്ചവടക്കാർക്കും കൂലിത്തൊഴിലാളികൾക്കും പാക്കറ്റ് ഭക്ഷണം നൽകാൻ നഗരസഭകളെയും ജില്ലാ അധികൃതരെയും ചുമതലപ്പെടുത്തി.സാമൂഹിക സുരക്ഷാ പെൻഷൻ ഏപ്രിൽ ആദ്യം വിതരണം ചെയ്യും. ഫാക്റ്ററിത്തൊഴിലാളികൾക്ക് അവധി നൽകുമെന്നും അദ്ദേഹം. അതേസമയം, പ്രധാനമന്ത്രി പ്രഖ്യാപിച്ച ജനതാ കർഫ്യൂ തമിഴ്നാട്ടിലും യുപിയിലും ഇന്നു രാവിലെ വരെയാക്കി നീട്ടി. മഹാരാഷ്ട്രയിലും ഡൽഹിയിലും നിരോധനാജ്ഞ പ്രഖ്യാപിച്ചു. 29 വരെ ഒഡീശയും അടച്ചുപൂട്ടൽ പ്രഖ്യാപിച്ചിട്ടുണ്ട്. അടിയന്തര ആവശ്യങ്ങൾക്കല്ലാതെ പുറത്തിറങ്ങരുതെന്നു മുഖ്യമന്ത്രി നവീൻ പട്നായിക്ക്. സംസ്ഥാനത്ത് വിദേശത്തു നിന്നെത്തിയ 3000 പേര് സമ്പർക്ക വിലക്കിലുണ്ട്.

അടച്ചിട്ടതുകൊണ്ടു മാത്രം വൈറസിനെ തോൽപ്പിക്കാനാവില്ല: ഡബ്ല്യുഎച്ച്ഒ

ന്യൂഡൽഹി, ലണ്ടൻ: അടച്ചിട്ടതുകൊണ്ടു മാത്രം കൊറോണ വൈറസിനെ തോൽപ്പിക്കാനാവില്ലെന്ന് ലോകാരോഗ്യ സംഘടന (ഡബ്ല്യുഎച്ച്ഒ). അടച്ചിടലിനൊപ്പം കൃത്യമായ പ്രതിരോധ നടപടികളുണ്ടായില്ലെങ്കിൽ നിയന്ത്രണം നീക്കുമ്പോൾ വീണ്ടും രോഗം പടരുമെന്നു ലോകാരോഗ്യ സംഘടനാ മുതിർന്ന ഉദ്യോഗസ്ഥൻ മൈക്ക് റയാൻ മുന്നറിയിപ്പ് നൽകി. രോഗികളെയും വൈറസ് ബാധിതരെയും പരിപൂർണമായി കണ്ടെത്തി സമ്പർക്കവിലക്കിലാക്കുകയാണ് ഇപ്പോൾ ചെയ്യേണ്ടത്. ഇല്ലെങ്കിൽ ഈ നടപടികൾ കൊണ്ടു ഫലമുണ്ടാവില്ലെന്നും റയാൻ. അതേസമയം, കൃത്യസമയത്ത് ലോകരാജ്യങ്ങൾക്കു മുന്നറിയിപ്പു നൽകുന്നതിൽ പരാജയപ്പെട്ട സംഘടന കടുത്ത വിമർശനം നേരിടുകയാണ്. മനുഷ്യരിൽ നിന്നു മനുഷ്യരിലേക്കു പടരുന്ന വൈറസ് അപകടകാരിയെന്നു കഴിഞ്ഞ ഡിസംബർ 31ന് തായ്പേയ് ആരോഗ്യ അധികൃതർ ഡബ്ല്യുഎച്ച്ഒയ്ക്ക് മുന്നറിയിപ്പു നൽകിയിരുന്നു.

എന്നാൽ, കൊറോണ വൈറസിനെ നേരിടുന്നതിൽ വിജയമെന്നു പറഞ്ഞ് ചൈനയെ അഭിനന്ദിക്കുകയായിരുന്നു അന്നു ഡബ്ല്യുഎച്ച്ഒ മേധാവ് ടെഡ്രോസ് അധനം.

ഒറ്റപ്പെട്ട പ്രവാസി 'ഹുങ്കിനെതിരേ' കടുപ്പിച്ച് അധികൃതർ

എം.ബി. സന്തോഷ്

തിരുവനന്തപുരം: ഒറ്റപ്പെട്ട ചില പ്രവാസികളുടെ പണക്കൊഴുപ്പിന്റെയും സ്വാധീനത്തിന്റെയും പേരിലുള്ള ഹുങ്ക് ആരോഗ്യപ്രവർത്തകർക്കും പൊലീസിനും തലവേദനയാവുന്നു. നാട് മുഴുവൻ കൊറോണ എന്ന മഹാമാരിക്കെതിരേ ഒറ്റക്കെട്ടായി പ്രതിരോധത്തിനായി സഹനമാർഗത്തിലേക്കു മാറുമ്പോൾ തങ്ങൾക്ക് ഒരു നിയന്ത്രണവും ബാധകമല്ലെന്ന നിലയിലുള്ള ഇക്കൂട്ടരിൽ ചിലരുടെ പെരുമാറ്റമാണ് അധികൃതരെ വലയ്ക്കുന്നത്. എല്ലാ നിയമങ്ങളും നിർദേശങ്ങളും കൃത്യമായി അനുസരിക്കുന്ന ബഹുഭൂരിപക്ഷം വരുന്ന പ്രവാസികളും ഇത്തരക്കാരുടെ പെരുമാറ്റം മൂലം അപഹാസ്യരായി മാറുകയും ചെയ്യുന്നു.

ഇതേത്തുടർന്ന് ഇത്തരം 'ഹുങ്കുകാരെ' കർശനമായി നേരിടുന്നതിന്റെ ഭാഗമായി ജില്ലാ മജിസ്ട്രേറ്റായ കലക്റ്റർമാർക്കും ജില്ലാ പൊലീസ് മേധാവിമാർക്കും 1897ലെ പകർച്ചവ്യാധി നിയന്ത്രണ നിയമത്തിലെ സെക്ഷൻ രണ്ട് പ്രകാരമുള്ള അധികാരങ്ങൾ നൽകുന്ന ഉത്തരവ് കഴിഞ്ഞ ദിവസം ചീഫ് സെക്രട്ടറി പുറപ്പെടുവിച്ചിട്ടുണ്ട്.

ഇറ്റലിയിൽ നിന്ന് റാന്നിയിലെത്തിയ പ്രവാസി കുടുംബവും ദുബായിൽ നിന്ന് കരിപ്പൂരിലിറങ്ങിയ കാസർഗോഡുകാരനുമാണ് കേരളത്തെ അക്ഷരാർഥത്തിൽ വെള്ളം കുടിപ്പിച്ചത്. ഇരുകൂട്ടരും വിമാനത്താവളത്തിൽ നിന്നുള്ള നിയന്ത്രണങ്ങളൊന്നും സ്വീകരിക്കാതെ ബന്ധുവീടുകളിലും പൊതുസ്ഥലങ്ങളിലും കറങ്ങി നടക്കുകയായിരുന്നു.

കാസർഗോഡുകാരൻ ഒരുപടി കൂടി കടന്ന് ഒന്നിലേറെ കല്യാണ ചടങ്ങുകളിലും ജന്മദിനാഘോഷങ്ങളിലും ഫുട്ബോൾ മാച്ചുകളിലും ആഘോഷമായി പങ്കെടുത്തു. തുടർന്ന് മുസ്‌ലിം ലീഗുകാരായ രണ്ട് എംഎൽഎമാർക്കും നിരീക്ഷണത്തിൽ കഴിയേണ്ടി വന്നിരിക്കുകയാണ്.

തിരുവനന്തപുരം വിമാനത്താവളത്തിലിറങ്ങി കുണ്ടറയിലെത്തിയ പ്രവാസി നിശ്ചിത കാലം നിരീക്ഷണത്തിൽ കഴിയുന്നതിനു പകരം കൊല്ലത്തെയും കുണ്ടറയിലെയും മാളുകളിൽ കറങ്ങിനടക്കുന്നതായി വിവരം ലഭിച്ചതിനെ തുടർന്ന് വീട്ടിലെത്തിയ ആരോഗ്യ പ്രവർത്തകരോടും പൊലീസിനോടും അങ്ങേയറ്റം മോശമായി പെരുമാറി. 'നിങ്ങൾ എന്തു നടപടിയുമെടുത്തോ' എന്ന് ഭീഷണിപ്പെടുത്തിയ ഇയാൾക്കെതിരേ കേസെടുത്തിട്ടുണ്ട്.

സമാനമായി മലബാറിലെ ഒരു ജില്ലയിൽ പുറത്തിറങ്ങി നടന്ന പ്രവാസിയോട് ഇതു ചോദ്യം ചെയ്തപ്പോൾ ആരാധനാലയത്തിൽ പോയതാണെന്നായിരുന്നു മറുപടി. കേസെടുത്താൽ വിദേശത്തേക്കു തിരികെ പോകാനാവില്ലെന്ന് പൊലീസ് പറഞ്ഞതോടെ അയാൾ ഇനി പുറത്തിറങ്ങില്ലെന്നു സമ്മതിച്ചു. ഈ വീഡിയൊ ഇപ്പോൾ വൈറലാണ്.

ഇത്തരം 'അനുസരണക്കേടുകളെ' ന്യായീകരിക്കാനും കക്ഷിരാഷ്ട്രീയ താത്പര്യത്താൽ ചിലർ എത്തുന്നുവെന്നതാണ് ഇവർക്കുള്ള ബലം. കാസർഗോഡ് എല്ലാ നിയന്ത്രണങ്ങളും മറികടന്ന് വിചിത്രമായി കറങ്ങിനടന്ന പ്രവാസി മൂലം നിരീക്ഷണത്തിലായ മുസ്‌ലിം ലീഗ് എംഎൽഎ എൻ.എ. നെല്ലിക്കുന്നുപോലും തന്റെ പരിചയക്കാരനായ പ്രവാസിക്ക് 'വിവരങ്ങളൊന്നും വിമാനത്താവളത്തിൽ നിന്ന് ലഭിച്ചില്ല' എന്നുപറഞ്ഞ് അയാളെ ന്യായീകരിക്കാനാണ് തയാറായത്. എന്നാൽ, അതൊന്നും ഇനി അംഗീകരിക്കേണ്ട എന്ന നിലപാടിലാണ് അധികൃതർ.

ജനതാ കർഫ്യൂ ദിനത്തിൽ ഫ്ലാറ്റുകളുടെ ബാൽക്കണികളിൽ നിന്ന് ആരോഗ്യ പ്രവർത്തകരെ കൈയടിച്ചും മണി മുഴക്കിയും പാത്രത്തിലടിച്ചും അഭിനന്ദിക്കുന്നവർ. ഡൽഹിയിൽ നിന്നുള്ള ദൃശ്യം. - ആർ. രവീന്ദ്രൻ

തടവുകാർ മാസ്ക് നിർമാണത്തിലാണ്

ചണ്ഡിഗഢ്: കൊവിഡ് 19 ഭീതി രാജ്യമെങ്ങും പടരുമ്പോൾ സുരക്ഷാ മാസ്കുകളുടെ നിർമാണത്തിലാണ് ചണ്ഡിഗഢിലെ തടവുകാർ. ദിവസം 700-800 മാസ്കുകളാണ് 15 തടവുകാർ വീതമുള്ള രണ്ടു സംഘങ്ങൾ ചേർന്നു നിർമിക്കുന്നത്. സർക്കാർ ഓഫിസുകളിലേക്കാണ് ജയിലധികൃതർ ഇതു നൽകുന്നതെന്നും പൂർണമായി അണുവിമുക്ത സാഹചര്യങ്ങളിലാണു മാസ്ക് നിർമാണമെന്നും ജയിലിലെ സീനിയർ മെഡിക്കൽ ഓഫിസർ നീന ചൗധരി. വൈകാതെ പ്രതിദിന നിർമാണം 1500 ആക്കി ഉയർത്തുമെന്നും പൊതു ജനത്തിനും മാസ്ക് വിൽക്കാനാവുമെന്നും നീ ചൗധരി പറഞ്ഞു.

ഫ്രാൻസിൽ 'പ്രതിരോധത്തിന്' ഹെലികോപ്റ്ററും

പാരിസ്: കൊവിഡ് 19 പ്രതിരോധ നടപടികൾക്കായി ഹെലികോപ്റ്ററുകളും ഡ്രോണുകളും ഉപയോഗിക്കാൻ ഫ്രഞ്ച് ഭരണകൂടം തീരുമാനിച്ചു. രാജ്യത്ത് ജനങ്ങളുടെ സഞ്ചാരത്തിനടക്കം പൂർണ നിയന്ത്രണം പ്രഖ്യാപിച്ചിരിക്കെ ഇതു ലംഘിക്കപ്പെടുന്നുണ്ടോ എന്നു കണ്ടെത്താനാണിത്. കൂടാതെ രോഗികളെ ആശുപത്രിയിലെത്തിക്കാനും ഹെലികോപ്റ്ററുകൾ ഉപയോഗിക്കും. ചൊവ്വാഴ്ചയാണ് ഫ്രാൻസിൽ അടച്ചുപൂട്ടൽ പ്രഖ്യാപിച്ചത്. ഭക്ഷണം, ചികിത്സ, നായയുമായുള്ള നടത്തം, ഒറ്റയ്ക്കുള്ള നടത്തം എന്നിവയ്ക്കു മാത്രമേ ഇപ്പോൾ പുറത്തിറങ്ങാൻ അനുവാദമുള്ളൂ. രാജ്യത്ത് 14,000 പേർക്കു രോഗബാധ സ്ഥിരീകരിച്ചിട്ടുണ്ട്. 562 പേർ മരിച്ചു.

മരണം 13,000, 100 കോടി 'വീട്ടുതടങ്കലിൽ'

റോം: കൊവിഡ് 19 രോഗം ബാധിച്ച് ലോകമൊട്ടാകെ മരിച്ചവരുടെ എണ്ണം 13,000 കടന്നു. മൂന്നു ലക്ഷം പേർക്കു രോഗം സ്ഥിരീകരിച്ചു. 35 രാജ്യങ്ങൾ പ്രതിരോധ നടപടികളുടെ ഭാഗമായി അതിർത്തികളടച്ചും യാത്രാ വിലക്ക് ഏർപ്പെടുത്തിയും വ്യാപാര- വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവച്ചും എല്ലാ ശ്രമങ്ങളും നടത്തുകയാണ്.അതേസമയം, ഇറ്റലിയിൽ മരണസംഖ്യ 4,800 ആയി. സ്പെയ്നിൽ മരണസംഖ്യയിൽ 32 ശതമാനം വർധനയുണ്ടായി. ഫ്രാൻസിൽ 562 പേരാണു മരിച്ചത്.

പരിശോധനയ്ക്ക് ഇസ്രയേലിന്റെ പുതിയ മാർഗം

ജറൂസലം: കൊറോണ വൈറസ് ബാധ തിരിച്ചറിയാൻ പുതിയ മാർഗവുമായി ഇസ്രയേൽ. ടെക്നിയൻ സർവകലാശാലയിലെയും റാംബൻ ഹെൽത്ത് കെയറിലെയും ഗവേഷകർ നടത്തിയ പരീക്ഷണമാണ് രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കും മുൻപുതന്നെ വൈറസ് സാന്നിധ്യം തിരിച്ചറിയാനാകുന്ന മാർഗം വികസിപ്പിച്ചത്. ഒരേ സമയം നിരവധി പേരിൽ പരിശോധന നടത്താനും ഈ സംവിധാനത്തിനാകും. രോഗ പ്രതിരോധത്തിന് ഇതു വലിയതോതിൽ സഹായിക്കുമെന്നു കരുതുന്നു.

നിലവിൽ പിസിആർ സംവിധാനം ഉപയോഗിച്ചാണ് ഇസ്രയേലിൽ നിലവിൽ കൊറോണ വൈറസ് ബാധ സ്ഥിരീകരിക്കുന്നത്. ഓരോരുത്തരുടെയും സാംപ്ൾ എടുത്താണ് ഈ സംവിധാനത്തിൽ പരിശോധന. ദിവസം 1200 പേർക്കു മാത്രമേ ഇങ്ങനെ പരിശോധന നടത്താനാവൂ. അതിനാകട്ടെ മണിക്കൂറുകൾ വേണ്ടവരുന്നു. റാംബാൻ ക്ലിനിക്കൽ മൈക്രോബയോളജി ലബോറട്ടറിക്ക് ഒരു ദിവസം 200 കൊറോണ സാംപ്ളുകൾ മാത്രമേ പരിശോധിക്കാൻ കഴിയുകയുള്ളൂ.

എന്നാൽ, പുതിയ രീതിയിൽ 32 മുതൽ 64 വരെ രോഗികളിൽ നിന്നും എടുത്ത സാംപ്ളുകൾ ഒരുമിച്ചാണു പരിശോധന. ഡസൻ കണക്കിന് സാമ്പിംപ്ളുകൾ ഒരേ സമയം പരിശോധിക്കാൻ കഴിയും. 64 സാംപ്ളുകൾ ഒരുമിച്ച് പരിശോധന നടത്തിയപ്പോൾ അതിൽ ഒരെണ്ണം മാത്രം പോസിറ്റീവ് ഉള്ളൂവെന്ന് സിസ്റ്റം തിരിച്ചറിഞ്ഞതായും ടെക്നിയനിലെ ബയോളജി ഫാക്കൽറ്റിയിലെ ഗവേഷണ ഗ്രൂപ്പ് മേധാവി പ്രൊഫസർ റോയ് കിഷോനി പറഞ്ഞു.

കോര മത്തായി

കുഴൂർ: പാറേക്കര വീട്ടിൽ കോര മത്തായി (88)അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10ന് കുന്നുകുരുടി സെന്റ് ജോർജ് യാക്കോബായ സുറിയാനി പള്ളിയിൽ. ഭാര്യ: പരേതയായ സാറാമ്മ. മക്കൾ: ഏലിയാമ്മ, ശ്യാമൻ, പരേതയായ മറിയാമ്മ, ചിന്നമ്മ. മരുമക്കൾ: വർഗീസ്, എ.എം. വർഗീസ്, എൽദോ.

അന്തോണി

അങ്കമാലി: ഭാവന നഗർ മഞ്ഞളി അന്തോണി (കുഞ്ഞുമോൻ-84) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 9ന് സെന്റ് ജോർജ് ബസിലിക്കയിൽ. ഭാര്യ: അങ്കമാലി പള്ളിക്കൽ പരേതയായ ത്രേസ്യാക്കുട്ടി. മക്കൾ: ജോയി (ദുബായ്), മാർട്ടിൻ, റീന, പരേതനായ വർഗീസ്. മരുമക്കൾ: ആൻസി (അംഗനവാടി അധ്യാപിക), ബിന്ദു, സൈമൺ.

കെ.കെ. പൗലോസ്

അങ്കമാലി: മൂക്കന്നൂർ താബോർ കോറാട്ടുകുടി കുരിയാക്കോസിന്റെ മകൻ കെ.കെ. പൗലോസ് (74) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10ന് പൂതംകുറ്റി സെന്റ് മേരീസ് യാക്കോബായ പള്ളിയിൽ. ഭാര്യ: വേങ്ങൂർ പുലികുഞ്ഞൻ കുടുംബാംഗം മോളി. മക്കൾ: ജിജി, ജിഷ, ജിനി. മരുമക്കൾ: എൽദോസ്, ഷിജി, ബെൻസൺ.

മങ്ക

അലങ്ങാട്: തിരുവാല്ലൂർ കുണ്ടേലിപ്പറമ്പിൽ മങ്ക (65) അന്തരിച്ചു. സഹോദരങ്ങൾ: ശിവൻ, ചന്ദ്രൻ, ഓമന, രാജു.

ജേക്കബ്

പറവൂർ: പള്ളിത്താഴം പുത്തൻവീട്ടിൽ ദേവസിയുടെ മകൻ ജേക്കബ് (72) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10.30ന് ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ. ഭാര്യ: ലിമ ജേക്കബ്. മക്കൾ: ലിജ (അധ്യാപിക, എച്ച്എംഎച്ച്എസ്എസ്, എടവനക്കാട്), നവീൻ (എമിറേറ്റ്സ്, ദുബായ്). മരുമക്കൾ: രാജേഷ് വഞ്ചിപ്പുര (അസോ. പ്രൊഫസർ ഗവ. എൻജിനീയറിങ് കോളജ്, കണ്ണൂർ), ദിയ (ദുബായ്).

മാലതി അമ്മ

പറവൂർ: ചേന്ദമംഗലം മനക്കോടം ശർഫ് വില്ലയിൽ മാലതി അമ്മ (85) അന്തരിച്ചു. സംസ്കാരം നടത്തി. ഭർത്താവ്: പരേതനായ ബാലകൃഷ്ണ മാരാർ. മക്കൾ: വിജയലക്ഷ്മി, ഹരികൃഷ്ണൻ. മരുമകൾ: രാധി.

രേഷ്മ

നെട്ടൂർ: തണ്ടാശ്ശേരി വീട്ടിൽ പരേതനായ അരവിന്ദാക്ഷന്റെ മകൾ രേഷ്മ (35) അന്തരിച്ചു. സംസ്കാരം നടത്തി. ഭർത്താവ്: സോജൻ. മക്കൾ: അമാഡിയ, രജിത്. മാതാവ്: കല ദേവി (റിട്ട. കെഎസ്ഇബി).

പങ്കജാക്ഷൻ പിള്ള

പറവൂർ: കോട്ടുവള്ളി കൊപ്പറമ്പിൽ വീട്ടിൽ പങ്കജാക്ഷൻപിള്ള (73, റിട്ട. കൊച്ചി കോർപ്പറേഷൻ) അന്തരിച്ചു. ഭാര്യ: തങ്കമണി. മക്കൾ: ഹരിലാൽ, രാജീവ് കുമാർ, ശ്രീകുമാർ, ശ്രീകാന്ത്, പരേതനായ സജീവ്കുമാർ. മരുമകൾ: മഞ്ജുള.

രാധ

മുഹമ്മ: മുഹമ്മ അഞ്ചുതൈയ്ക്കൽ ക്ഷേത്രത്തിനു സമീപം പനയ്ക്കാപറമ്പിൽ പി.എൻ. തങ്കപ്പന്റെ ഭാര്യ രാധ (53) അന്തരിച്ചു. മക്കൾ: അനീഷ് (ജലഗതാഗത വകുപ്പ് ആലപ്പുഴ), അഭിലാഷ്.

സുമേഷ്

മുഹമ്മ: മണ്ണഞ്ചേരി അമ്പനാകുളങ്ങര പുത്തൻപുരയിൽ സുധാകരന്റെ മകൻ സുമേഷ് (32) അന്തരിച്ചു. അമ്മ: ഇന്ദിര. ഭാര്യ: സൂര്യഗായത്രി (ആംഗൻവാടി വർക്കർ). മകൾ: കല്യാണി (നാലാം ക്ലാസ് വിദ്യാർഥിനി, തമ്പകച്ചുവട് ഗവ. യുപിഎസ്).

ആനിയമ്മ

തിരുവല്ല: കാരയ്ക്കൽ പണിക്കരുവീട്ടിൽ കൊച്ചുപുരയ്ക്കൽ പരേതനായ കെ.വി. പോത്തന്റെ ഭാര്യ ആനിയമ്മ (69) അന്തരിച്ചു. സംസ്കാരം നാളെ രാവിലെ 11ന് കാരയ്ക്കൽ സെന്റ് തോമസ് മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ. പരേത വെണ്ണിക്കുളം മുതുപാല ഉള്ളിരിക്കൽ കുടുംബാംഗമാണ്. മക്കൾ: ജിൻസി (സൗദി), ജിഷ (മസ്കറ്റ്), ജോബി. മരുമക്കൾ: സാജൻ, റ്റിബി (മസ്കറ്റ്), നിമ്മി.

ഭാനുനാടാർ

തിരുവനന്തപുരം: നീറമൺകര കൈമനം ലക്ഷ്മി റോഡിൽ വടക്കേത്തോപ്പ് പുത്തൻ വീട്ടിൽ പരേതനായ നാണുനാടാരുടെ മകൻ ഭാനുനാടാർ (67) അന്തരിച്ചു. ഭാര്യ: തങ്കം.

ബി. ശാന്തമ്മ

താഴെ പുനുക്കന്നൂർ: അല്ലാംമൂട്ടിൽ ശാന്ത നിവാസിൽ അപ്പുക്കുട്ടൻപിള്ളയുടെ ഭാര്യ ബി. ശാന്തമ്മ (74) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11ന് വീട്ടുവളപ്പിൽ. മക്കൾ: ത്രിവിക്രമൻ (ശാന്താ ടാക്കീസ്, മുഖത്തല), എ. ആശകുമാരി (ടികെഎം പബ്ലിക് സ്കൂൾ, കരിക്കോട്), എ. ശരത്കുമാർ (ഡയറക്ടർ, യൂണീക് ഗ്രൂപ്പ്, ദുബായ്). മരുമക്കൾ: പരേതനായ ആർ. അജിത്, റാണി.


എൻ. കൃഷ്ണൻ നമ്പൂതിരി

കല്ലമ്പലം: ചാത്തൻപാറ പെരിയമനയിൽ (സുകൃതാലയം) എൻ. കൃഷ്ണൻ നമ്പൂതിരി (75, റിട്ട. എച്ച്എസ്എ ജനതാ എച്ച്എസ്എസ് തേമ്പാമൂട്, കെഎസ്ടിഎ മുൻ ജില്ലാ കമ്മിറ്റി അംഗം) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11ന് വീട്ടുവളപ്പിൽ. ഭാര്യമാർ: പരേതയായ സുഭദ്ര അന്തർജനം, രാധാദേവി അന്തർജനം. മക്കൾ: അനൂപ് കൃഷ്ണൻ (എസ്എംബി തൃശൂർ), ആനന്ദ്കൃഷ്ണൻ (ഐബെൽ തിരുച്ചിറപ്പള്ളി), അഞ്ജലി കൃഷ്ണൻ. മരുമക്കൾ: അപർണ വിജയൻ (എഫ്എസ്ഐ തിരുവനന്തപുരം).

ചെല്ലമ്മ

വെള്ളറട: ധനുവച്ചപുരം വാറുവിള അജയ് ഭവനിൽ പരേതനായ ദാനിയേലിന്റെ ഭാര്യ ചെല്ലമ്മ (103) അന്തരിച്ചു. മക്കൾ: ശേഖരൻ, രമണൻ (മുൻ കൊല്ലയിൽ പഞ്ചായത്ത് പ്രസിഡന്റ്), രവീന്ദ്രൻ (പികെഎസ് പുന്നോട്ടുകോണം പ്രസിഡന്റ്), ശശീന്ദ്രൻ (കൊല്ലയിൽ ലോക്കൽ കമ്മിറ്റി സെക്രട്ടറി സിപിഐ), പരേതനായ സുരേന്ദ്രൻ. മരുമക്കൾ: രമണി, സരോജം, രഞ്ജിതം, പ്രേമലത.

തങ്കം കുട്ടൻ

വടുക്കര: പരേതനായ കുമ്പിൽ കുട്ടന്റെ ഭാര്യ തങ്കം (92) അന്തരിച്ചു. മക്കൾ: ഗീത രാമചന്ദ്രൻ, ഡോ. കെ.കെ. പുഷ്പ, കെ.കെ. ബിന്ദു. മരുമക്കൾ: പരേതനായ വൻപറമ്പിൽ രാമചന്ദ്രൻ, എം.കെ. പ്രഭു, എൻ.ബി. ശശിധരൻ. മൃതദേഹം തൃശൂർ മെഡിക്കൽ കോളജിലേക്ക് വിദ്യാർഥികൾക്ക് പഠിക്കുന്നതിനായി വിട്ടുകൊടുത്തു.

ഖദീജ

മാള: വെള്ളൂർ റീന ഓയിൽ മില്ലിന് സമീപം താമസിക്കുന്ന പരേതനായ വലിയകത്ത് സെയ്തുമുഹമ്മദിന്റെ ഭാര്യ ഖദീജ (62) അന്തരിച്ചു. ഖബറടക്കം നടത്തി. മക്കൾ: ഷിയാസ് (ബഹ്റിൻ), ഷിഹാബ് (യുഎഇ), ഷഫ്ന. മരുമക്കൾ: സജീന, ഹാരിഷ, പരേതനായ റഷീദ്.

തങ്കമ്മ

കിഴക്കേകോട്ട: മേയ്ക്കാട്ടുകുളം ഈനാശുവിന്റെ ഭാര്യ തങ്കമ്മ (84) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11ന് കിഴക്കേകോട്ട മാർ യോഹന്നാൻ മാംദാന പള്ളി സെമിത്തേരിയിൽ. മക്കൾ: എം.ഐ. താരു, എം.ഐ. ജോർജ്, റൂബി, റീന, എം.ഐ. ഷാജു, മിനി, എം.ഐ. ബാബു, എം.ഐ. റോയ്, എം.ഐ. സന്തോഷ്. മരുമക്കൾ: ഷേർളി കല്ലൂക്കാരൻ, സീന ഇമ്മട്ടി, റാഫേൽ പെരിഞ്ചേരി, ആന്റോ മഞ്ഞളി, ഷിബി കോനിക്കര, ജോൺസൺ താഴത്ത, മെൽവി ചേറ്റുപുഴക്കാരൻ, മെറി വില്ലടം.

ഷെറിൻ

തൃപ്പൂണിത്തുറ: കോറോത്ത് സിനുവിന്റെ ഭാര്യ ഷെറിൻ (30) അന്തരിച്ചു. സംസ്കാരം നടത്തി. അച്ഛൻ: പോൾ ജോസഫ്. അമ്മ: ഷേർലി പോൾ. മക്കൾ: അമൻഡ, അഡോണിസ


പോൾ

പുത്തൻചിറ: പുത്തൻചിറ കിഴക്കും മുറിയിലെ ആദ്യകാല കോൺഗ്രസ് നേതാവും പുത്തൻചിറ മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റുമായ എം.പി. സോണിയുടെ പിതാവ് മാളിയേക്കൽ കുന്നൻ ചെറിയ മകൻ പോൾ (പോളി-81) അന്തരിച്ചു. സംസ്കാരം ഇന്ന് വൈകിട്ട് 4ന് സെന്റ് മേരീസ് ഫൊറോന പള്ളി സെമിത്തേരിയിൽ. ഭാര്യ: പരേതയായ റോസിലി (കോതമംഗലം ഒലിയപ്പുറം കുടുംബാംഗം). മക്കൾ: എം.പി. സോണി, എം.പി. ബോണി (ദുബായ്), മോണി. മരുമക്കൾ: ജിസ്മി, എമിലിയ (ദുബായ്), ഷാജു.

റോസി

ഇരിങ്ങാലക്കുട: മുൻ വെള്ളൂക്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും പരേതനായ കുറ്റിക്കാട്ട് അക്കരക്കാരൻ വർഗീസിന്റെ ഭാര്യ റോസി (73) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ഷൈനി, ഫിജോ. മരുമക്കൾ: ബിജു, റിതു.

മാത്യു ചെറിയാൻ

ചാത്തങ്കേരി: പുരയ്ക്കൽ മണപ്പുറത്ത് ഏലിയാമ്മ ചെറിയാന്റെയും പരേതനായ എം.എം. ചെറിയാന്റെയും മകൻ മാത്യു ചെറിയാൻ (റോയി-69) യുഎസിൽ അന്തരിച്ചു. സംസ്കാരം ബുധനാഴ്ച ന്യൂയോർക്ക് ഐപിസി സഭയുടെ ചുമതലയിൽ അവിടെ നടക്കും. ഭാര്യ: കുന്നന്താനം പനച്ചിക്കൽ ലീലാമ്മ (ന്യൂയോർക്ക്). മക്കൾ: റോബിൻ ചെറിയാൻ, റെനി ചെറിയാൻ. മരുമകൾ: പ്രീന (എല്ലാവരും യുഎസ്).

ഭാസുര

ക്ലാപ്പന വടക്ക്: ഗുരുഭവനത്ത് പരേതനായ ശിവാനന്ദന്റെ ഭാര്യ ഭാസുര (68) അന്തരിച്ചു.

കൗസല്യ

ചെറുവാളൂർ: റിട്ട. വാളൂർ നായർ സമാജം സ്കൂൾ ജീവനക്കാരൻ നടുവിൽ അയ്യപ്പന്റെ ഭാര്യ കൗസല്യ (80) അന്തരിച്ചു. മക്കൾ: ശോഭന, ജയാ, ശശി, സുധീർ. മരുമക്കൾ: ബാലകൃഷ്ണൻ, അംബിക, സിമ്മി.

ശാന്ത

ഒല്ലൂർ: വേലൂർ പടിഞ്ഞാറെ വാരിയത്ത് ജനാർദ്ദനന്റെ ഭാര്യ പുതുക്കോട് വാര്യത്ത് ശാന്ത വാരസ്യാർ (76) അന്തരിച്ചു. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് 12ന് പാറമേക്കാവ് ശാന്തിഘട്ടിൽ. മക്കൾ: പരേതയായ സുജാത, സജിത. മരുമകൻ: ശങ്കരൻകുട്ടി (രാജൻ).

ഗ്രേസി

അഞ്ചേരി: സൊസൈറ്റി റോഡിൽ പരേതനായ ചിറയത്ത് പൈലോതിന്റെ ഭാര്യ ഗ്രേസി (74) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 9ന് മരിയാപുരം സെന്റ് ജോൺ ബോസ്കോ പള്ളി സെമിത്തേരിയിൽ. മക്കൾ: അനിത, ഗീത, വർഗ്ഗീസ്, ജെയിംസ്. മരുമക്കൾ: ആന്റണി, വിൽസൻ, ആൻസി, ലിജി.

എൻ. സുമതി

പാറശാല: ചൂഴാൽ മുള്ളിക്കോട് ദേവഞ്ചേരി കുഴിഞ്ഞവിള വീട്ടിൽ രാഘവന്റെ ഭാര്യ എൻ. സുമതി (64) അന്തരിച്ചു. മക്കൾ: സുധീർ, സുനിൽ, സജിത, സുബിൻ. മരുമക്കൾ: ബിന്ദു, ധന്യ, കിഷോർ, സുസ്മിത.

ജോഷി

ചൊവ്വര: ചക്കുങ്ങൽ തോമസിന്റെ മകൻ ജോഷി (46) അന്തരിച്ചു. സംസ്കാരം ഇന്ന് വൈകിട്ട് 3ന് പ്രസന്നപുരം തിരുകുടുംബ ദേവാലയത്തിൽ. മാതാവ്: ഏല്യാക്കുട്ടി. ഭാര്യ: സെൽമ ജോഷി (സെബിപുരം ചിറയത്ത് കുടുംബാംഗം). മക്കൾ: ജോയൽ (വൈദിക വിദ്യാർഥി എംഎസ്ടി), ജെസ്വിൻ.

ലളിത

കൂത്താട്ടുകുളം: ഇലഞ്ഞി മില്ലും പടി മണിമലയിൽ പരേതനായ മനോജിന്റെ ഭാര്യ ലളിത (50) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10ന് വീട്ടുവളപ്പിൽ. മക്കൾ: പാർവതി, അശ്വതി.

റാഫേൽ

ചേർത്തല: പട്ടണക്കാട് പഞ്ചായത്ത് പതിനഞ്ചാം വാർഡ് കടക്കരപ്പള്ളി വടക്ക് കുന്നംപുറത്ത് റാഫേൽ (75) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10ന് തങ്കി സെന്റ് മേരീസ് ഫൊറോനാ പള്ളി സെമിത്തേരിയിൽ. ഭാര്യ: മറിയാമ്മ. മക്കൾ: ജിജി, ജീന, ജാൻസി. മരുമക്കൾ: ബാബു, ദാസ്, ബിജു.

കൃഷ്ണകുമാരി

പാറശാല: കാരോട് വള്ളൂർ പുത്തൻവീട്ടിൽ പ്രഭാകരൻനായരുടെ ഭാര്യ കൃഷ്ണകുമാരി (73) അന്തരിച്ചു. മക്കൾ: കെ. അജിതകുമാരി, പി. ബാലകൃഷ്ണൻ.

ഗ്രീഷ്മ

കരുവിശ്ശേരി: താഴെ പൊയിലിൽ കുന്നത്ത് പരേതനായ മോഹനന്റെ മകൾ ഗ്രീഷ്മ (41) അന്തരിച്ചു. അമ്മ: തങ്കം.

ദേവി

പാവങ്ങാട്: എത്തിക്കാട്ടപറമ്പിൽ തച്ചനാടത്ത് ബാലരാമന്റെ ഭാര്യ ദേവി (66) അന്തരിച്ചു. മക്കൾ: ബബിത, ബൈജു, ബിജിത. മരുമകൻ: ഗിരോഷ് ചെട്ടിക്കുളം. സഹോദരങ്ങൾ: ലക്ഷ്മണൻ, പ്രകാശൻ, ഇന്ദിര, പരേതനായ സുധാകരൻ.


കെ.സി. ജോസഫ്

കൂത്താട്ടുകുളം: ഒലിയപ്പുറം കയ്യിക്കൽ കെ.സി. ജോസഫ് (കുട്ടി-88) അന്തരിച്ചു. സംസ്കാരം ഇന്ന് വൈകിട്ട് 3ന് വടകര സെന്റ് ജോൺസ് സുറിയാനി പള്ളിയിൽ. ഭാര്യ: ചിന്നമ്മ. മക്കൾ: ആലീസ്, മോളി, ബേബി, ഷാജി. മരുമക്കൾ: മാത്യു, കുര്യൻ, ജോളി, ഷൈനി.

അമ്മാളു

പാറശാല: ഉച്ചക്കട കാരക്കുളം ആരതിയിൽ അമ്മാളു (88) അന്തരിച്ചു. മക്കൾ: ഡോ. വില്ലം ഡിക്രൂസ് (സീനിയർ സൈന്റിസ്റ്റ് ജെഎൻടിബിജിആർഐ), റീത്ത അഗസ്റ്റിൻ (അധ്യാപിക). മരുമക്കൾ: എൽ.എസ്. ജയറാണി (അസി. ഡയറക്ടർ കൃഷിവകുപ്പ്), എസ്. അഗസ്റ്റിൻ (റിട്ട. ഹെഡ്മാസ്റ്റർ).

എം. ചെറിയാൻ

കൈതക്കോട്: പുത്തൻവീട്ടിൽ എം. ചെറിയാൻ (74) അന്തരിച്ചു.

പെണ്ണൂട്ടി

ചേമഞ്ചേരി: കൊളക്കാട് വിളയോട്ടിൽ പെണ്ണൂട്ടി (89)അന്തരിച്ചു. ഭർത്താവ്: പരേതനായ അരുമൻ. മക്കൾ: ശാരദ, ജാനകി, കൃഷ്ണൻ, പരേതനായ പത്മനാഭൻ. മരുമക്കൾ: കുമാരി, മീര, പരേതരായ ചന്ദ്രൻ, ഗംഗാധരൻ. സഹോദരങ്ങൾ: ബാലൻ, മാധവി, ജാനു, പരേതരായ കൃഷ്ണൻ, പത്മനാഭൻ.

കുഞ്ഞിപൊറിഞ്ചു

ഒല്ലൂർ: ഇളംതുരുത്തി അരണാട്ടുകരക്കാരൻ കുഞ്ഞിപൊറിഞ്ചു (75) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: മേരി. മക്കൾ: ലിജൺ, ലിഷ. മരുമക്കൾ: ജെസ്സി, ബൈജു.

വിശ്വംഭരൻ

കൊടുങ്ങല്ലൂർ: പുല്ലൂറ്റ് കോവാട്ട് വിശ്വംഭരൻ (76) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ദീപക്, ദീപ. മരുമക്കൾ: ധന്യ, ജയൻ.

ജോർജ്

പറവൂർ: പറവൂർ മാളിയേക്കൽ ദേവസിയുടെ മകൻ ജോർജ് (79) വയസ് അന്തരിച്ചു. സെന്റ് അലോഷ്യസ് ഹൈസ്കൂൾ ജീവനക്കാരനായിരുന്നു. സംസ്കാരം ഇന്ന് രാവിലെ 11ന് കോട്ടക്കാവ് സെന്റ് തോമസ് പള്ളി സെമിത്തേരിയിൽ. ഭാര്യ: ഏലൂർ മാവുങ്കൽ കുഞ്ഞമ്മ. മക്കൾ: ജാൻസി (സെന്റ് അലോഷ്യസ് ഹൈസ്കൂൾ), മിനി, ജോഷി, റോസിലി. മരുമക്കൾ: ടി.എസ്. ജോയി, ജോയ് കല്ലറക്കൽ, ജിൻസി, രാജു.

സംസ്ഥാനം പരിപൂർണമായി അടച്ചിടണം: ഐഎംഎ

തിരുവനന്തപുരം: കൊറോണ വൈറസ് പ്രതിരോധത്തിന്റെ ഭാഗമായി സംസ്ഥാനം പരിപൂർണമായും അടച്ചിടണമെന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ആവശ്യപ്പെട്ടു.

രോഗ ലക്ഷണമുള്ള എല്ലാവരിലും, ആരോഗ്യപ്രവർത്തകർക്കും, കൂടാതെ മുഴുവൻ ആളുകൾക്കും കൊറോണ വൈറസ് ടെസ്റ്റ് ചെയ്യുവാനുള്ള നടപടി സർക്കാർ ഉടൻ സ്വീകരിക്കുകയും വേണം. സംസ്ഥാനം പരിപൂർണമായി അടച്ചിടുന്ന നടപടി സ്വീകരിക്കുന്നതിനു മുൻപ് തന്നെ എല്ലാവർക്കും ആഹാരവും അവശ്യ സാധനങ്ങളും എത്തിക്കാനുള്ള നടപടി സ്വീകരിക്കണം.

ഇത്തരത്തിലുള്ള എല്ലാ മുൻകരുതലുകളും എടുത്ത് യുക്തമായ തീരുമാനം എടുക്കാൻ സർക്കാർ മുൻകൈ എടുക്കണമെന്നും ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ഡോ. എബ്രഹാം വർഗീസും സംസ്ഥാന സെക്രട്ടറി ഡോ. ഗോപികുമാറും പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

ഐസലോഷനിൽ കഴിയുന്നതിനിടെ മരിച്ചയാളുടെ മൃതദേഹം സംസ്കരിച്ചു

വെഞ്ഞാറമൂട്: മെഡിക്കൽ കോളെജിലെ ഐസൊലേഷൻ വാർഡിൽ നിരീക്ഷണത്തിൽ കഴിയവെ മരിച്ചയാളുടെ പരിശോധന ഫലം നെഗറ്റീവായതിനെ തുടർന്ന് ബന്ധുക്കൾക്ക് വിട്ടു നൽകിയ മൃതദേഹം സംസ്കരിച്ചു. വെഞ്ഞാറമൂട് സബ്‌ലർമൽ ലൈനിൽ കൃതിയിൽ മുരളീധരൻ (71) ആണ് മരിച്ചത്.

ഇക്കഴിഞ്ഞ 18നാണ് ഇയാളെ മെഡിക്കൽ കോളെജ് ഐസൊലേഷൻ വാർഡിൽ പ്രവേശിപ്പിച്ചത്. നിരീക്ഷണത്തിൽ കഴിയവെ വെള്ളിയാഴ്ച പുലർച്ചെ മരിക്കുകയായിരുന്നു. കൊറോണ ബാധിതനാണോ എന്ന് സ്ഥിതീകരിക്കാൻ സ്രവ പരിശോധനയ്ക്ക് അയച്ച് റിസൽട്ടിനായി കാത്തിരിക്കവേയായിരുന്നു മരണം.

നെഞ്ച് വേദന കൊണ്ട് തന്നെ മരിച്ച ശേഷം റിസൾട്ട് വന്ന ശേഷമേ വിട്ടു നൽകു എന്ന നിലപാട് ആശുപത്രി അധികൃതർ സ്വീകരിക്കുകയായിരുന്നു. കഴിഞ്ഞ ദിവസം കിട്ടിയ റിസൽട്ട് നെഗറ്റീവ് ആയതിനെ തുടർന്ന് മൃതദേഹം ബന്ധുക്കൾക്ക് വിട്ടു നൽകി.

ജനതാ കർഫ്യൂവിന്റെ ഭാഗമായി കോട്ടയം നഗരത്തിൽ ആളൊഴിഞ്ഞപ്പോൾ. നാഗമ്പടം ബസ് സ്റ്റാൻഡിൽ നിന്നുള്ള കാഴ്ച.

എല്ലാ പഠന വകുപ്പുകളും 31 വരെ അടച്ചിടും

തിരുവനന്തപുരം: കേരള സർവകലാശാലയിലെ എല്ലാ പഠന വകുപ്പുകളും ഈ മാസം 31 വരെ അടച്ചിടുന്നതിനു വൈസ് ചാൻസലർ ഉത്തരവായി. ഈ കാലയളവിലെ പഠനഗവേഷണ പ്രവർത്തനങ്ങൾ അധ്യാപകരും വിദ്യാർഥികളും ഓൺലൈനായും അനുബന്ധ സംവിധാനങ്ങളിലൂടെയും നിർവഹിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്.

ഈ മാസം 31 വരെ പണികൾ നിർത്തിവയ്ക്കണമെന്ന് കരാറുകാർ

ആലപ്പുഴ: കൊവിഡ്-19ന്റെ വ്യാപനം തടയുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകിയിട്ടുള്ള നിർദേശങ്ങൾ കർശനമായി പാലിക്കുമെന്ന് കേരള ഗവ. കോൺട്രാക്ടേഴ്സ് അസോസിയേഷൻ. നിർദേശങ്ങൾ അനുസരിക്കാൻ പ്രയാസമുള്ള പണികൾ ഈ മാസം 31 വരെ നിർത്തിവയ്ക്കും. ഇക്കാര്യം കരാറുകാർ നേരിട്ട് ജില്ലാ കലക്റ്ററുമാരെയും എൻജിനീയറിങ് വകുപ്പുകളിലും അറിയിക്കും.

മാർച്ചിൽ പൂർത്തിയാക്കേണ്ടിയിരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തികൾ കൊവിഡ്-19 പ്രശ്നം മൂലവും തൊഴിലാളികളുടെയും നിർമാണ വസ്തുക്കളുടെയും ക്ഷാമം മൂലവും പൂർത്തിയാക്കാൻ കഴിയില്ല. കുടിശികയും പ്രശ്നമാണ്. നിർമാണ പ്രവർത്തികളുടെ പൂർത്തിയാക്കൽ കാലാവധി മെയ് 31 വരെ ദീർഘിപ്പിക്കണമെന്ന് മുഖ്യമന്ത്രിയോട് അസോസിയേഷൻ അഭ്യർഥിച്ചിട്ടുണ്ട്. അയൽ സംസ്ഥാനത്തു നിന്നും കേരളത്തിലേക്കുള്ള നിർമ്മാണ വസ്തുക്കളുടെ വരവ് പുനരാരംഭിക്കുന്നതിന് തമിഴ്നാട് - കർണാടക സർക്കാരുകളോട് സംസ്ഥാന സർക്കാർ ചർച്ച നടത്തണമെന്നും അസോസിയേഷൻ ആവശ്യപ്പെട്ടു.

സംസ്ഥാനത്ത് അവശ്യസാധനങ്ങൾക്ക് ക്ഷാമം ഉണ്ടാകില്ല: മന്ത്രി പി. തിലോത്തമൻ



ആലപ്പുഴ: കൊവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് അവശ്യസാധനങ്ങൾക്ക് ക്ഷാമം ഉണ്ടാകില്ലെന്നും ഇതിനുള്ള മുൻകരുതലുകൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്നും ഭക്ഷ്യസിവിൽ സപ്ലൈസ് മന്ത്രി പി. തിലോത്തമൻ പറഞ്ഞു. ഭക്ഷ്യവകുപ്പ് അറിയും ധാന്യങ്ങളും ആവശ്യത്തിന് സംഭരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതര സംസ്ഥാനങ്ങളിലുള്ള നിയന്ത്രണങ്ങൾ ചരക്കുനീക്കത്തിന് ബാധകമാകില്ല. എപ്രിൽ-മെയ് മാസത്തേക്കുള്ള അരിയും ഗോതമ്പും എഫ്സിഐയിൽ നിന്ന് മുൻകൂറായി എടുത്തു. ഇത് ശേഖരിക്കാൻ കേന്ദ്ര- സംസ്ഥാന വെയർഹൗസിങ് ഗോഡൗണുകൾ പോരാതെ വന്നാൽ സ്വകാര്യ ഗോഡൗണുകൾ ഏറ്റെടുക്കും. കൂടുതൽ ഭക്ഷ്യവിഹിതം അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ലഭിക്കുമെന്നാണ് പ്രതീക്ഷ. സംസ്ഥാനത്തെ കർഷകരിൽ നിന്നും സംഭരിച്ച നെല്ല് മില്ലുകളിൽനിന്ന് അരിയാക്കി കരുതൽ ശേഖരത്തിൽ സംഭരിക്കും. സംസ്ഥാനത്തെ എല്ലാ മാവേലി സ്റ്റോറിലും പീപ്പിൾസ്ബസാറുകളിലും അരിയും പലവ്യഞ്ജനങ്ങളും ആവശ്യത്തിനു ലഭ്യമാണ്. കൊറോണ മുന്നിൽ കണ്ട് സർക്കാർ അരിയും പലവ്യഞ്ജനങ്ങളും മുൻകൂറായി ശേഖരിച്ചിരുന്നുവെന്നും അദ്ദേഹം അറിയിച്ചു.

കർശന പരിശോധന നടപ്പിലാക്കി ആഭ്യന്തര വിമാനത്താവളം

തിരുവനന്തപുരം: കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ കർശന പരിശോധന നടപ്പിലാക്കി തിരുവനന്തപുരം ആഭ്യന്തര വിമാനത്താവളം. കൊവിഡ് ബാധിത രാജ്യങ്ങളിൽ നിന്നും മറ്റ് രാജ്യങ്ങളിൽ നിന്നും രാജ്യത്തെ വിവിധ ഭാഗങ്ങളിൽ നിന്നുമായി വിമാനത്തിൽ ഇവിടെ എത്തുന്ന മുഴുവൻ പേരെയും സ്ക്രീനിങ്ങിന് വിധേയരാക്കുന്നുണ്ട്. ജനുവരി 31ന് ആരംഭിച്ച നിരീക്ഷണവും പരിശോധനയും കൂടുതൽ കർശനമാക്കിയത് മാർച്ച് 13 മുതലാണ്. മുഴുവൻ യാത്രക്കാരെയും തെർമൽ സ്ക്രീനിംഗിന് വിധേയരാക്കുന്നുണ്ട്.

ജനുവരി 31 മുതൽ മാർച്ച് 21 ഉച്ചയ്ക്ക് രണ്ടു മണി വരെയുള്ള കണക്കനുസരിച്ച് 3,479 പേരെ സ്ക്രീൻ ചെയ്യുകയും 19 പേരെ വിദഗ്ധ പരിശോധനയ്ക്കായി ജനറൽ ആശുപത്രിയിലേക്ക് റെഫർ ചെയ്യുകയും ചെയ്തു. ഫ്ലാഷ് തെർമോമീറ്റർ ഉപയോഗിച്ചാണ് ടെംപറേച്ചർ പരിശോധിക്കുന്നത്. ഡോക്ടർമാരുടെയും ആരോഗ്യ വകുപ്പ് ജീവനക്കാരുടെയും നേതൃത്വത്തിൽ യാത്രക്കാർക്ക് ബോധവത്കരണം നൽകുകയും വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നു.

ബ്രേക്ക് ദി ചെയിൻ ക്യാമ്പയിന്റെ ഭാഗമായി യാത്രക്കാർ എത്തിച്ചേരുന്ന ഭാഗത്ത് ഹാൻഡ് സാനിറൈസറുകൾ വച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ഹെൽത്ത് സർവീസിലെ ഡോക്ടർമാർ, ആരോഗ്യ വകുപ്പ് ജീവനക്കാർ, നാഷണൽ ഹെൽത്ത് മിഷൻ സ്റ്റാഫ്, സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ്, കേരള പൊലീസ് എന്നിവർ അടങ്ങുന്ന സംഘം രാവിലെ ഏഴു മുതൽ രാത്രി അവസാന വിമാനം കണ്ണൂരിൽ നിന്നെത്തുന്നതുവരെ ഇവിടെ കർമനിരതരാണ്. രണ്ട് ഹെൽപ് ഡെസ്കുകളാണ് ഇവിടെ പ്രവർത്തിക്കുന്നത്.

യാത്രാവിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സെൽഫ് റിപ്പോർട്ടിങ് ഫോം, ഹോം ക്വാറന്റയിൻ നിർദേശിച്ചിട്ടുള്ളവർ പൂരിപ്പിക്കേണ്ട സമ്മതപത്രം എന്നിവ ഹെൽപ്പ് ഡെസ്ക് മുഖേന വിതരണം ചെയ്യുന്നു. ഇവ പൂരിപ്പിച്ച ശേഷം ഹെൽപ്പ് ഡെസ്കിൽ തിരികെ ഏൽപ്പിക്കണം. രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവർക്ക് അനുയോജ്യ മായ നടപടി ഡോക്ടർമാരും ആരോഗ്യ വകുപ്പ് ജീവനക്കാരും സ്വീകരിച്ചു വരുന്നു. രോഗലക്ഷണങ്ങൾ ഉള്ളവരുടെ പേരും വിലാസവും ഇന്റഗ്രേറ്റഡ് ഡിസീസ് സർവെയ്‌ലൻസ് പ്രോഗ്രാമിൽ (ഐഡിഎസ്പി) റിപ്പോർട്ട് ചെയ്യും. വിദഗ്ധ പരിശോധന ആവശ്യമുള്ളവരെ '108' ആംബുലൻസിലും സ്വകാര്യ ആംബുലൻസുകളിലുമായാണ് ആശുപത്രിയിൽ എത്തിക്കുന്നത്. ഇവരെ ആശുപത്രിയിൽ എത്തിക്കുന്നതിനായി നിയോഗിക്കുന്ന ആംബുലൻസ് ജീവനക്കാർ വ്യക്തിഗത പരിരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നു.

സിഎസ്ഐആർ -യുജിസി നെറ്റ്, യുജിസി നെറ്റ് പരീക്ഷകൾ

ശാസ്ത്ര വിഷയങ്ങൾക്കുള്ള സിഎസ്ഐആർയുജിസി നെറ്റ്, മാനവിക വിഷയങ്ങൾക്കുള്ള യുജിസി നെറ്റ് പരീക്ഷകൾക്ക് അപേക്ഷിക്കാം. നാഷണൽ ടെസ്റ്റിംഗ് ഏജൻസിയാണു രണ്ടു പരീക്ഷകളും നടത്തുന്നത്.

ജൂണിയർ റിസർച്ച് ഫെലോഷിപ്പ്, നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് നെറ്റ് പരീക്ഷകളാണു എൻടിഎ നടത്തുന്നത്. രണ്ടു വർഷത്തേക്കാണ് കാലാവധി. ഫെലോഷിപ്പോടുകൂടി ഗവേഷണ പഠനത്തിനുള്ളതാണ് ജൂണിയർ റിസർച്ച് ഫെലോഷിപ്പ് (ജെആർ എഫ്). സർവകലാശാല, കോളജ് എന്നിവിടങ്ങളിൽ അധ്യാപകരാകാനുമുള്ള യോഗ്യതാ നിർണയ പരീക്ഷയാണ് നാഷണൽ എലിജിബിലിറ്റി ടെസ്റ്റ്നെറ്റ്.

സിഎസ്ഐആർയുജിസി നെറ്റ്

ശാസ്ത്ര മേഖലയിലെ വിഷയങ്ങൾക്കാണ് കൗൺസിൽ ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ച് (സിഎസ്ഐആർ)യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷന്റെ (യുജിസി) നാഷണൽ എലിജിബിലിറ്റി ടെസ്റ്റ്. ജൂൺ 21നാണു പരീക്ഷ നിശ്ചയിച്ചിരിക്കുന്നത്. രാവിലെയും ഉച്ചയ്ക്കുമായി രണ്ടു ഷിഫ്റ്റുകളിലായാണു പരീക്ഷ നടത്തുക. 9.30 മുതൽ 12.30 വരെയും 2.30 മുതൽ 5.30 വരെയും.

കെമിക്കൽ സയൻസ്, എർത്ത്, അറ്റ്മോസ്ഫിറിക്, ഓഷ്യൻ ആൻഡ് പ്ലാനറ്ററി സയൻസസ്, ലൈഫ് സയൻസ്, മാത്തമാറ്റിക്കൽ സയൻസ്, ഫിസിക്കൽ സയൻസ് എന്നീ അഞ്ചു വിഷയങ്ങളിലാണു പരീക്ഷ.

മൂന്നു ഭാഗങ്ങളുള്ള ഒരു പരീക്ഷയായാണു നടത്തുന്നത്. പൂർണമായും കംപ്യൂട്ടർ അധിഷ്ഠിതമായിരിക്കും പരീക്ഷ.

അപേക്ഷാ ഫീസ് 1000 രൂപ. പിന്നാക്ക വിഭാഗക്കാർക്ക് 500, പട്ടിക ജാതിവർഗക്കാർക്ക് 250 രൂപ. ഭിന്നശേഷിക്കാർക്ക് ഫീസ് ഇല്ല. ഏപ്രിൽ 15നകം അപേക്ഷിക്കണം. ഏപ്രിൽ 16നകം ഫീസ് അടയ്ക്കണം.

ബിടെക്, ബിഫാം, എംബിബിഎസ്, ബിഎസ്എംഎസ്, എംഎസ്സി എന്നിവയിൽ 55 ശതമാനം മാർക്ക് നേടിയവരായിരിക്കണം അപേക്ഷകർ. അവസാന വർഷ ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാം. സംവരണ വിഭാഗങ്ങൾക്ക് യോഗ്യതാപരീക്ഷയുടെ മാർക്കിൽ ഇളവുണ്ട്.

കേരളത്തിലെ പരീക്ഷാ കേന്ദ്രങ്ങൾ: ആലപ്പുഴ, എറണാകുളം, ഇടുക്കി,കണ്ണൂർ,കാസർഗോഡ്, കൊല്ലം, കോട്ടയം, കോഴിക്കോട്,മലപ്പുറം, പാലക്കാട്, പത്തനംതിട്ട, തിരുവനന്തപുരം, തൃശൂർ. വെബ് സൈറ്റ്:www.nta.ac.in, csirnet.nta.nic.in.

ജെആർഎഫ് പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്ന ഉയർന്ന പ്രായപരിധി 2020 ജനുവരി ഒന്നിന് 28 വയസാണ്. പട്ടിക വിഭാഗക്കാർക്കും, ഒബിസി, വികലാംഗർ, വനിതകൾ എന്നിവർക്കും അഞ്ചു വർഷത്തെ ഇളവ് അനുവദിക്കും. എന്നാൽ, ലക്ചറർഷിപ്പ് പരീക്ഷയ്ക്കു പ്രായപരിധിയില്ല.

യുജിസി നെറ്റ്

ഹ്യുമാനിറ്റീസ്, സോഷ്യൽ സയൻസ്, ഭാഷാ വിഷയങ്ങളിലേക്കാണു യുജിസിനെറ്റ്. ഏപ്രിൽ 16വരെ അപേക്ഷിക്കാം. ഏപ്രിൽ 17നകം ഫീസ് അടയ്ക്കണം. അപേക്ഷാ ഫീസ് 1000 രൂപ. സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്നവർക്ക് 500 രൂപ. പട്ടിക ജാതിവർഗക്കാർക്കും ഭിന്നശേഷിക്കാർക്കും 250 രൂപ.

ജൂൺ 15 മുതൽ 20 വരെയാണു പരീക്ഷ. മൂന്നു മണിക്കൂർ ദൈർഘ്യമുള്ള രണ്ടു ഭാഗങ്ങളായാണു പരീക്ഷ നടത്തുക. പൂർണമായും കംപ്യൂട്ടർ അധിഷ്ഠിത പരീക്ഷയായിരിക്കും. രാവിലെയും ഉച്ചയ്ക്കും രണ്ടു ഷിഫ്റ്റുകളിലായാണു പരീക്ഷ നടത്തുക. 9.30 മുതൽ 12.30 വരെയും 2.30 മുതൽ 5.30 വരെയും.300 മാർക്കിന്റെ രണ്ടു ഭാഗങ്ങളായാണു പരീക്ഷ നടത്തുന്നത്. പാർട്ട് എയിൽ അമ്പതും പാർട്ടി ബിയിൽ 100 ചോദ്യങ്ങളാണ് ഉണ്ടാവുക.

പാർട്ട് എ: എല്ലാ വിഭാഗക്കാർക്കും പൊതുവായുള്ളതായിരിക്കും. ലോജിക്കൽ റീസണിംഗ്, ഗ്രാഫിക്കൽ അനാലിസിസ്, അനലിറ്റിക്കൽ ആൻഡ് ന്യൂമറിക്കൽ എബിലിറ്റി, ക്വാണ്ടിറ്റേറ്റീവ് കംപാരിസൺ, സീരീസ് ഫോർമേഷൻ, പസിൽസ് എന്നിവയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പാർട്ട്ബി: ബന്ധപ്പെട്ട വിഷയത്തെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങളായിരിക്കും ഉണ്ടായിരിക്കുക.നെറ്റ്, ജെആർഎഫ് പരീക്ഷ എഴുതുന്നവർ ബിരുദാനന്തര ബിരുദത്തിൽ 55 ശതമാനം മാർക്ക്നേടിയവരായിരിക്കണം. എന്നാൽ, പികജാതി വർഗത്തിൽപെടുന്നവർക്കും ശരീരിക വൈകല്യമുള്ളവർക്കും 50 ശതമാനം മാർക്ക്മതി. ബിരുദാനന്തര ബിരുദ പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നവർക്കും ഈ പരീക്ഷ എഴുതാം.

പ്രായം ജെആർഎഫിന് 2020 ജൂൺ ഒന്നിന് പരമാവധി 30 വയസ്. സംവരണ വിഭാഗങ്ങൾക്ക് ഇളവുണ്ട്. എന്നാൽ, ലക്ചറർഷിപ്പ് പരീക്ഷയ്ക്കു പ്രായപരിധിയില്ല. വെബ്സൈറ്റ്: www.nta.a c.in,ugcnet.nta.nic.in.കേരളത്തിലെ പരീക്ഷാ കേന്ദ്രങ്ങൾ: ആലപ്പുഴ, എറണാകുളം, ഇടുക്കി,കണ്ണൂർ,കാസർഗോഡ്, കൊല്ലം, കോട്ടയം, കോഴിക്കോട്,മലപ്പുറം, പാലക്കാട്, പത്തനംതിട്ട, തിരുവനന്തപുരം, തൃശൂർ.

ബാങ്ക് ഒഫ് ബറോഡയിൽ

ബാങ്ക് ഒഫ് ബറോഡയുടെ സംരംഭമായ ബറോഡസൺ ടെക്നോളജീസ് ലിമിറ്റഡിൽ 39 ഒഴിവുകൾ. മുംബൈയിലായിരിക്കും നിയമനം. ടെക്നോളജി ആർക്കിടെക്റ്റ് :1 , പ്രോഗ്രാം മാനെജർ:1, ക്വാളിറ്റി അഷ്വറൻസ് ലീഡ് :2 , ഇൻഫ്രാസ്ട്രക്ചർ ലീഡ്:1, ഡാറ്റാ ബേസ് ആർക്കിടെക്റ്റ് :1 , ബിസിനസ് അനലിസ്റ്റ് ലീഡ് :2 , ബിസിനസ്സ് അനലിസ്റ്റ്:5 , വെബ് ആൻഡ് ഫ്രണ്ട് എൻഡ് ഡവലപ്പർ, ഡേറ്റ അനലിസ്റ്റ് :4 , ഡേറ്റ എൻജിനീയർ :4 , ഇന്റഗ്രേഷൻ എക്സ്പേർട്ട് :2 , എമേർജിങ് ടെക്നോളജി എക്സ്പേർട്ട് :3 , മൊബൈൽ ആപ്ലിക്കേഷൻ ഡവലപ്പർ :6 , യുഐ അല്ലെങ്കിൽ യുഎക്സ് ഡിസൈനർ :2 എന്നിങ്ങനെയാണ് ഒഴിവുകൾ. ജനറൽ, ഒബിസി വിഭാഗത്തിന് 600 രൂപയും എസ്സി, എസ്ടി വിഭാഗത്തിന് 100 രൂപയുമാണ് അപേക്ഷാഫീസ് ബാങ്ക് ഒഫ് ബറോഡയുടെ ഔദ്യോഗിക വെബ്സൈറ്റ് വഴിയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 27. www.bankofbaroda.in

നിഷിൽ ഇന്ത്യൻ ആംഗ്യ ഭാഷാ കോഴ്സ്

തിരുവനന്തപുരം: നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) പൊതുജനങ്ങൾക്കായുള്ള ഇന്ത്യൻ ആംഗ്യഭാഷാ (അടിസ്ഥാന) കോഴ്സിലേക്കായി അപേക്ഷ ക്ഷണിച്ചു. 40 മണിക്കൂറാണ് കോഴ്സ്.

കോവിഡ്19 വ്യാപനവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ അയവു വന്നതിന് ശേഷമായിരിക്കും ക്ലാസുകൾ ആരംഭിക്കുക. ആദ്യത്തെ 15 അപേക്ഷകർക്കാണ് കോഴ്സിലേക്ക് അവസരം ലഭിക്കുക. ശ്രവണ പരിമിതിയുള്ള കുട്ടികളുടെ രക്ഷിതാക്കൾക്കും സഹോദരങ്ങൾക്കും മുൻഗണന. എല്ലാ ശനിയാഴ്ച്ചകളിലും രണ്ടു മുതൽ നാലു വരെ ആക്കുളം നിഷ് ക്യാംപസിലാണ് കോഴ്സ് സംഘടിപ്പിക്കുക.

3500 രൂപയാണ് കോഴ്സ് ഫീസ്, എൻഇഎഫ്ടി, പേമെന്റ് ഗേറ്റ് വേ അല്ലെങ്കിൽ നിഷിലെ പിഒഎസ് ടെർമിനലുകൾ എന്നിവ വഴി ഫീസ് അടയ്ക്കാം. താൽപര്യമുള്ളവർക്ക് www.nish.ac.in നിഷ് വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാം. അവസാന തീയതി 31. കൂടുതൽ വിവരങ്ങൾക്ക് 04712944629,

ട്രാവൻകൂർ ടൈറ്റാനിയത്തിൽ 80 വർക്ക് അസിസ്റ്റന്റ്

തിരുവനന്തപുരത്തെ കൊച്ചുവേളിയിൽ പ്രവർത്തിക്കുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സിൽ 80 വർക്ക് അസിസ്റ്റന്റ് ഒഴിവ്. പുരുഷന്മാർക്ക് മാത്രമാണ് അവസരം. തപാൽ മുഖേനയാണ് അപേക്ഷിക്കേണ്ടത്.

വർക്ക് അസിസ്റ്റന്റ് പ്രൊഡക്ഷൻ: 47.

യോഗ്യത: കെമിസ്ട്രി ഒരു വിഷയമായുള്ള പ്രീഡിഗ്രി/പ്ലസ്ടു പാസായിരിക്കണം. അല്ലെങ്കിൽ അപ്രന്റിസ്ഷിപ്പ് ട്രെയിനിംഗ് സ്കീമിന്റെ കീഴിലുള്ള അറ്റൻഡന്റ് ഓപ്പറേറ്റർ ട്രേഡിൽ എൻഎസി യോഗ്യത നേടിയിരിക്കണം.

ഫിറ്റർ-15, വെൽഡർ-1, ഇലക്ട്രീഷ്യൻ-7

യോഗ്യത: ബന്ധപ്പെട്ട ട്രേഡിൽ ഐടിഐ സർട്ടിഫിക്കറ്റ്.

ഇൻസ്ട്രുമെന്റേഷൻ: രണ്ട്

യോഗ്യത: ഇൻസ്ട്രുമെന്റ് മെക്കാനിക്ക്/ഇലക്ട്രോണിക്സ് ട്രേഡിൽ നേടിയ ഐടിഐ. സർട്ടഫിക്കറ്റ്.

സാനിറ്ററി പ്ലംബർ: ഒന്ന്

യോഗ്യത: പ്ലംബർ ട്രേഡിൽ ഐടിഐ സർട്ടിഫിക്കറ്റ്.

ലെഡ് ലൈനർ: രണ്ട്

യോഗ്യത: വെൽഡർ ട്രേഡിൽ ഐടിഐ സർട്ടിഫിക്കറ്റ്.

ബ്രിക്ക് ലെയർ: ഒന്ന്

യോഗ്യത: പത്താംക്ലാസ്/ജെഡിഎസ്സി

റിഗർ: നാല്

യോഗ്യത: പത്താംക്ലാസ്/ജെഡിഎസ്സി

പ്രായം: 01.01.2020 ന് 18 വയസിനും 36 വസിനും ഇടയിൽ. വിശദവിവരങ്ങൾക്കും അപേക്ഷയുടെ മാതൃകയുമായി www.travancoretitanium.com എന്ന വെബ്സൈറ്റ് കാണുക. വെബ്സൈറ്റിലെ അപേക്ഷ പൂരിപ്പിച്ച് വയസ്, യോഗ്യത, ജാതി, പാസ്പോർട്ട് സൈസ് ഫോട്ടോ, തിരിച്ചയറിയൽ കാർഡ് എന്നിവയുടെ പകർപ്പ് സഹിതം അപേക്ഷിക്കുക. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയി മാർച്ച് 25. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക.

നിരത്ത് കീഴടക്കാൻ 'കേരള നീം ജി'; വിൽപ്പനയും ബുക്കിങ്ങും ആരംഭിച്ചു

തിരുവനന്തപുരം: സംസ്ഥാന വ്യവസായ പൊതുമേഖലാ സ്ഥാപനമായ കേരള ഓട്ടൊമൊബീൽസ് നിർമിക്കുന്ന ഇലക്ട്രിക് ഓട്ടൊറിക്ഷ 'കേരള നീം ജി'യുടെ വിൽപ്പനയും ബുക്കിങ്ങും ആരംഭിച്ചു. നെയ്യാറ്റിൻകരയിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ വ്യാവസായികാടിസ്ഥാനത്തിലുള്ള നിർമാണം പുരോഗമിക്കുകയാണ്. നെയ്യാറ്റിൻകര നിംസ് ഹോസ്പിറ്റൽ വാങ്ങിയ ആദ്യ വാഹനം രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി.

സംസ്ഥാനത്തു വിവിധ കേന്ദ്രങ്ങളിൽ വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കുന്നുണ്ട്. വിൽപ്പന, സർവീസ്, ചാർജിങ് ഉൾപ്പെടെ എല്ലാവിധ സേവനങ്ങളും ഇവിടെ ഒരുക്കും. അടൂർ, കോട്ടയം എന്നിവിടങ്ങളിൽ ഇതിനോടകം ഷോറൂമുകൾ ആരംഭിച്ചു. പട്ടാമ്പി, ആറ്റിങ്ങൽ എന്നിവിടങ്ങളിൽ ഈ മാസവും നെയ്യാറ്റിൻകരയിൽ അടുത്ത മാസവും ആരംഭിക്കും.

എറണാകുളം, തൃശൂർ ഷോറൂമുകൾ മേയ് മാസത്തിൽ ആരംഭിക്കും. മറ്റു ജില്ലകളിൽ വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ തുടരുകയാണ്. വിൽപ്പന കേന്ദ്രങ്ങൾ വഴിയും കമ്പനിയിൽ നേരിട്ടും ബുക്കിങ് സ്വീകരിക്കും. നേരിട്ടുള്ള ബുക്കിങ്ങുകളുടെ വിൽപ്പന അതത് മേഖലകളിലെ വിൽപ്പന കേന്ദ്രങ്ങൾ വഴി നടത്തും. ഇത്തവണ ബജറ്റിൽ പ്രഖ്യാപിച്ച പ്രകാരം ഏപ്രിൽ ഒന്നു മുതൽ ഇ ഓട്ടൊയ്ക്ക് 30,000 രൂപ ഗവണ്മെന്റ് സബ്സിഡി ലഭിക്കും.

വാഹനത്തിന്റെ സർവീസ്, സർവീസ് ട്രെയ്നിങ്, ഉപഭോക്തൃ സേവനം, റോഡ് സൈഡ് സർവീസ് എന്നിവ കൈകാര്യം ചെയ്യുന്നതിനായി കോർപ്പറേറ്റ് മേഖലയോടു കിടപിടിക്കുന്ന ടീമിനെ സജ്ജമാക്കിയിട്ടുണ്ട്. ഏപ്രിൽ മുതൽ പ്രതിമാസം 200 ഓട്ടൊകൾ പുറത്തിറക്കാനാണു കമ്പനി ലക്ഷ്യമിടുന്നത്. ഇതിനായി പൂർണ തോതിൽ നിർമാണം നടത്താനായി അസംബ്ലി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 80 ലക്ഷം രൂപ മാത്രം വിറ്റുവരവുണ്ടായിരുന്ന സ്ഥാപനം 2020-21ൽ 25 കോടി രൂപയുടെ വിറ്റുവരവാണു പ്രതീക്ഷിക്കുന്നത്.

നേപ്പാളിൽ നിന്നും 200 വണ്ടിക്കുള്ള അന്വേഷണം ലഭിച്ചിട്ടുണ്ട്. തമിഴ്നാട് 1000 വണ്ടികൾ വാങ്ങാനുള്ള താത്പര്യം പ്രകടിപ്പിച്ചു. കർണാടക, ആന്ധ്രപ്രദേശ്, രാജസ്ഥാൻ എന്നിവിടങ്ങളിൽ നിന്നും വലിയ തോതിൽ ഓട്ടൊ വാങ്ങാനുള്ള താത്പര്യം അറിയിച്ചിട്ടുണ്ട്.

ഇ ഓട്ടൊ നിർമാണത്തോടൊപ്പം കമ്പനിയിൽ സജ്ജീകരിച്ചിട്ടുള്ള അത്യാധുനിക മെഷീൻ ഷോപ്പിൽ മെഷീനിങ്, ഫാബ്രിക്കേഷൻ ജോലികളും പുരോഗമിക്കുകയാണ്. കഴിഞ്ഞ വർഷം 50 ലക്ഷം രൂപയിൽ താഴെ മാത്രം ലഭിച്ചിരുന്ന ഐഎസ്ആർ ഓർഡറുകൾ ഈ വർഷം 2.25 കോടി രൂപയിലെത്തി. നേരത്തെ 50 ലക്ഷം മാത്രമായിരുന്ന നിരക്ക് കരാർ (റേറ്റ് കോൺട്രാക്റ്റ്) ഈ വർഷം 4.5 കോടി രൂപയായി ഉയർന്നിട്ടുണ്ട്.

ഏപ്രിൽ 14 വരെയുള്ള പരീക്ഷകൾ മാറ്റി

തിരുവനന്തപുരം: കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഏപ്രിൽ 14 വരെ നിശ്ചയിച്ചിരുന്ന ഒഫ് സെറ്റ് മെഷീൻ ഓപ്പറേറ്റർ (കാറ്റഗറി നമ്പർ 161/16), റീഡർ ഗ്രേഡ് 2 (കാറ്റഗറി നമ്പർ 552/17), ജനറൽ ഫിസിയോതെറാപ്പിസ്റ്റ് (കാറ്റഗറി നമ്പർ 236/18), ഫിസിയോതെറാപ്പിസ്റ്റ് (കാറ്റഗറി നമ്പർ 151/2019), ഡയറിഫാം ഇൻസ്ട്രക്റ്റർ പട്ടികവർഗം (കാറ്റഗറി നമ്പർ 153/19), റിസർച്ച് ഓഫീസർ പട്ടികജാതി/പട്ടികവർഗം (കാറ്റഗറി നമ്പർ 293/18) എന്നീ തസ്തികകളുടെ ഒഎംആർ/ഓൺലൈൻ/എഴുത്തുപരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

കിക്മയിലെ എംബിഎ അഡ്മിഷൻ മാറ്റി

തിരുവനന്തപുരം:കേരള ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് കോഓപ്പറേറ്റീവ് മാനെജ്മെന്റിൽ (കിക്മ) എംബിഎ (ഫുൾ ടൈം) 202022 ബാച്ചിൽ 20ന് നടത്താനിരുന്ന ഇന്റർവ്യൂ മാറ്റി വച്ചു.

പുതിയ തീയതി പിന്നീട് അറിയിക്കും. എംബിഎ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തിയതി ഏപ്രിൽ 13 വരെ നീട്ടി.

വിശദവിവരങ്ങൾ www.kicm akerala.in ൽ ലഭിക്കും. ഫോൺ: 8547618290,

മാസ്റ്റർ ട്രെയിനർമാരെ തെരഞ്ഞെടുക്കുന്നു

തിരുവനന്തപുരം: കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷനിൽ (കൈറ്റ്) മാസ്റ്റർ ട്രെയിനർമാരെ തെരഞ്ഞെടുക്കുന്നു. ഹയർ സെക്കൻഡറി വൊക്കേഷണൽ ഹയർസെക്കൻഡറി/ ഹൈസ്കൂൾ/ പ്രൈമറി സ്കൂൾ അധ്യാപകർക്ക് അപേക്ഷിക്കാം. എയിഡഡ് മേഖലയിൽ നിന്നുള്ള അപേക്ഷകർ സ്കൂൾ മാനേജരിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം അഭിമുഖ സമയത്ത് സമർപ്പിക്കണം. www.kite.kera la.gov.in ൽ ഓൺലൈനായി 25ന് മുൻപ് അപേക്ഷ സമർപ്പിക്കണം. തെരഞ്ഞെടുക്കപ്പെടുന്നവരെ കൈറ്റിന്റെ നിലവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയോഗിക്കും.

ട്രാൻസിലേഷണൽ ഹെൽത്ത് സയൻസ് ആൻഡ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ അവസരം

കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപമായ ട്രാൻസലേഷണൽ ഹെൽത്ത് സയൻസ് ആൻഡ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ വിവിധ ഒഴിവുകൾ. സീനിയർ മാനെജർ: 1 , അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ: 2 , സെക്ഷൻ ഓഫീസർ : 1 , ടെക്നിക്കൽ ഓഫീസർ, കംപ്യൂട്ടർ ഓപ്പറേറ്റർ: 4 , ഡാറ്റ എൻട്രി ഓപ്പറേറ്റർ: 6 , ലാബ് ടെക്നീഷ്യൻ: 7 എന്നിങ്ങനെയാണ് ഒഴിവുകൾ. ടിഎച്ച്എസ്ടിഐയുടെ ഔദ്യോഗിക വെബ്സൈറ്റ് വഴിയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. താൽപര്യമുള്ള ഉദ്യോഗാർഥികൾക്ക് ഏപ്രിൽ 10 വരെ അപേക്ഷകൾ സമർപ്പിക്കാം. വിശദവിവരങ്ങൾക്ക്: www.thsti.res.in/career

ഓഫീസ് ഒഫ് ദി കോൾ കൺട്രോളർ

ഓഫീസ് ഒഫ് ദി കോൾ കൺട്രോളർ അപ്പർ ഡിവിഷൻക്ലർക്ക്(യുഡിസി), സ്റ്റാഫ് കാർ ഡ്രൈവർ, സീനിയർ ഇൻവെസ്റ്റിഗേറ്റർ,ലീഗൽ അഡ്വൈസർ തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. പ്രായം: 18- 25. ഏപ്രിൽ 14 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: http://www.coalcontroller.gov.in/

എൻഎൽസി ഇന്ത്യ ലിമിറ്റഡിൽ 259 ഒഴിവ്

എൻഎൽസി ഇന്ത്യ ലിമിറ്റഡിൽ ഗ്രാഡ്വേറ്റ്എക്സിക്യൂട്ടീവ് ട്രെയിനി, അസി. മാനെജർ ഒഴിവുണ്ട്. മെക്കാനിക്കൽ 125, ഇലക്ട്രിക്കൽ (ട്രിപ്പിൾ ഇ) 65, ഇലക്ട്രിക്കൽ (ഇസിഇ) 10, സിവിൽ 05, കൺട്രോൾ ആൻഡ് ഇൻസ്ട്രുമെന്റൽ 15, കംപ്യൂട്ടർ 5, മെക്കാനിക് 5, ജിയോളജി 5, ഫിനാൻസ് 14, ഹ്യൂമൺ റിസോഴ്സ് 10 , അസി. മാനെജർ (സർവേ) 15 എന്നിങ്ങനെയാണ് ഒഴിവ്. വിശദവിവരത്തിന് www.nlcindia.com

ഇന്നു നിങ്ങൾക്ക്

ബ്രഹ്മശ്രീ കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്

■ അശ്വതി: സഹപ്രവർത്തകരുടെ ആത്മാർത്ഥസഹായസഹകരണങ്ങൾ മനസമാധാനത്തിനു വഴിയൊരുക്കും. ഉപരിപഠനത്തിന്റെ അന്തിമഭാഗമായ പദ്ധതിസമർപ്പണത്തിൽ അംഗീകാരം ലഭിക്കും.

■ ഭരണി: സേവനസാമർത്ഥ്യത്താൽ അധികൃതരുടെ പ്രീതി നേടും. അശ്രാന്തപരിശ്രമത്താൽ പ്രവർത്തനരംഗങ്ങൾ വിജയപഥത്തിലെത്തിക്കാൻ സാധിക്കും.

■ കാർത്തിക: മഹാരഥന്മാരുടെ ആപ്തവചനങ്ങൾ യുക്തമായ തീരുമാനം സ്വീകരിക്കാൻ ഉപകരിക്കും. തൃപ്തിയായ വിഷയത്തിൽ സഹപാഠികളോടൊപ്പം ഉപരിപഠനത്തിനു ചേരാൻ സാധിക്കും.

■ രോഹിണി: മാതാപിതാക്കളെ അനുസരിക്കുക, ആദരിക്കുക ആവശ്യങ്ങളും ആഗ്രഹങ്ങളും വേണ്ടവിധത്തിൽ നിറവേറ്റുക തുടങ്ങിയവ സർവാദരങ്ങൾക്കും സമാധാനത്തിനും വഴിയൊരുക്കും. അധികൃതരുടെ പ്രീതി നിമിത്തം സ്ഥാനക്കയറ്റമുണ്ടാകും.

■ മകയിരം: ഈശ്വരപ്രാർഥനകളാൽ പ്രതികൂലസാഹചര്യങ്ങൾ തരണം ചെയ്യാനുള്ള മനസാന്നിധ്യമുണ്ടാകും. അർഹമായ ഔദ്യോഗിക പദവിക്കും പൂർവികസ്വത്തിനും നിയമസഹായം തേടും.

■ തിരുവാതിര: മാതാപിതാക്കളുടെ അനുഗ്രഹാശിസുകളാൽ മാർഗതടസങ്ങൾ നീങ്ങി ആഗ്രഹസാഫല്യമുണ്ടാകും. അഭയം പ്രാപിച്ചു വരുന്നവർക്ക് ആശ്രയം നൽകും.

■ പുണർതം: ദുരാചാരങ്ങളെ ഉപേക്ഷിച്ച് സദാചാരങ്ങളെ സ്വീകരിക്കുന്നത് മാനസിക ആഹ്ലാദത്തിനു വഴിയൊരുക്കും. പക്ഷഭേദമില്ലാതെയുള്ള പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിനേടും.

■ പൂയ്യം: സംഭവബഹുലമായ വിഷയങ്ങളെ തന്മയത്വത്തോടുകൂടി അഭിമുഖീകരിക്കാനിടവരും. പ്രായോഗികവിജ്ഞാനം പ്രവർത്തന പുരോഗതിക്ക് വഴിയൊരുക്കും.

■ ആയില്യം: ധർമ്മപ്രവൃത്തികൾക്കും പുണ്യപ്രവൃത്തികൾക്കുമായി സർവാത്മനാസഹകരിക്കും. ആപത്ഘട്ടത്തിൽ നിന്നും ബന്ധുക്കളെ രക്ഷിക്കേണ്ടതായിവരും.

■ മകം: ദീർഘകാലസുരക്ഷയ്ക്ക് ഉപകരിക്കുന്ന ആശയങ്ങൾ തൊഴിൽമേഖലകളിൽ അവലംബിക്കും. ജീവിതമാർഗത്തിന് വഴിത്തിരുവുണ്ടാകുന്ന കർമ്മമേഖലകളിൽ പ്രവർത്തിക്കാൻ അവസരമുണ്ടാകും.

■ പൂരം: അർത്ഥമൂല്യങ്ങളോടുകൂടിയ ആശയങ്ങൾ അനുഭവത്തിൽ വന്നുചേരും. സങ്കൽപ്പത്തിനനുസരിച്ച് ജീവിതം നയിക്കാൻ സാധിക്കും.

■ ഉത്രം: ശുഭസൂചകങ്ങളായ പ്രവൃത്തികളിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിനാൽ ആത്മസംതൃപ്തിയുണ്ടാകും. ഉപരിപഠനം പൂർത്തീകരിച്ച് തൃപ്തിയായ ഉദ്യോഗത്തിൽ പ്രവേശിക്കും

■ അത്തം: വ്യത്യസ്തമായ പ്രവർത്തന ശൈലി അവലംബിക്കുന്നതിനാൽ അവിസ്മരണീയമായ നേട്ടം കൈവരും. നിരവധികാര്യങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ ചെയ്തുതീർക്കും.

■ ചിത്തിര: തൊഴിൽമേഖലകളിൽ ക്രമാനുഗതമായ പുരോഗതിയുണ്ടാകും. സാമ്പത്തികസ്ഥിതി മെച്ചപ്പെടും. ഉദ്യോഗത്തിൽ സ്ഥാനക്കയറ്റവും സ്ഥാനമാറ്റവും ഉണ്ടാകും.

■ ചോതി: ഭരണപാടവം അവലംബിക്കാനുള്ള അവസരം പുതിയ ഉദ്യോഗത്തിന് വഴിയൊരുക്കും. ഈശ്വര പ്രാർത്ഥനകളാൽ പ്രതികൂലസാഹചര്യങ്ങളെ അതിജീവിക്കും.

■ വിശാഖം: ജീവിതനിലവാരം പ്രതീക്ഷച്ചതിലുപരി മെച്ചപ്പെടും. സംഭവബഹുലമായ വിഷയങ്ങളെ ലാഘവത്തോടുകൂടി അഭിമുഖീകരിക്കാനിടവരും. ഉദ്യോഗത്തിൽ സ്ഥാനക്കയറ്റവും ഉദ്ദേശിക്കുന്ന സ്ഥലത്തേക്ക് ഉദ്യോഗമാറ്റവും ഉണ്ടാകും.

■ അനിഴം: അന്യരുടെ വിഷമാവസ്ഥകൾക്ക് ശാശ്വതപരിഹാരം നിർദേശിക്കാൻ സാധിക്കുന്നതിനാൽ കൃതാർത്ഥനാകും. സഹകരണപ്രസ്ഥാനങ്ങൾക്ക് സാരഥ്യസ്ഥാനം വഹിക്കാൻ നിർബന്ധിതനാകും.

■ തൃക്കേട്ട: കലാകായികമത്സരങ്ങളിൽ വിജയിക്കും. വിദേശബന്ധമുള്ള വ്യാപാര വിപണനങ്ങൾ പുനരാരംഭിക്കും. വേണ്ടപ്പെട്ടവരുടെ ഉയർച്ചയിൽ അനുമോദിക്കാനിടവരും.

■ മൂലം: നഷ്ടപ്പെട്ടു എന്നുകരുതുന്ന രേഖകൾ തിരിച്ചു ലഭിക്കും. അമിത വൈദ്യുതപ്രവാഹത്താൽ ഗൃഹോപകരണങ്ങൾക്ക് കേടുപാടുകൾ വന്നുചേരും.

■ പൂരാടം: ഗവേഷകർക്കും ശാസ്ത്രജ്ഞർക്കും വിദ്യാർഥികൾക്കും ഫലപ്രദമായ അവസരങ്ങൾ വന്നുചേരും. അർത്ഥവ്യാപ്തിയോടുകൂടിയ ആശയങ്ങളും പ്രവർത്തനങ്ങളും പുതിയ തൊഴിൽമേഖലകൾക്കു വഴിയൊരുക്കും.

■ ഉത്രാടം: മഹദ്വ്യക്തികളുടെ ആശയങ്ങൾ ജീവിത്തിൽ പകർത്താനിടവരും. ഏറ്റെടുത്ത ജോലികൾ ഏറെക്കുറെ നിശ്ചിതസമയപരിധിക്കുള്ളിൽ ചെയ്തുതീർക്കാൻ സാധിക്കും.

■ തിരുവോണം: പ്രതിസന്ധികളിൽ തളരാതെ പ്രവർത്തിക്കാനുള്ള ആത്മവിശ്വാസമുണ്ടാകും. ചെലവുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിൽ നിർബന്ധിതനാകും.

■ അവിട്ടം: പ്രവർത്തനമേഖലകളിൽ നിന്നും സാമ്പത്തികപുരോഗതിയുണ്ടാകും. മാതാപിതാക്കളുടെ ആവശ്യങ്ങൾ നിർവഹിക്കും. പാരമ്പര്യ വിജ്ഞാനം പിൻതലമുറയിലുള്ളവർക്ക് പകർന്നുകൊടുക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും.

■ ചതയം: സ്വപ്നസാക്ഷാത്കാരത്താൽ ആത്മനിർവൃതിയുണ്ടാകും. അസുലഭനിമിഷങ്ങളെ അനിർവചനീയമാക്കാൻ അവസരമുണ്ടാകും. മറന്നുകിടപ്പുള്ള പലകാര്യങ്ങളും ഓർമിച്ചു പ്രവർത്തിക്കാൻ സാധിക്കും.

■ പൂരോരുട്ടാതി: നീതിയുക്തമായ ഭരണം കാഴ്ചവെയ്ക്കുന്നതിനാൽ പൊതുജനപ്രീതി നേടും. കുടുംബ ജീവിതത്തിൽ സ്വസ്ഥതയും സമാധാനവും ദാമ്പത്യസൗഖ്യവും ഉണ്ടാകും.

■ ഉത്രട്ടാതി: ഗവേഷകർക്കും ശാസ്ത്രജ്ഞർക്കും അംഗീകാരം ലഭിക്കും. കലാകായിക മത്സരങ്ങളിൽ വിജയമുണ്ടാകും. അർപ്പണമനോഭാവവും ലക്ഷ്യബോധവും സുതാര്യതയും പുതിയ തൊഴിലവസരങ്ങൾക്കു വഴിയൊരുക്കും.

■ രേവതി: ചെയ്യുന്ന കാര്യങ്ങൾ അന്യർക്കുകൂടി ഉപകാരപ്രദമാകുന്നതിനാൽ കൃതാർത്ഥനാകും. വിഭാവനം ചെയ്ത പദ്ധതികൾ പ്രാവർത്തികമാക്കാനും പുതിയ ഭരണസംവിധാനം അവലംബിക്കാനും സാധിക്കും.

CLASSIFIEDS

Largest collection of Wedding Cards & Printing
VALAVI & CO.
Near Market Bridge, Broadway, Ernakulam Ph:2353765, 2374985
Shop 119, 2nd Floor, Attukal Shopping Complex East Fort, Trivandrum Ph: 0471 2571105
Kalliath Royal Square, 1st Floor, Palace Road Trichur-20 Ph:0487 2322182

സാമ്പത്തികം
ധനകാര്യ സ്ഥാപനങ്ങളിൽ പണയം നൽകിയ സ്വർണ്ണം, പ്രോപ്പർട്ടി മുതലായവ തിരിച്ചെടുക്കുന്നതിനും പുതുക്കി വെയ്ക്കുന്നതിനും മാറ്റി വെയ്ക്കുന്നതിനും ബന്ധപ്പെടുക.
Kmass Agency
9895057618

Pest Control
ചിതൽ നിയന്ത്രണം
കെട്ടിടം പണിക്ക് മുൻപും പിൻപും, പാറ്റ, ഉറുമ്പ്, ചെള്ള്, ഫംഗസ്, മൂട്ട, തേനീച്ച, കടന്നൽ എല്ലാ കീടങ്ങളുടെയും നിയന്ത്രണത്തിന്
9496565984

FOR SALE
ബിൽഡിങ് മെറ്റീരിയൽസ്
ഗ്രാനൈറ്റ് സ്ലാബുകൾ Sqft 65 രൂപയ്ക്ക് കേരളത്തിൽ എവിടെയും എത്തിച്ചു കൊടുക്കുന്നു.
9562355991, 8553187507

സാരസ്വതാരിഷ്ടം
സാരസ്യതാമൃത രസായനം ഓർമ്മശക്തി വർദ്ധിപ്പിക്കുന്നു കുട്ടികളിലെ പഠന വൈകല്യങ്ങൾ മാറുന്നു.
പ്രായത്തിന് അനുസരിച്ച് തടിയിലും തൂക്കത്തിലും വ്യത്യാസം വരുത്തി ശരീരം അഴകുള്ള താക്കി മാറ്റുന്നു.
എസ്.എൻ ആയുർവേദ ഔഷധശാല ഉല്പന്നം
Ph- 6282228687

ഈ പേജിൽ പരസ്യം ചെയ്യാൻ ബന്ധപ്പെടുക.
9387590005
8589003187
9020531400
9048854547

മികച്ച താരം കോഹ്‌ലിയെന്ന് മിയാൻദാദ്

ലാഹോർ: ഇന്ത്യൻ ടീമിലെ മികച്ച താരം നായകൻ വിരാട് കോഹ്‌ലിയെന്ന് പാകിസ്ഥാൻ മുൻ നായകൻ ജാവേദ് മിയാൻദാദ്.

ആരാണ് മികച്ച ഇന്ത്യൻ താരമെന്ന് ചോദിച്ചാൽ വിരാട് കോഹ്‌ലി എന്റെ എന്നാണ് ഉത്തരം. കോഹ്‌ലിയേക്കുറിച്ച് കൂടുതൽ പറയേണ്ടതില്ല, അയാളുടെ പ്രകടനം തന്നെ തെളിവ്. ദക്ഷിണാഫ്രിക്കയിൽ വിരാട് മികച്ച പ്രകടനം പുറത്തെടുത്തു. പരിചയമില്ലാത്ത പിച്ചിൽ സെഞ്ചുറി നേടി. കോഹ്‌ലിക്ക് പേസർമാരെ പേടിയാണെന്നോ ബൌൺസുള്ള പിച്ചിൽ കളിക്കാനാവില്ലെന്നോ പറയാനാവില്ല. അയാളൊരു ക്ലീൻ ഹിറ്ററാണ്. ഷോട്ടുകൾ കാണുക, കാണാൻ അഴകുള്ള ക്ലാസ് ബാറ്റിംഗാണ് അതെന്നും മിയാൻദാദ് പറഞ്ഞു. കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഇന്ത്യൻ ക്രിക്കറ്റ് ടീം മികച്ച പ്രകടനമാണ് പുറത്തെടുക്കുന്നത്. വിരാട് കോഹ്‌ലിക്ക് കീഴിൽ ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിൽ ഒന്നാംസ്ഥാനക്കാരാണ് ടീം ഇന്ത്യ. ഏകദിന റാങ്കിംഗിൽ രണ്ടാംസ്ഥാനവുമുണ്ട് നീലപ്പടക്ക്. വിരാട് കോഹ്‌ലി, രോഹിത് ശർമ്മ, ജസ്പ്രീത് ബുമ്ര, കെ എൽ രാഹുൽ തുടങ്ങിയ വമ്പൻ താരങ്ങളാണ് ഇന്ത്യയുടെ മുതൽക്കൂട്ട്.

ഡിബാലയ്ക്കും കാമുകിക്കും കൊവിഡ് 19

യുവെന്റസ് ഭീതിയിൽ

റയൽ മാഡ്രിഡ് മുൻ പ്രസിഡന്റിന്റെ ജീവനെടുത്ത് കോവിഡ്

ടൂറിൻ: കോവിഡ് -19 കായികരംഗത്തെയും വെറുതെവിടുന്നില്ല. കായികരംഗത്ത് ഇതിനോടകം കനത്ത അനിശ്ചിതത്വവും പരിഭ്രാന്തിയും വിതച്ച് മുന്നേറുന്ന കൊറോണ വൈറസ് കൂടുതൽ താരങ്ങളിലേക്കും പടരുന്നു. ഒപ്പം കായികസംഘടനകളുടെ തലവന്റെ ജീവനുമെടുത്തു. സ്പാനിഷ് വമ്പൻമാരായ റയൽ മഡ്രിഡിന്റെ മുൻ പ്രസിഡന്റ് ലോറെൻസോ സാൻസ് വൈറസ് ബാധിച്ച് ശനിയാഴ്ച മരിച്ചു. കൊറോണ വൈറസ് ബാധിച്ചതായി സ്ഥിരീകരിച്ചതിനെ തുടർന്ന് ആശുപത്രിയിൽ ചികിത്സയിൽ കഴിയവെയാണ് 76കാരനായ സാൻസിന്റെ അന്ത്യം. 1995-2000 കാലഘട്ടത്തിൽ റയൽ മഡ്രിഡ് പ്രസിഡന്റായിരുന്നു. ഈ കാലഘട്ടത്തിൽ റയൽ രണ്ടുതവണ ചാംപ്യൻസ് ലീഗിൽ മുത്തമിട്ടിരുന്നു. സാൻസിന്റെ മകൻ ലോറെൻസോ സാൻസ് ഡുറാനാണ് ട്വിറ്ററിലൂടെ പിതാവിന്റെ മരണ വാർത്ത പുറത്തുവിട്ടത്.

ഇറ്റാലിയൻ ടീം യുവെന്റസിന്റെ താരങ്ങൾ വലിയ ആശങ്കയിലാണ്. ഇറ്റാലിയൻ വമ്പൻമാരായ യുവെന്റസിന്റെ സൂപ്പർതാരം പൗലോ ഡിബാല, കാമുകി ഓറിയാന സബാട്ടിനി, ഇറ്റലിയുടെയും എസി മിലാന്റെയും ഇതിഹാസ താരമായിരുന്ന പൗലോ മാൾഡീനി, മകനും ഫുട്ബോൾ താരവുമായ ഡാനിയേൽ മാൾഡിനി, മാഞ്ചസ്റ്റർ യുണൈറ്റഡിൽ കളിച്ചിരുന്ന ബെൽജിയം താരം മൗറെയ്ൻ ഫെല്ലെയ്നി എന്നിവർക്കും പുതിയതായി കോവിഡ് 19 സ്ഥിരീകരിച്ചു. യുവെന്റസിൽനിന്ന് കോവിഡ് 19 സ്ഥിരീകരിക്കുന്ന മൂന്നാമത്തെ താരമാണ് ഡിബാല. യുവെന്റസ് താരങ്ങളൊക്കെ ക്വാറന്റീനിലാണ്. യുവെയുടെ ഇറ്റാലിയൻ താരം ഡാനിയേല റുഗാനി, ഫ്രഞ്ച് താരം ബ്ലെയിസ് മറ്റ്യുഡി എന്നിവർക്ക് നേരത്തെ വൈറസ് ബാധ സ്ഥിരീകരിച്ചിരുന്നു.

റെൻസോ സാൻസ്

ഡിബാലയും കാമുകി ഒറിയാനയും.

പൗലോ മാൾഡിനിയും മകൻ ഡാനിയേൽ മാൾഡിനിയും

ഫെല്ലെയ്നി

കോവിഡില്ലെന്നു പറഞ്ഞ ഡിബാലയ്ക്കും കാമുകിക്കും കോവിഡ്

തനിക്ക് കോവിഡ് സ്ഥിരീകരിച്ചിട്ടില്ലെന്ന് ട്വീറ്റ് ചെയ്യേണ്ടവന്ന യുവെന്റസ് താരം പൊളോ ഡിബാലയ്ക്കും ഒടുവിൽ കോവിഡ് ബാധ. പ്രതിരോധ താരം ഡാനിയേൽ റുഗാനിക്കൊപ്പം കോവിഡ് സ്ഥിരീകരിച്ചെന്ന് അഭ്യൂഹങ്ങൾ പ്രചരിച്ച താരമാണ് പൗലോ ഡിബാല. എന്നാൽ, വ്യാജ വാർത്തയെന്ന് പറഞ്ഞ് ഡിബാല നേരിട്ടാണ് അന്ന് വൈറസ് ബാധിച്ചെന്ന റിപ്പോർട്ടുകളെ തള്ളിക്കളഞ്ഞത്. എന്നാൽ, ക്വാറന്റീനിലിലായിരുന്ന താരത്തിനും കാമുകിക്കും ഇപ്പോൾ വൈറസ് ബാധ സ്ഥിരീകരിച്ചിരിക്കുകയാണ്.

ഇതോടെ ക്വാറന്റീനിലുള്ള ക്രിസ്റ്റ്യാനോ റൊണാൾഡോ ഉൾപ്പെടെയുള്ള താരങ്ങളെ കൂടുതൽ കർശനമായി നിരീക്ഷിക്കാനാണ് യുവെന്റസിന്റെ തീരുമാനം. അമ്മയ്ക്കു സുഖമില്ലാത്തതിനെ തുടർന്ന് സ്വദേശമായ പോർച്ചുഗലിലേക്ക് പോയ റൊണാൾഡോ ഇതുവരെ മടങ്ങിയെത്തിയിട്ടില്ല. കോവിഡ് സ്ഥിരീകരിച്ച മൂന്നു താരങ്ങളുമായും അടുത്തിടപഴകിയവരാണ് റൊണാൾഡോ ഉൾപ്പെടെയുള്ള സഹതാരങ്ങൾ. എന്നാൽ, പോർച്ചുഗലിലെ വസതിയിൽ റൊണാൾഡോ ക്വാറന്റീനിലാണ്.

ഇരുപത്താറുകാരനായ പൗലോ ഡിബാലയുടെ പെൺസുഹൃത്ത് ഒറിയാന സബാറ്റിനിക്കും കോവിഡ് 19 സ്ഥിരീകരിച്ചിട്ടുണ്ട്. 'ഓറിയാനയുടെയും എന്റെയും കോവിഡ് പരിശോധനയിൽ ഫലം പോസിറ്റിവാണ്. ഭാഗ്യവശാൽ ഞങ്ങൾ രണ്ടുപേർക്കും മറ്റ് ആരോഗ്യ പ്രശ്നങ്ങളൊന്നുമില്ല' - ഡിബാല പ്രസ്താവനയിൽ അറിയിച്ചു. 1990ലെ യുഎസ് ഓപ്പൺ വനിതാ വിഭാഗം ചാംപ്യൻ ഗബ്രിയേല സബാറ്റിനിയുടെ ബന്ധുവാണ് ഓറിയാന. അർജന്റീനയിലെ അറിയപ്പെടുന്ന ഗായികയും നടിയും മോഡലുമാണ് ഇവർ. ഡിബാലയ്ക്ക് കൊറോണ സ്ഥിരീകരിച്ചതോടെ യുവെ താരങ്ങൾ കർശന നിരീക്ഷണത്തിലായിരിക്കുകയാണ്.

മറഞ്ഞത് റയലിലെ അതികായൻ

റയൽ മഡ്രിഡ് ക്ലബ്ബിലേക്ക് വൻകിട താരങ്ങളെ എത്തിച്ച വിഖ്യതനായ വ്യക്തിയായിരുന്നു. ലോറെൻസോ സാൻസ്. അഞ്ചു വർഷക്കാലം റയലിന്റെ പ്രസിഡന്റായിരുന്നു.

ബ്രസീലിയൻ സൂപ്പർതാരം റോബർട്ടോ കാർലോസ്, ക്ലാറൻസ് സീഡോർഫ്, ഡേവർ സൂകർ തുടങ്ങിയവരെല്ലാം റയലിലെത്തിയത് സാൻസ് പ്രസിഡന്റായിരുന്ന കാലത്താണ്. 2000ൽ നടന്ന റയൽ പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പിൽ ഇപ്പോഴത്തെ പ്രസിഡന്റ് ഫ്ലോറെന്റീനോ പെരെസിനോടു തോറ്റാണ് സാൻസ് പുറത്തായത്. സാൻസിന്റെ മകൻ ഫെർണാണ്ടോ 1996-1999 കാലഘട്ടത്തിൽ റയൽ ജഴ്സിയിൽ കളിച്ചിരുന്നു. പിന്നീട് മലാഗയിലേക്കു മാറിയ അദ്ദേഹം ഏഴു വർഷം അവിടെ കളിച്ചു.

ജീവിതത്തിൽ കണ്ടിട്ടുള്ള ഏറ്റവും ധൈര്യശാലിയായ, കഠിനാധ്വാനിയായ വ്യക്തിയായിരുന്നു തന്റെ പിതാവെന്ന് മകൻ പറഞ്ഞു. 'ഇങ്ങനെയൊരു മരണമായിരുന്നില്ല തന്റെ പിതാവ് അർഹിച്ചിരുന്നതെന്നും കുടുംബവും റയൽ മഡ്രിഡ് ക്ലബ്ബുമായിരുന്നു അദ്ദേഹത്തിന് എല്ലാമെല്ലാമെന്നും ഡുറാൻ ട്വിറ്ററിൽ കുറിച്ചു. സാൻസിന്റെ മരണത്തിൽ റയൽ മാഡ്രിഡ് മാനേജ്മെന്റും കളിക്കാരും അനുശോചിച്ചു.

മാൾഡീനിക്കും മകനും കോവിഡ്

ലോക ഫുട്ബോളിലെ ഇതിഹാസ താരമായി വിലയിരുത്തപ്പെടുന്ന ഇറ്റലിയുടെയും ഇറ്റാലിയൻ ക്ലബ് എസി മിലാന്റെയും താരം പൗലോ മാൾഡീനിക്കും മകൻ ഡാനിയേൽ മാൾഡീനിക്കും കോവിഡ് സ്ഥിരീകരിച്ചു. നിലവിൽ എസി മിലാന്റെ ടെക്നിക്കൽ ഡയറക്ടറാണ് പൗലോ മാൾഡീനി. ഫുട്ബോൾ താരമായ ഡാനിയേൽ ആകട്ടെ, എസി മിലാന്റെ ഫസ്റ്റ് ടീമിനൊപ്പമാണ് പരിശീലനം നടത്തിയിരുന്നത്. വൈറസ് ബാധയുടെ ലക്ഷണം കണ്ടപ്പോൾ മുതൽ ഇരുവരും ഐസലേഷനിലായിരുന്നു. വൈറസ് ബാധ കായികതാരങ്ങളിലേക്കും പടർന്നതോടെ ഇറ്റലിയിലുള്ളവർ അതീവ ആശങ്കയിലാണ്.

ഫെല്ലെയ്നിയ്ക്കും കോവിഡായി

ഇംഗ്ലിഷ് പ്രീമിയർ ലീഗിൽ എവർട്ടന്റെയും മാഞ്ചസ്റ്റർ യുണൈറ്റഡിന്റെയും താരമായിരുന്ന ബൽജിയം താരം മൗറെയ്ൻ ഫെല്ലെയ്നിക്കും വൈറസ് ബാധ സ്ഥിരീകരിച്ചതായി ചൈനീസ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. നിലവിൽ ചൈനീസ് സൂപ്പർ ലീഗിൽ ഷാൻഡോങ് ലുനെങ്ങിന്റെ താരമാണ് ഫെല്ലെയ്നി.

കോവിഡ് 19 സ്ഥിരീകരിക്കുന്ന ആദ്യ ചൈനീസ് സൂപ്പർ ലീഗ് താരമാണ് മുപ്പത്തിരണ്ടുകാരനായ ഇദ്ദേഹം. 2019ൽ ഷാൻഡോങ്ങിലെത്തിയ ഫെല്ലെയ്നി ആദ്യ സീസണിൽ വിവിധ ടൂർണമെന്റുകളിലായി 13 ഗോളുകൾ നേടി. ചൈനീസ് സൂപ്പർ ലീഗിൽ കഴിഞ്ഞ സീസണിൽ അഞ്ചാം സ്ഥാനത്തായിരുന്നു ഷാൻഡോങ്. വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ ചൈനീസ് സൂപ്പർ ലീഗും അനിശ്ചിത കാലത്തേക്ക് നിർത്തിവച്ചിരിക്കുകയാണ്.

നാപോളി ഇതു തീക്കളി

നാപ്പോളി: കോവിഡ് 19 ബാധയിൽ വിറങ്ങലിച്ച് നിൽക്കുകയാണ് ഇറ്റലി. ഓരോ ദിവസവും നൂറുകണക്കിന് മനുഷ്യരാണ് ഇവിടെ മരണത്തിന് കീഴടങ്ങുന്നത്. ഇതിനിടെ ടീമിന്റെ ഫുട്ബോൾ പരിശീലനം പുനരാരംഭിക്കാനുള്ള തയ്യാറെടുപ്പിലാണ് ഇറ്റാലിയൻ ക്ലബ് നാപ്പോളി. ബുധനാഴ്ച മുതൽ പരിശീലനം തുടങ്ങുമെന്ന് നാപോളി വ്യക്തമാക്കി.

നാപോളിയുടെ ടെക്നിക്കൽ സെന്ററിൽ രാവിലെ ആയിരിക്കും പരിശീലനം. സെരി എയിലെ മറ്റൊരു ക്ലബ്ബായ കാഗ്ലിയാറിയും നാളെ പരിശീലനം തുടങ്ങും. ക്ലബുകളുടെ തീരുമാനത്തിന് എതിരെ പ്രതിഷേധം ശക്തമാണ്. അഹങ്കാരത്തിന്റെ ശബ്ദമാണ് നാപോളഇയുടേതെന്ന് ഇറ്റാലിയൻ സീരീ എ അധികൃതർ പറഞ്ഞു. ഇരു ക്ലബ്ബുകളുടേയും തീരുമാനം അപകടകരമാണെന്ന് ഇറ്റാലിയൻ പ്ലെയേഴ്സ് യൂണിയൻ പ്രസിഡന്റ് ഡാമിയാനോ തോമസി പറഞ്ഞു. പ്രശ്നത്തിൽ ഇറ്റാലിയൻ ഭരണകൂടം ഇടപെടണമെന്നും പ്ലെയേഴ്സ് യൂണിയൻ ആവശ്യപ്പെട്ടു.

ഈമാസം ഒൻപത് മുതൽ ഇറ്റലിയിലെ കളിത്തട്ടുകളെല്ലാം നിശ്ചലമാണ്. യുവന്റസ് താരങ്ങളായ പൌലോ ഡിബാല, ഡാനിയേലേ റുഗാനി, ബ്ലെയ്സ് മറ്റിയൂഡി എന്നിവർ കൊവിഡ് ബാധിതരാണ്. ഇറ്റലിയുടെ ഇതിഹാസ താരവും എ സി മിലാൻ ടെക്നിക്കൽ ഡയറക്ടറുമായ പൗളോ മാൾഡീനിക്കും മകൻ ഡാനിയേൽ മാൾഡീനിക്കും കൊവിഡ് 19 സ്ഥിരീകരിച്ചു. പതിനെട്ടുകാരനായ ഡാനിയേൽ എ സി മിലാൻ താരമാണ്.

കൈയടിക്കാം ലെവൻഡോവ്സ്കിക്ക്

മ്യൂണിക്ക്: കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് 10 ലക്ഷം യൂറോ സംഭാവന ചെയ്ത് ബയേൺ മ്യൂണിക്ക് താരം റോബർട്ട് ലെവൻഡോവ്സ്കി. കോവിഡിനെതിരെ മനുഷ്യരെല്ലാവരും ഒറ്റക്കെട്ടായി പൊരുതേണ്ട സമയമാണിത്. എല്ലാവരും പരമാവധി സഹായങ്ങൾ ചെയ്യണമെന്നും ലെവൻഡോവ്സ്കി പറഞ്ഞു.

ബയേൺ മ്യൂണിക്ക് താരങ്ങളായ ജോഷ്വ കിമ്മിച്ചും ലിയോൺ ഗോറെസ്കയും 'വീ കിക്ക് കൊറോണ' ക്യാംപയിന് തുടക്കമിട്ടിരുന്നു. മാഞ്ചസ്റ്റർ സിറ്റി താരം ലിറോയ് സാനെയും വലിയ തുക വാഗ്ദാനം ചെയ്തിട്ടുണ്ട്. 'വി കിക്ക് കൊറോണ' ക്യാംപെയ്ൻ വഴി ഇതിനോടകം 25 ദശലക്ഷത്തിലേറ യൂറോ സമാഹരിച്ചിട്ടുണ്ട്. കൊറോണ ബാധിതരെ ചികിത്സിക്കുന്ന ആശുപത്രികൾക്കും സംഘടനകൾക്കുമാണ് സമാഹരിക്കുന്ന തുക നൽകുക.

കോവിഡ് 19 മഹാമാരിയെ തുടർന്ന് ചാമ്പ്യൻസ് ലീഗ്, ലാ ലിഗ, ഇംഗ്ലീഷ് പ്രീമിയർ ലീഗ്, സെരി എ, ചൈനീസ് സൂപ്പർ ലീഗ് എന്നിവയെല്ലാം നിർത്തിവച്ചിരിക്കുകയാണ്. വിവിധ ലീഗുകൾ പുനരാരംഭിക്കുന്നതും സീസൺ ഉപേക്ഷിച്ചാൽ ആർക്ക് കിരീടം നൽകുമെന്നതും അനിശ്ചിതത്വത്തിലാണ്. ബാഴ്സലോണ അടക്കമുള്ള വമ്പൻ ക്ലബുകൾ താരങ്ങളുടെ പ്രതിഫലം വെട്ടിക്കുറയ്ക്കുകയാണ്. ജീവനക്കാരെ സഹായിക്കാൻ വിവിധ ക്ലബുകളിൽ താരങ്ങൾ രംഗത്തെത്തിയിട്ടുണ്ട്.

ഐപിഎല്ലിന്റെ ഭാവി നാളെ

മുംബൈ: ഇന്ത്യൻ പ്രീമിയർ ലീഗിന്റെ ഭാവി ചർച്ച ചെയ്യാൻ നാളെ നിർണായക യോഗം. നടക്കും. കോവിഡ് 19ന്റെ ഭാഗമായുള്ള നിയന്ത്രണങ്ങൾ മൂലം കോൺഫറൻസ് കോളിലൂടെയാണ് ബിസിസിഐയും ഫ്രാഞ്ചൈസികളും ഇക്കാര്യം ചർച്ച ചെയ്യുക.

ഏപ്രിൽ 15 വരെ സീസൺ നിർത്തിവക്കാൻ മാർച്ച് 13ന് ബിസിസിഐ തീരുമാനമെടുത്തിരുന്നു. മാർച്ച് 29നായിരുന്നു സീസൺ ആരംഭിക്കേണ്ടിയിരുന്നത്. കൊവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ജീവനക്കാരോട് വീട്ടിലിരുന്ന് ജോലി ചെയ്യാൻ ബിസിസിഐ നിർദേശിച്ചിരുന്നു. ബിസിസിഐ തലവൻ സൌരവ് ഗാംഗുലി അടക്കമുള്ളവരും ഓഫീസ് വിട്ടു. മുംബൈയിലെ ബിസിസിഐ ആസ്ഥാനം അടച്ചതോടെയാണ് യോഗം കോൺഫറൻസ് കോൾ വഴിയാക്കാൻ തീരുമാനിച്ചത്.

ഐപിഎല്ലിൽ വിദേശ താരങ്ങളുടെ ഉൾപ്പടെ പങ്കാളിത്തം അനിശ്ചിതത്വത്തിലാണ്. ഇന്ത്യയിലേക്ക് യാത്ര ചെയ്യേണ്ട എന്ന് ക്രിക്കറ്റ് ഓസ്ട്രേലിയ താരങ്ങളോട് നിർദേശിച്ചു എന്ന് റിപ്പോർട്ടുകളുണ്ടായിരുന്നു. എന്നാൽ ഐപിഎൽ നടക്കുമെങ്കിൽ വാർണർ കളിക്കാനെത്തുമെന്ന് അദേഹത്തിന്റെ മാനേജർ വ്യക്തമാക്കി.

കൈയടിച്ച് സച്ചിനും

മുംബൈ: കോവിഡ് വ്യപാനത്തെ തടയുന്നതിനായി സദാ പരിശ്രമിക്കുന്ന ആരോഗ്യപ്രവർത്തകർക്ക് നന്ദിയറിയിച്ച് സച്ചിനും കൈയടിച്ചു. സച്ചിന്റെ മുംബൈയിലെ വസതിക്കു മുകളിൽ നിന്ന് സച്ചിൻ കൈയടിച്ചു. ജനത കർഫ്യൂദിനത്തിൽ വൈകിട്ട് അഞ്ചിന് ആരോഗ്യപ്രവർത്തകർക്ക് ആദരമർപ്പിച്ച് അവരവരുടെ വീട്ടിലിരുന്ന് കൈകൊട്ടുകയോ മണ മുഴക്കുകയോ ചെയ്യണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആവശ്യപ്പെട്ടിരുന്നു. ഈ പശ്ചാത്തലത്തിൽ രാജ്യമെമ്പാടുമുള്ള ജനങ്ങൾ അവരവരുടെ രീതിയിൽ ആരോഗ്യപ്രവർത്തകർക്ക് നന്ദി പ്രകടിപ്പിച്ചു. ഇതിന്റെ ഭാഗമായാണ് ക്രിക്കറ്റ് ഇതിഹാസവും രംഗത്തെത്തിയത്. പരസ്പരം അകന്നുനിന്ന് എല്ലാവരോടുമുള്ള അടുപ്പം പ്രകടിപ്പിക്കാം എന്ന് സച്ചിൻ പറഞ്ഞു. ലോകമെമ്പാടുമുള്ള ആരോഗ്യ പ്രവർത്തകർക്ക് എന്റെ സല്യൂട്ട്- സച്ചിൻ പറഞ്ഞു. സച്ചിനെ കൂടാതെ വിരേന്ദർ സെവാഗ്, ഹർഭജൻ സിംഗ്, യുവ് രാജ് സിംഗ്, അജിങ്ക്യ രഹാനെ, ശിഖർ ധവാൻ, രോഹിത് ശർമ തുടങ്ങിയവരും അവരവരുടെ വസതിയിലിരുന്നു കൈയടിച്ചു.

പ്രധാനമന്ത്രിയുടെ ആഹ്വാനം അനുസരിച്ച് ഇന്നലെ ഏവരും ജനതാകർഫ്യൂവിന്റെ ഭാഗമാകണമെന്ന് ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടെൻഡുൽക്കറും പറഞ്ഞിരുന്നു. യഥാർഥ ചുവടുവയ്പ്പാണ് പ്രധാനമന്ത്രിയുടേത്. കോവിഡ്-19 എന്ന രോഗത്തിന്റെ ഗൗരവം എത്രത്തോളമുണ്ടെന്നും അതിനെ നേരിടാൻ നാമെന്തൊക്കെ ചെയ്യണമെന്നുമുള്ള കാര്യങ്ങൾ പ്രധാനമന്ത്രി പറഞ്ഞു.

ഐസിസിയെ ട്രോളി രോഹിത് ശർമ

ദുബായ്: പുൾ ഷോട്ട് ഏറ്റവും നന്നായി കളിക്കുന്നവരിൽ തന്റെ പേരില്ലാത്തതിന് അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിനെ ട്രോളി രോഹിത് ശർമ. ഇപ്പോഴും കളത്തിൽ സജീവമായിട്ടുള്ളവരോ വിരമിച്ചവരോ ആയ ബാറ്റ്സ്മാൻമാരിൽ ഏറ്റവും നന്നായി പുൾഷോട്ട് കളിക്കുന്നത് ആരാണ്? എന്നായിരുന്നു ഐസിസിയുടെ ചോദ്യം.

ഒപ്പം നാലു താരങ്ങളുടെ ചിത്രവും കൊടുത്തു: വെസ്റ്റിൻഡീസ് ഇതിഹാസം വിവിയൻ റിച്ചാർഡ്സ്, ഓസ്ട്രേലിയയുടെ മുൻ നായകൻ റിക്കി പോണ്ടിങ്, ദക്ഷിണാഫ്രിക്കൻ താരം ഹെർഷേൽ ഗിബ്സ്, പിന്നെ ഇന്ത്യൻ നായകൻ വിരാട് കോഹ്‌ലിയും. എന്നാൽ രോഹിതിന്റെ പേരില്ല. പോസ്റ്റ് ചെയ്ത് മിനിറ്റുകൾക്കകം ഈ പോസ്റ്റ് ട്വിറ്ററിൽ തരംഗമായി. പക്ഷേ, ആരാധകർ കൂട്ടത്തോടെ മറുപടിയുമായി എത്തിയപ്പോഴാണ് ഐസിസിക്ക് അമളി പിണഞ്ഞെന്ന് മനസ്സിലായത്. ചോദ്യത്തിന് ഓപ്ഷൻസ് ആയി കൊടുത്ത നാലു പേരിൽനിന്ന് ഉത്തരം തിരഞ്ഞെടുത്തത് ചുരുക്കം ചില ആരാധകർ മാത്രം. പകരം ഏറെപ്പേരും ഉത്തരമായി കുറിച്ചത് ഓപ്ഷൻസിൽ ഇല്ലാത്ത ഇന്ത്യൻ ഓപ്പണർ രോഹിത് ശർമയുടെ പേര്! അക്ഷരങ്ങളായും ചിത്രങ്ങളായും രോഹിത് ശർമയെന്ന ഉത്തരം ട്വീറ്റിനു താഴെ നിറയുന്നതിനിടെ സാക്ഷാൽ രോഹിത് ശർമയും പ്രതികരണവുമായെത്തി.

ഐസിസിയുടെ ചോദ്യം റീട്വീറ്റ് ചെയ്ത് രോഹിത് ട്വിറ്ററിൽ കുറിച്ചതിങ്ങനെ: 'ഇക്കൂട്ടത്തിൽ ആരോ ഒരാൾ കുറവില്ലേ?? എന്നായിരുന്നു രോഹിതിന്റെ ചോദ്യം.

കനിക തങ്ങിയ ഹോട്ടലിൽ താമസിച്ച ദക്ഷിണാഫ്രിക്കൻ താരങ്ങൾ കുരുക്കിൽ

മുംബൈ: ഇന്ത്യയിൽനിന്നു പോയാലും നാട്ടിലെത്തി സ്വയം ക്വാറന്റൈനിലായാലും ദക്ഷിണാഫ്രിക്കൻ ടീമിന്റെ കോവിഡ് 19 ആശങ്ക ഒഴിയുന്നില്ല. കോവിഡ് -19 സ്ഥിരീകരിച്ച ബോളിവുഡ് ഗായിക കനിക കപൂർ തങ്ങിയ ലക്നോവിലെ ഹോട്ടലിൽ ദക്ഷിണാഫ്രിക്കൻ ക്രിക്കറ്റ് ടീം അംഗങ്ങളും താമസിച്ചു. ബ്രിട്ടനിൽനിന്ന് തിരിച്ചെത്തിയശേഷം ഉത്തർപ്രദേശിലെ ലക്നൗവിൽ കനിക കപൂർ താമസിച്ചത് ദക്ഷിണാഫ്രിക്കൻ താരങ്ങൾ താമസിച്ച ഹോട്ടലിലാണെന്ന് ഉത്തർപ്രദേശ് അധികൃതർ നടത്തിയ പരിശോധനയിലാണ് വ്യക്തമായത്. മാർച്ച് 11 മുതൽ നഗരത്തിലുണ്ടായിരുന്ന കനിക കപൂറിന്റെ റൂട്ട് മാപ്പ് കണ്ടെത്താൻ പ്രാദേശിക ഭരണകൂടത്തിലെയും യുപി ആരോഗ്യ വകുപ്പിലെയും ആയിരത്തോളം അംഗങ്ങൾ ഉൾപ്പെടുന്ന 100 ടീമുകളാണ് ശ്രമം നടത്തുന്നത്. ഇതിനിടെയാണ്, ലക്നോവിലെ 'ദക്ഷിണാഫ്രിക്കൻ ബന്ധവും പുറത്തുവന്നത്. കനികയുമായി സമ്പർക്കത്തിൽ വരാനിടയുള്ള 22,000 പേരെയാണ് ശനിയാഴ്ച മാത്രം അധികൃതർ പരിശോധിച്ചത്. വേറൊരു സംഘം ലക്നോവിൽ കനിക താമസിച്ചിരുന്ന പഞ്ചനക്ഷത്ര ഹോട്ടലിലെ വിഡിയോ ഫുട്ടേജുകളും സിസിടിവിയും പരിശോധിച്ചു.

'ഹോട്ടലിലെ ഭക്ഷണ ശാലയിൽ കനിക ഭക്ഷണം കഴിക്കാനെത്തിയതായും ലോബിയിൽ നിരവധി സന്ദർശകരെ സ്വീകരിച്ചതായും വ്യക്തമായിട്ടുണ്ട്.

ഇതേസമയത്ത്, ഇന്ത്യയ്ക്കെതിരായ രണ്ടാം ഏകദിനത്തിനായി ലക്നോവിലെത്തിയ ദക്ഷിണാഫ്രിക്കൻ ടീമും അവിടെ തങ്ങിയിരുന്നു (ഈ മത്സരം പിന്നീട് കൊറോണ ഭീതിയുടെ പശ്ചാത്തലത്തിൽ ഉപേക്ഷിച്ചു). ഹോട്ടലിൽ നടന്ന ഒരു വാർത്താ ചാനലിന്റെ വാർഷിക കോൺക്ലേവിലും കനിക പങ്കെടുത്തിട്ടുണ്ട്. അതുകൊണ്ടുതന്നെ അവരുമായി സമ്പർക്കത്തിൽ വന്നിട്ടുള്ള ആളുകളെ കണ്ടെത്താൻ സിസിടിവി ഫുട്ടേജുകൾ വ്യാപകമായി പരിശോധിച്ച് വരികയാണ് - നിരീക്ഷണ ചുമതലയുള്ള സംഘത്തിലെ ഒരു അംഗം വെളിപ്പെടുത്തി.

കോവിഡ് ഭീതിയുടെ പശ്ചാത്തലത്തിൽ ഏകദിന പരമ്പര റദ്ദാക്കിയതോടെ ദക്ഷിണാഫ്രിക്കൻ ടീം നാട്ടിലേക്കു തിരിച്ചുപോയിരുന്നു. ചട്ടമനുസരിച്ച് നാട്ടിലെത്തിയ ഉടൻ ടീമംഗങ്ങളെല്ലാം ക്വാറന്റീനിൽ പ്രവേശിച്ചു. 14 ദിവസത്തോളം ഇവർ ക്വാറന്റീനിൽ തുടരും.

ബാഴ്സലോണ താരങ്ങളുടെ പ്രതിഫലം വെട്ടിച്ചുരുക്കും

ബാഴ്സലോണ: കോവിഡ് 19 വ്യാപനത്തെ തുടർന്ന് മത്സരങ്ങളെല്ലാം മാറ്റിവച്ചതോടെ ക്യാപ്റ്റൻ ലിയോണൽ മെസി അടക്കമുള്ള താരങ്ങളുടേയും പരിശീലകരുടേയും പ്രതിഫലം ബാഴ്സലോണ വെട്ടിക്കുറയ്ക്കുന്നു. ലാ ലിഗയും ചാമ്പ്യൻസ് ലീഗും ഉൾപ്പെടെയുള്ള ടൂർണമെന്റുകൾ നിർത്തിയ സാഹചര്യത്തിൽ ഉണ്ടായ സാമ്പത്തിക പ്രതിസന്ധിയെ തുടർന്നാണ് ബാഴ്സയുടെ ഈ തീരുമാനം.

മത്സരങ്ങൾ പുനരാംരംഭിക്കുമ്പോൾ താരങ്ങൾക്കും പരിശീലകർക്കും മുൻനിശ്ചയിച്ച പ്രതിഫലം നൽകും. ഗ്ലോബൽ സ്പോർട്സ് സാലറി സർവേയുടെ കണക്കനുസരിച്ച് ലോകത്ത് ഏറ്റവും കൂടുതൽ ശരാശരി പ്രതിഫലം നൽകുന്ന ക്ലബ് ബാഴ്സലോണയാണ്. മറ്റ് ക്ലബുകളും ബാഴ്സയുടെ പാത പിന്തുടർന്ന് താരങ്ങളുടെ പ്രതിഫലം കുറയ്ക്കുമെന്നാണ് റിപ്പോർട്ടുകൾ. ഇതേസമയം കൊവിഡ് ബാധയുടെ പശ്ചാത്തലത്തിൽ പ്രതിഫലം കുറയ്ക്കാനുള്ള ക്ലബിന്റെ ആവശ്യം നിരസിച്ച ക്യാപ്റ്റൻ ഉൾപ്പെടെയുള്ള ഒൻപത് താരങ്ങളെ സ്വിറ്റ്സർലൻഡിലെ എഫ്സി സിയോൺ പുറത്താക്കി.

കൊവിഡ് 19 മഹാമാരിയെ തുടർന്ന് നിശ്ചലമാണ് കളിക്കളം. ചാമ്പ്യൻസ് ലീഗ്, ലാ ലിഗ, ഇംഗ്ലീഷ് പ്രീമിയർ ലീഗ്, സെരി എ, ചൈനീസ് സൂപ്പർ ലീഗ് എന്നിവയെല്ലാം നിർത്തിവച്ചിരിക്കുകയാണ്.

കൊറോണ മാപ്പുമായി ആനന്ദ് മഹീന്ദ്ര

മുംബൈ: മഹീന്ദ്ര ആൻഡ് മഹീന്ദ്ര ഗ്രൂപ്പ് ചെയർമാൻ ആനന്ദ്മഹീന്ദ്രയുടെ ടീറ്റുകൾ എപ്പോഴും സോഷ്യൽ മീഡിയയിൽ ശ്രദ്ധിക്കപ്പെടാറുണ്ട്. ഇപ്പോഴിതാ കൊറോണക്കാലത്ത് വേറിട്ട ഒരു റൂട്ട് മാപ്പുമായി എത്തിയിരിക്കുകയാണ് അദ്ദേഹം. വീടുകളിൽ സ്വയം നിരീക്ഷണത്തിൽ കഴിയുന്ന ആളുകൾക്കായാണ് അദ്ദേഹം ഈ പ്രത്യേക മാപ്പ് അവതരിപ്പിച്ചിരിക്കുന്നത്.

കൊറോണ കാലത്തെ യാത്രകൾ എന്ന പേരു നൽകിയ ഈ മാപ്പിൽ ഈ സാഹചര്യത്തിൽ സഞ്ചരിക്കാൻ കഴിയുന്ന സ്ഥലങ്ങളാണ് അദ്ദേഹം രസകരമായി അടയാളപ്പെടുത്തിയിരിക്കുന്നത്. മെട്രൊ മാപ്പിന് സമാനമായാണ് അദ്ദേഹം വീട്ടിലെ മാപ്പ് ഒരുക്കിയിരിക്കുന്നത്. വീട്ടിലെ ഓരോ ഭാഗങ്ങൾക്കും മെട്രൊ സ്റ്റേഷനുകളുടെ പേരാണ് നൽകിയിരിക്കുന്നത്. ലിവിങ് റൂമാണ് ഡൗൺടൗൺ സ്റ്റേഷൻ, ഡൈനിങ് റൂം ക്രൗഫോർഡ് സ്റ്റേഷനുമാണെന്നാണ് അദ്ദേഹം മാപ്പിന് നൽകിയിരിക്കുന്ന അടിക്കുറിപ്പ്. ബാത്ത്റൂം, മെയിൽബോക്സ്, ബെഡ്റൂം, ബുക്ക്ഷെൽഫ്, ഫ്രിഡ്ജ്, ഷവർ, കിച്ചൺ, ടിവി തുടങ്ങിയ റൂമുകളെല്ലാം അദ്ദേഹം മാപ്പിൽ മാർക്ക് ചെയ്തിട്ടുണ്ട്. ചിത്രം പങ്കുവെച്ച് മിനിറ്റുകൾക്കുള്ളിൽ തന്നെ ഇത് വൈറലാകുകയായിരുന്നു.

ജനതാ കർഫ്യൂവിൽ കോഴിക്ക് വിലകൂടി

കോട്ടയം: ജനതാ കർഫ്യൂവിന്റെ പശ്ചാത്തലത്തിൽ കോട്ടയം പത്തനംതിട്ട മേഖലയിൽ കോഴി വില കുതിച്ചുയർന്നു. കിലോയ്ക്ക് 37 രൂപയ്ക്കു കഴിഞ്ഞ ദിവസം കിട്ടിയിരുന്ന കോഴിക്ക് ഇന്നലെ 70 രൂപയായി. മിക്കവരും വീട്ടിൽ തന്നെ കഴിയാൻ നിശ്ചയിച്ചതോടെയാണ് കോഴിക്കു ഡിമാൻഡായത്. എളുപ്പം പാകം ചെയ്തു കഴിക്കാമെന്നതും കോഴിയിറച്ചിക്കു ആവശ്യക്കാർ കൂടാൻ കാരണമായി. ശനിയാഴ്ച്ച ഉച്ചകഴിഞ്ഞതോടെ ഇറച്ചിക്കടകളിൽ കോഴി കിട്ടാതായി. രാവിലെ 60 രൂപയ്ക്കു വിറ്റ ചിലർ ഉച്ചക്കു ശേഷം വില തരം പോലെ കൂട്ടി. ഞായറാഴ്ച്ച 5.30 മുതൽ 7 മണി വരെ കോഴിക്കടകൾ തുറന്നു വയ്ക്കുകയും ചെയ്തു. മൂന്നു ദിവസമായി ലോറിയിൽ ചരക്ക് എത്താത്തതാണ് ഇന്നലത്തെ വിലക്കൂടുതലിന് കാരണം.

രൂപയുടെ ഇടിവിൽ നേട്ടമില്ലാതെ മലയാളി

കൊച്ചി: രൂപയ്ക്ക് വില ഇടിയുമ്പോൾ നേട്ടം കൊയ്യുന്ന വിദേശ മലയാളിക്ക് ഇത്തവണ കാര്യമായ ലാഭമില്ല. ബാങ്കുകളിലെ എൻആർഐ ട്രാൻസാക്ഷനുകൾക്ക് വലിയ ഉയർച്ച കഴിഞ്ഞ പത്തു ദിവസങ്ങളിൽ ഉണ്ടായിട്ടില്ല. മാസത്തിന്റെ ആദ്യം തന്നെ പലരും പണം നാട്ടിലേക്ക് അയച്ചിരുന്നു. എന്നാൽ വീണ്ടും വിലയിടിവ് പ്രതീക്ഷിച്ച് കാത്തിരുന്നവർക്കും ഉയർന്ന വരുമാനമുള്ളവർക്കും മാത്രം കൂടുതൽ പണം കഴിഞ്ഞദിവസം നാട്ടിലേക്ക് അയയ്ക്കാനായി. രണ്ടാഴ്ചയ്ക്കിടെ 50 പൈസയുടെ താഴ്ചയാണ് രൂപയ്ക്കു സംഭവിച്ചത്.

എസ്ഐപി നിക്ഷേപം കൂടി

മുംബൈ: കൊവിഡ്-19 ആശങ്കയിൽ ഓഹരി വിപണികൾ ചാഞ്ചാട്ടത്തിന് വഴി മാറിയെങ്കിലും മ്യൂച്വൽ ഫണ്ടുകളിലെ സിസ്റ്റമാറ്റിക് ഇൻവെസ്റ്റ്മെന്റ് പ്ലാൻ (എസ്ഐപി) വഴിയുള്ള നിക്ഷേപത്തിൽ വർധന. ഫെബ്രുവരിയിൽ എസ്ഐപി വഴി മ്യൂച്വൽ ഫണ്ടുകളിലേക്ക് 8,500 കോടി രൂപയുടെ നിക്ഷേപം എത്തി. മുൻ വർഷം ഇതേ കാലയളവിലെ അനുസരിച്ച് 5.2 ശതമാനം വർധനയാണ് എസ്ഐപി നിക്ഷേപത്തിൽ ഉണ്ടായത്. ഇതോടെ ഈ സാമ്പത്തിക വർഷം ആദ്യ 11 മാസങ്ങളിലെ മൊത്തം എസ്ഐപി നിക്ഷേപം 91,443 കോടി രൂപയായി ഉയർന്നതായാണ്

മ്യൂച്വൽ ഫണ്ടുകളുടെ സംഘടനയായ ആംഫി നൽകുന്ന വിവരം. എസ്ഐപി മാർഗമുള്ള നിക്ഷേപം ശക്തമായത് ഇക്വിറ്റി മ്യൂച്വൽ ഫണ്ടുകളിലെ നിക്ഷേപം 11 മാസത്തെ ഉയർച്ചയിലേക്ക് എത്തിക്കാൻ സഹായിച്ചു. ഫെബ്രുവരിയിൽ 10,730 കോടി രൂപയുടെ നിക്ഷേപമാണ് ഇക്വിറ്റി മ്യൂച്വൽ ഫണ്ടിൽ ഉണ്ടായത്. നിലവിൽ മ്യൂച്വൽ ഫണ്ട് സ്കീമുകളിൽ നിക്ഷേപകർ പതിവായി നിക്ഷേപം നടത്തുന്ന എസ്ഐപി അക്കൗണ്ടുകളുടെ എണ്ണം 3.09 കോടിയാണ്.

ബിസിനസ് Cafe

വി-ഗാർഡ്; കേരളത്തിന്റെ വിജയവഴി



ബിസിനസ് രംഗത്ത് വി-ഗാർഡ് കേരളത്തിന്റെ മുഖമാണ്. കേരളത്തിൽ വ്യവസായങ്ങൾ വാഴില്ലെന്ന് എല്ലാവരും പറഞ്ഞിരുന്ന കാലത്താണ് കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളി എന്ന വ്യവസായി സ്റ്റെബിലൈസർ എന്ന കമ്പനിയുമായി എത്തുന്നത്. 1977ൽ തുടരെ തുടരെ മാറികൊണ്ടിരുന്ന വോൾട്ടേജ് പ്രശ്നത്തിന് ഒരു പരിഹാരമായി വി-ഗാർഡെന്ന ആശയം ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ കൊച്ചൗസേപ്പിന് വലിയ അധ്വാനം തന്നെ നടത്തേണ്ടി വന്നു. തൃശൂരിലെ ഒരു സാധാരണ കർഷക കുടുംബത്തിൽ ജനിച്ച കൊച്ചൗസേപ്പ് പഠനത്തിൽ മിടുക്കനായിരുന്നു. തൃശൂരിലെ സെന്റ് തോമസ് കോളെജിൽ നിന്നും ഫിസിക്സിൽ ബിരുദം നേടിയ ശേഷം ഒരു ഇലക്ട്രോണിക്സ് സ്ഥാപനത്തിൽ സൂപ്പർവൈസറായി ജോലിയിൽ പ്രവേശിച്ചു. കുറച്ചു നാളുകൾക്ക് ശേഷം ജോലി രാജി വച്ച് സ്വന്തമായി വ്യവസായം തുടങ്ങാൻ തീരുമാനിച്ചു. വ്യവസായത്തിന്റെ ആദ്യ കാലഘട്ടം വളരെയധികം പ്രതിസന്ധികൾ നിറഞ്ഞതായിരുന്നു.

27ാം വയസിൽ അച്ഛന്റെ കൈയിൽ നിന്ന് ഒരു ലക്ഷം രൂപ കടം വാങ്ങിയാണ് വി-ഗാർഡ് വോൾട്ടേജ് സ്റ്റെബിലൈസറുകളുടെ മാനുഫാക്ച്ചറിങ് യൂണിറ്റ് തുടങ്ങിയത്. തുടക്കത്തിൽ രണ്ട് പേർ മാത്രമുണ്ടായിരുന്ന യൂണിറ്റിനെ പിന്നീട് മികച്ച ഒരു വ്യവസായ സ്ഥാപനമായി വളർത്തിയെടുക്കാൻ അദ്ദേഹത്തിന്റെ കഠിനമായ പരിശ്രമം ഉണ്ടായിരുന്നു.

പുതിയ ഉത്പന്നം വിപണിയിൽ ഇറക്കുമ്പോൾ നേരിടേണ്ടി വന്ന എല്ലാ പ്രതിസന്ധി ഘട്ടങ്ങളും അദ്ദേഹം നേരിട്ടു. ടിവിയും ഫ്രിഡ്ജും മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങളും കേരളത്തിലെ വീടുകളിൽ കൂടിയതോടെ വി-ഗാർഡിന്റെ ആവശ്യകതയും വർധിച്ചു. കേരളത്തിലെ ഇലക്ട്രോണിക് മാധ്യമങ്ങളിൽ വി-ഗാർഡ് ഒരു തരംഗം തന്നെ സൃഷ്ടിച്ചു. അങ്ങനെ മലയാളികളുടെ മനസിൽ എഴുതിയ പേരായി വി-ഗാർഡ്.

വൈവിധ്യവത്ക്കരണമായിരുന്നു വി-ഗാർഡിന്റെ വിജയവഴിയിലെ പ്രധാന ഗുണം. സ്റ്റെബിലൈസർ ആവശ്യമില്ലാത്ത ഉത്പന്നങ്ങൾ വന്നുതുടങ്ങിയതോടെ കമ്പനി മറ്റു ബിസിനസിലേക്ക് തിരിഞ്ഞു. അങ്ങനെയാണ് പമ്പ്സ് ആൻഡ് മോട്ടോഴ്സ്, ഇലക്ട്രിക് വാട്ടർ ഹീറ്റർ, സോളാർ വാട്ടർ ഹീറ്റർ അങ്ങനെ നിരവധി ഇലക്ട്രോണിക് ഉത്പന്നങ്ങൾ വിപണിയിൽ എത്തുന്നത്. 50 മില്യൺ വരുന്ന ഉപഭോക്താക്കൾക്കു വേണ്ടി 200 ഓളം വിതരണക്കാരും 900ലധികം റീട്ടെയ്ല് വ്യാപാരികളും ഇന്ന് വിഗാർഡിനായി മാർക്കറ്റിൽ ഉണ്ട്.

2000ത്തിൽ കൊച്ചിയിൽ വണ്ടർലാ എന്ന പേരിൽ അമ്യൂസ്മെന്റ് പാർക്ക് സ്ഥാപിച്ചു. ജനകീയമായി മാറിയ ഈ പദ്ധതിക്കു ശേഷം ബംഗളൂരുവിൽ 2005ൽ അമ്യൂസ്മെന്റ് പാർക്ക് തുടങ്ങി. ഇക്കൂട്ടത്തിൽ മൂന്നാമത്തെ സംരംഭമായ ഹൈദരാബാദിലെ അമ്യൂസ്മെന്റ് പാർക്ക് 2016ലാണ് ആരംഭിക്കുന്നത്. മൂന്ന് പാർക്കുകളും മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. റിയൽഎസ്റ്റേറ്റ് രംഗത്തെ ചുവടുവയ്പായ വീഗാലാൻഡ് ഡെവലപ്പേഴ്സ് 2012ലാണ് തുടങ്ങിയത്. ഉയർന്ന നിലവാരത്തിലുള്ള വസ്ത്ര നിർമാണ സംരംഭമാണ് 1995ൽ ഷീല കൊച്ചൗസേപ്പിന്റെ നേതൃത്വത്തിൽ തുടങ്ങിയ വി-സ്റ്റാർ ക്രിയേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്.

മനുഷ്യ സ്നേഹി

അവയവ ദാനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് തികഞ്ഞ മനുഷ്യ സ്നേഹിയായ കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളി വൃക്ക ദാനം ചെയ്തത്. 2011ൽ ട്രക്ക് ഡ്രൈവറായ വ്യക്തിക്ക് വേണ്ടിയാണ് വൃക്ക ദാനം ചെയ്തത്. കേരളത്തിലെ ജീവകാരുണ്യ സംഘടനയായ കിഡ്നി ഫെഡറേഷൻ ഒഫ് ഇന്ത്യയുമായി ചേർന്നാണ് അദ്ദേഹം കിഡ്നി ചെയിനിന് തുടക്കമിട്ടത്. അവയവദാനത്തെ കുറിച്ചുള്ള ബോധവത്കരണ ക്യാംപെയിനുകൾക്ക് മുൻതൂക്കം നൽകിക്കൊണ്ടാണ് സംഘടന പ്രവർത്തിക്കുന്നത്. സാമൂഹ്യ ബോധമുള്ള വ്യക്തി എന്ന നിലയ്ക്ക് നോക്കുകൂലി, തെരുവുനായ പ്രശ്നം, ഹർത്താലുകൾ എന്നിവയുമായി ബന്ധപ്പെട്ട് ശക്തമായി ശബ്ദമുയർത്തുകയും ചെയ്തിട്ടുണ്ട്.

അംഗീകാരങ്ങൾ

1993ൽ ബെസ്റ്റ് എന്റർപ്രെണർ അവാർഡ് അദ്ദേഹത്തെ തേടിയെത്തി. 1993 മുതൽ 95 വരെയുള്ള കാലഘട്ടത്തിൽ കേന്ദ്ര സർക്കാർ വ്യക്തിഗത ഉയർന്ന നികുതി ദാതാവ് എന്ന നിലയിൽ അദ്ദേഹത്തെ പുരസ്കാരം നൽകി ആദരിച്ചു. ഇടത്തരം വ്യവസായങ്ങൾക്കുള്ള 1998ലെ ഇൻഡസ്ട്രി എക്സലൻസ് അവാർഡ്, 2000ത്തിലെ ബിസിനസ് ദീപിക അവാർഡ്, 2007ൽ ധനം മാഗസിൻ ഏർപ്പെടുത്തിയ ബിസിനസ്മാൻ ഓഫ് ദ ഇയർ പുരസ്കാരം, 2010ൽ ദേശീയ സുരക്ഷാ മിഷന്റെ സാമൂഹ്യ സുരക്ഷാ അവാർഡ് എന്നിവ കിട്ടിയിട്ടുണ്ട്. 2011ൽ മനോരമ ന്യൂസ് മേക്കർ, ബിസിനസ്മാൻ ഒഫ് ദ ഇയർ, ടൂറിസം മാൻ ഒഫ് ദ ഇയർ എന്നീ അവാർഡുകളും നേടി.

കുടുംബം

വി-സ്റ്റാർ ക്രിയേഷൻസ് മേധാവി ഷീലയാണ് ഭാര്യ. അരുൺ, മിഥുൻ എന്നിവർ മക്കളാണ്. അരുൺ വണ്ടർലയുടെ മാനേജിങ് ഡയറക്റ്ററും, മിഥുൻ വി-ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ എംഡിയുമാണ്. പ്രിയ, ജോഷ്ന എന്നിവർ മരുമക്കളും, ആരവ്, അനഘ എന്നിവർ പേരക്കുട്ടികളുമാണ്.

കൊവിഡ്: കാറ്ററിങ് മേഖലയ്ക്ക് 1000 കോടി നഷ്ടം

കൊച്ചി: കൊവിഡ് നിയന്ത്രണങ്ങൾ കാറ്ററിങ് മേഖലയുടെ നടുവൊടിച്ചു. വിവാഹങ്ങളും ആഘോഷങ്ങളും ചടങ്ങുകളും മാറ്റിവയ്ക്കുകയോ ആളുകളുടെ എണ്ണം കുറച്ചു നടത്തുകയോ ചെയ്തതോടെ കാറ്ററിങ് കമ്പനികൾ പലതും അടച്ചു പൂട്ടലിന്റെ വക്കിലാണ്.

ജന്മദിന പാർട്ടി ഉൾപ്പെടെ വീടുകളിലെ പരിപാടികളും നടക്കുന്നില്ല. പാചകക്കാർക്കു പണിയില്ല. കാറ്ററിങ് മേഖലയിൽ 1000 കോടി രൂപയുടെ നഷ്ടമുണ്ടായതായി ഓൾ കേരള കാറ്ററേഴ്സ് അസോസിയേഷൻ പറയുന്നു. ഇതരസംസ്ഥാന തൊഴിലാളികൾ മടങ്ങിയതോടെ ചെറുകിട ഹോട്ടലുകളും അടച്ചു തുടങ്ങി. തൊഴിലാളികൾ കൂട്ടമായി സ്ഥലം വിട്ടതോടെ മറ്റു പോംവഴിയില്ലാതെയാണ് ചിലർ ഹോട്ടലുകൾ അടച്ചത്. വായ്പയെടുത്താണ് പലരും ഹോട്ടൽ തുടങ്ങിയത്. ആ തിരിച്ചടവിന് ഇനി എന്തു ചെയ്യുമെന്ന ആശങ്കയിലാണ് ഹോട്ടൽ ഉടമകൾ.

കേരളത്തിലെ പ്രമുഖനായ കാറ്ററിങ് നടത്തിപ്പുകാരൻ പഴയിടം മോഹനൻ നമ്പൂതിരി കൊവിഡ്19 മുൻകരുതൽ നടപടികൾ ആരംഭിച്ചതിനു ശേഷം 25 വിവാഹങ്ങളിൽ സദ്യ ഒരുക്കാനുള്ള ബുക്കിങ്ങാണ് വേണ്ടെന്നുവച്ചത്. പത്തിലധികം ക്ഷേത്രങ്ങളിൽ ഉത്സവത്തിന്റെ ഭാഗമായുള്ള പ്രസാദ ഊട്ട്, അഞ്ചു പള്ളികളിലെ ഊട്ടുനേർച്ച, വിവിധ സംഘടനകളുടെ ആഘോഷ പരിപാടികൾ, വിഷു ആഘോഷം, ഒന്നും ഇല്ല. പാചകജോലികളിൽ സജീവമായ തൊഴിലാളികളും വിളമ്പുസംഘത്തിലെ അംഗങ്ങളും ഉൾപ്പെടെ നാനൂറോളം പേരുടെ തൊഴിലും നഷ്ടമായി. അടുക്കള വീണ്ടും വിഭവസമൃദ്ധമാകുമെന്ന പ്രതീക്ഷയിലാണ് പഴയിടം.

റബറിന് പടുകുഴിയോ? ആശങ്കയോടെ കേരളം

കൊച്ചി: കേരളകർഷകരുടെ സാമ്പത്തികവളർച്ച കൂട്ടി സ്വർണവിളയായി മാറിയ റബറിന് ഇനി ഇരുണ്ടകാലമോ? കൊവിഡ്-19 ബാധയ്ക്ക് ശേഷം ചൈനയിലെ സ്ഥിതിയും, ക്രൂഡോയിൽ വിലയിൽ ഉണ്ടാകുന്ന രൂക്ഷമാവുന്ന ഇടിവുമാണ് കർഷകർക്ക് ആധി സമ്മാനിക്കുന്നത്.

സാമ്പത്തിക മാന്ദ്യം മൂലം വളരെ പിന്നാക്കം പോയ ഓട്ടൊമൊബൈൽ മേഖലയുടെ തിരിച്ചുവരവ് ഒരുവർഷക്കാലത്തേക്ക് ആരും പ്രതീക്ഷിക്കുന്നില്ല. അതുവരെ വലിയ ഉപയോഗ മേഖല റബറിനായി തെളിഞ്ഞിട്ടുമില്ല, അതാണ് കർഷകരുടെ പ്രതിസന്ധി. വൈറസ് ബാധ രൂക്ഷമായിത്തുടങ്ങിയ ജനുവരി മുതൽ റബറിന്റെ വില അന്താരാഷ്ട്ര വിപണിയിൽ ഏകദേശം 6 ശതമാനം കുറഞ്ഞു. ക്രൂഡ് ഓയിലിന്റെ വില കുറഞ്ഞതോടെ അതിൽ നിന്നുണ്ടാക്കുന്ന കൃത്രിമ റബറിന്റെ വിലയും താഴ്ന്നു. ഇതിന്റെ ചുവടുപിടിച്ച് വരും ആഴ്ചകളിൽ പ്രകൃതിദത്ത റബർ വില 5 ശതമാനം ഇനിയും കുറയാനിടയുണ്ടെന്നാണ് വിപണിയിലെ വിദഗ്ധർ പറയുന്നത്. ഇന്ത്യൻ കൊമോഡിറ്റി എക്സ്ചേഞ്ചിൽ ഏറ്റവും ഉയർന്ന ഏപ്രിൽ കരാർ പ്രകാരമുള്ള അവധി വില 100 കിലോയ്ക്ക് 13,116 രൂപയായിരുന്നു. അടുത്ത രണ്ട് മൂന്ന് ആഴ്ചകളിൽ, അവധി വില 100 കിലോയ്ക്ക് 12,000-13,000 രൂപയായി കുറയുമെന്നാണ് സൂചന.

തായ്ലൻഡിലെ ഗുണനിലവാരമേറിയ ആർഎസ്എസ്-3 ഇനത്തിന്റെ വില 100 കിലോ ഗ്രാമിന് 4.37 ഡോളർ കുറഞ്ഞ് 143.90 ഡോളറിലെത്തിയെന്ന് റബർ ബോർഡ് കണക്കുകൾ വ്യക്തമാക്കുന്നു. അതേസമയം, മലേഷ്യയിൽ എസ്എംആർ -20 ഇനത്തിന്റെ വില 35 സെന്റ് കുറഞ്ഞ് 100 കിലോയ്ക്ക് 119.30 ഡോളറായി. ഏകദേശം 115 രൂപയ്ക്ക് റബർ വാങ്ങാനുള്ള കരാറാണ് ജപ്പാൻ കഴിഞ്ഞ ദിവസം ഒപ്പിട്ടത്. കേരള വിപണിയിൽ റബറിന് കഴിഞ്ഞ ഒന്നര മാസത്തിനിടെ കിലോ ഗ്രാമിന് 140 രൂപയിൽ നിന്ന് 20 രൂപയോളം വില താഴ്ന്നു. രാജ്യത്തെ റബർ ഉപഭോഗത്തിന്റെ 65 ശതമാനം ടയർ മേഖലയിലാണ്. മറ്റൊരു 20 ശതമാനം വാഹനമേഖലയ്ക്കുള്ള ആക്സസറികളുടെ ഉത്പാദനത്തിനും ഉപയോഗിക്കുന്നു. കുറഞ്ഞ വിലയ്ക്ക് കൃത്രിമ റബർ ലഭിക്കുമ്പോൾ ഫാക്റ്ററികളെല്ലാം സ്വാഭാവിക റബറിനെ പരമാവധി കൈവിടുകയാണ് രീതി. ആഭ്യന്തര സ്റ്റോക്കിസ്റ്റുകളിൽ നിന്നും ടയർ നിർമാതാക്കളിൽ നിന്നുമുള്ള ആവശ്യകത മിക്കവാറും ഇല്ലാതായിരിക്കുകയാണ്.

ഒരു ഫംഗസ് രോഗം മൂലം ഈ വർഷം ഉത്പാദനം 800,000 ടൺ കുറയുമെന്ന് തായ്ലൻഡ്, ഇന്തോനേഷ്യ, മലേഷ്യ എന്നിവ പ്രതിനിധീകരിക്കുന്ന അന്താരാഷ്ട്ര ത്രികക്ഷി റബർ കൗൺസിൽ പറയുന്നുണ്ടെങ്കിലും ഉപഭോഗം കുറയുമെന്നു വ്യക്തമായിരിക്കേ വിലയിടിവിനുള്ള സാധ്യത തന്നെയാണ് പ്രകൃതിദത്ത റബറിനെ ഉറ്റുനോക്കുന്നത്. ആഗോള ഉത്പാദനത്തിന്റെ 70 ശതമാനം ഈ മൂന്ന് രാജ്യങ്ങളിൽ നിന്നാണ്. പ്രകൃതിദത്ത റബറിന്റെ ആഗോള സപ്ലൈ 2.7 ശതമാനം വർധിച്ച് ഈ വർഷം 14.177 മില്യൺ ടണ്ണായി ഉയരുമെന്ന് അസോസിയേഷൻ ഒഫ് നാച്ചുറൽ റബർ പ്രൊഡ്യൂസിങ് കൺട്രീസ് (എഎൻആർപിസി) പുറത്തുവിട്ടിട്ടുള്ള കണക്ക് അപ്രസക്തമായിക്കഴിഞ്ഞു. വിയറ്റ്നാമും ഇന്ത്യയും ശ്രീലങ്കയും നേരത്തേതിൽ നിന്നു താഴ്ത്തി രേഖപ്പെടുത്തിയ പ്രവചനങ്ങൾ ഉൾക്കൊള്ളിച്ചുള്ള പരിഷ്കരിച്ച എസ്റ്റിമേറ്റാണിതെന്ന് റിപ്പോർട്ടിൽ പറയുന്നുണ്ടെങ്കിലും കൊവിഡ്-19 ബാധയുടെ തിരിച്ചടി മൂലം ഉപഭോഗം ഗണ്യമായി താഴുകയേയുള്ളൂ.

ബാങ്കുകൾ ഓൺലൈനിലേക്ക്

കൊച്ചി: കൊവിഡ് പശ്ചാത്തലത്തിൽ ഇടപാടുകാർ ബാങ്ക് സന്ദർശനം പരമാവധി ഒഴിവാക്കാൻ ബാങ്കുകളുടെ ഉപദേശം. ബാങ്ക് ശാഖകളിലെ ജീവനക്കാരുടെ എണ്ണവും കുറച്ചു. പകുതി ജീവനക്കാർ പ്രവർത്തിച്ചാൽ മതി. സേവനങ്ങളും പരിമിതപ്പെടുത്തി. ഇടപാടുകാർ പരമാവധി ഓൺലൈൻ സേവനങ്ങളിലേക്ക് മാറണമെന്ന നിർദേശവും നൽകി.

ശാഖയിലെത്തി പാസ്ബുക്ക് പതിപ്പിക്കണ്ടതില്ല. മൊബൈലിൽ മിസ്ഡ് കോൾ വഴി അക്കൗണ്ട് ബാലൻസ് അറിയാം. മൊബൈൽ ബാങ്കിങ് ആപ് വഴിയും അക്കൗണ്ടിലെ തുകയറിയാം. ഓൺലൈൻ വഴി പണം അയക്കാൻ ബാങ്കിന്റെ മൊബൈൽ ആപ് ഉപയോഗിക്കാം. ആർടിജിഎസ്, എൻഇഎഫ്ടി സംവിധാനങ്ങളും പ്രയോജനപ്പെടുത്താം. വായ്പകളെക്കുറിച്ചുള്ള അന്വേഷണം മൊബൈൽ വഴിയാക്കാം. ബാങ്ക് വെബ്സൈറ്റിലൂടെ ഓൺലൈൻ അപേക്ഷ നൽകാം. പണം പിൻവലിക്കാൻ എടിഎം ഉപയോഗിക്കാം. എടിഎം ഉപയോഗത്തിനു മുമ്പും ശേഷവും കൈകൾ വൃത്തിയായി സോപ്പ് ഉപയോഗിച്ച് കഴുകുകയോ ഹാൻഡ് സാനിറ്റൈസർ ഉപയോഗിക്കുകയോ ചെയ്യണം. പണം അടയ്ക്കാനും എടിഎം കൗണ്ടറുകളിലെ ക്യാഷ് ഡെപ്പോസിറ്റ് മെഷീൻ ഉപയോഗിക്കാം.

ശാഖകളിൽ കാഷ്യർ, ഫ്രണ്ട് ഓഫീസ് സ്റ്റാഫ് തുടങ്ങിയവർ ശരിയായ അകലം പാലിച്ചുമാത്രം ഇടപാടുകാരുമായി ആശയവിനിമയം നടത്തണം. മാസ്ക് ഉപയോഗിക്കണം. കറൻസി നോട്ടുകളുടെ ക്രയവിക്രയം പരമാവധി ഒഴിവാക്കണം തുടങ്ങിയ നിർദേശങ്ങളാണ് നിലവിലുള്ളത്.

കർണാടക കോഴിക്ക് വിലക്ക്

കാസർകോട്: കർണാടകയിൽ വീണ്ടും പക്ഷിപ്പനി വ്യാപകമായ സാഹചര്യത്തിൽ കേരളത്തിലേക്കുള്ള ഇറച്ചിക്കോഴി, മുട്ട കടത്ത് നിരോധിച്ചു. ഇവ വരുന്ന കാസർകോട് ജില്ലയിലെ ചെക്പോസ്റ്റുകളിലൂടെയും ഊടുവഴികളിലൂടെയുമുള്ള കടത്തു തടയാൻ കലക്റ്റർ പ്രത്യേക നിർദേശം നൽകി. മൃഗസംരക്ഷണ വകുപ്പിന്റെയും പൊലീസിന്റെയും സ്ക്വാഡുകളെ ഇതിനായി വിന്യസിച്ചിട്ടുണ്ട്.

പക്ഷിപ്പനിയുടെ സാഹചര്യത്തിൽ കർണാടകയിൽ നിന്നു കഴിഞ്ഞ ദിവസം എത്തിയ കോഴികളെ കിലോഗ്രാമിന് 5 രൂപയ്ക്കാണ് നൽകിയത്. 130 രൂപ വിലയുണ്ടായിരുന്ന കോഴി കൊറോണ പശ്ചാത്തലത്തിൽ 35 മുതൽ 40 രൂപ വരെയായി റീട്ടെയ്ൽ വിപണിയിൽ വില കുറഞ്ഞു. അതിനാൽ വിലകുറഞ്ഞ കോഴികൾ വാങ്ങരുതെന്നും ഭക്ഷ്യവകുപ്പ് കർണാടകയിൽ നിന്നു വടക്കൻകേരളത്തിലെ ജില്ലകളിലേക്ക് ക്കു പ്രതിദിനം 300 മുതൽ 500 ക്വിന്റൽ വരെ കോഴിയാണ് എത്തിയിരുന്നത്.

ഒരു ലോറിയിൽ 140 വരെ പെട്ടി കോഴിയാണ് ഉണ്ടാവുക. മൈസൂരുവിലെ പക്ഷിപ്പനി ബാധ ജില്ലയിൽ തദ്ദേശീയമായ കോഴിവിൽപ്പനയെയും കോഴി വളർത്തലിനെയും പ്രതികൂലമായി ബാധിച്ചതായി കർഷകരും വ്യാപാരികളും പറയുന്നു.

ഇഎസ്ഐ വിഹിതത്തിൽ സാവകാശം

മുംബൈ: കൊവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇഎസ്ഐ വിഹിതമടവിൽ കാലാവധി നീട്ടി ഇഎസിഐ കോർപ്പറേഷൻ. ജീവനക്കാരും സ്ഥാപന ഉടമയും മാസത്തിൽ നൽകേണ്ട ഇൻഷ്വറൻസ് വിഹിതമടവിനാണ് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് ആക്റ്റിൽ ഭേദഗതി വരുത്തി 45 ദിവസത്തെ സാവകാശം നൽകിയത്.

ഇഎസ്ഐ കോർപ്പറേഷന് ജീവനക്കാരും സ്ഥാപന ഉടമകളും മാസം നൽകുന്ന ശരാശരി വിഹിതം 1,300 കോടി രൂപ വരും. പുതിയ സർക്കുലർ അനുസരിച്ച് ഫെബ്രുവരിയിലേയും മാർച്ചിലേയും വിഹിതം ഏപ്രിൽ 15, മേയ് 15 തീയതികൾക്കുള്ളിൽ നൽകിയാൽ മതിയാകും. നേരത്തെ ഇത് മാർച്ച് 15, ഏപ്രിൽ 15 എന്നീ തീയതികളിലായിരുന്നു നൽകേണ്ടിയിരുന്നത്. കൊവിഡ് ഭീതിയുടെ പശ്ചാത്തലത്തിലാണ് ഇത്തരമൊരു തീരുമാനമെന്നും ഇഎസ്ഐ കോർപ്പറേഷൻ അറിയിപ്പിൽ പറയുന്നു.

പത്തോ അധിലധികമോ ജീവനക്കാരുള്ള എല്ലാ സ്ഥാപനങ്ങളും ഇഎസ്ഐ പരിധിയിലാണ്. 21,000 രൂപ വരെ ശമ്പളമുള്ളവരാണ് ഇതിന്റെ പരിധിയിൽ വരിക.

സാമ്പത്തികതാളം തെറ്റി ഗ്രാമീണ കേരളം

ബിസിനസ് ലേഖകൻ

കൊച്ചി: കൊവിഡ് പ്രതിരോധത്തിനായി സംസ്ഥാന സർക്കാർ സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ചെങ്കിലും വ്യാപാരസ്ഥാപനങ്ങളും ചെറുകിട വ്യവസായങ്ങളും അടച്ചു പൂട്ടിലിലേക്ക് നീങ്ങുന്നത് കേരളത്തിന്റെ സാമ്പത്തിക ഭദ്രതയെ പാടെ തകർക്കുന്നു. കേരളത്തിലെ ഗ്രാമീണ മേഖലയിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 88 ശതമാനം കുടുംബങ്ങളും കടക്കെണിയിലാണെന്ന് കൊച്ചിയിലെ സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആൻഡ് എൻവയോൺമെന്റ് സ്റ്റഡീസ് നടത്തിയ പഠനങ്ങൾ വെളിപ്പെടുത്തിയിരുന്നു. ചെറുതും വലുതുമായ ഒട്ടനവധി വായ്പകളുടെ പിടിയിലാണ് ഗ്രാമീണ മേഖലയിലെ ഓരോ കുടുംബവും. വായ്പകളുടെ തിരിച്ചടവിന് ശേഷം വീട്ടുചെലവിന് പണമില്ലാതെ നട്ടം തിരിയുന്ന അവസ്ഥയിലായിരുന്നു പലരും. അതിനിടെയാണ് ജോലി പോലും ഇല്ലാതാകുന്ന അവസ്ഥ.

പലരും ലോട്ടറി കച്ചവടം, ക്ലീനിങ് ജോലികൾ തുടങ്ങിയവയിലേർപ്പെട്ടാണ് കുടുംബം പുലർത്തുന്നത്. പുരുഷന്മാരാകട്ടെ ഓട്ടോറിക്ഷ ഓടിച്ചും കയറ്റിറക്ക് ജോലികളിൽ ഏർപ്പെട്ടും വരുമാനം കണ്ടെത്തുന്നു. ഇതൊക്കെ ഇപ്പോൾ നിലച്ചു. ഗ്രാമീണ മേഖലയിലെ കെട്ടിടനിർമാണ പ്രവർത്തനങ്ങളും കൃഷി പണികളും നിർത്തിവെച്ചതോടെ കുടുംബങ്ങളുടെ വരുമാന മാർഗം അടഞ്ഞു. നാട്ടിൻ പുറത്തെ കടകളിൽ പോലും കച്ചവടമില്ല. കുറഞ്ഞത് ഒരുമാസം കൂടി ഈ സ്ഥിതി തുടരാനാണ് സാധ്യത.

പല മൈക്രോഫിനാൻസ് കമ്പനികളും ഗ്രാമീണ മേഖലയിൽ സജീവമാണ്. ഇത്തരത്തിലുള്ള അഞ്ചിടങ്ങളിൽ നിന്നുവരെ കടമെടുത്തവരുണ്ട്. സ്ത്രീകളുടെ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ച് അവരെ ശാക്തീകരിക്കുകയാണ് സംഘടിതമായ മൈക്രോഫിനാൻസ് കമ്പനികളുടെ ലക്ഷ്യമെങ്കിലും മറ്റ് ചില കമ്പനികൾ ബ്ലേഡ് പലിശയ്ക്ക് കടം കൊടുക്കുന്നവയാണ്. ഇവരിൽ നിന്ന് വീട് നിർമാണം, നവീകരണം, ആശുപത്രി ചെലവുകൾ, മറ്റു കടങ്ങൾ വീട്ടാൻ തുടങ്ങിയവയ്ക്കായാണ് ഭൂരിഭാഗം പേരും വായ്പ എടുത്തിരിക്കുന്നത്. സ്ത്രീകളാണ് ഭൂരിഭാഗം വായ്പകളെടുത്തിരിക്കുന്നതെങ്കിലും അത് വിനിയോഗിക്കുന്നതിൽ അവർക്ക് പങ്ക് വളരെ കുറവാണ്. ഇതിന്റെ തിരിച്ചടവ് ആഴ്ച്ചതോറുമാണ് ഇത് അടുത്ത ആഴ്ച്ച മുതൽ മുടങ്ങുന്ന സ്ഥിതിയാണ്, ഇത് എങ്ങനെ മറികടക്കും എന്ന കാര്യത്തിൽ ഇവർക്ക് തീർച്ചയില്ല. ആഴ്ചകൾ കൊണ്ട് ഈ കൊറോണ ബാധ കൊണ്ടുള്ള സ്തംഭനം മാറിയില്ലെങ്കിൽ കേരളത്തിലെ ഗ്രാമീണ മേഖലയിലെ 90 ശതമാനം കുടുംബങ്ങളിലും സാമ്പത്തിക നില അതീവ ഗുരുതരാവസ്ഥയിലാകും.

കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി പ്രധാനമന്ത്രി ആഹ്വാനം ചെയ്ത ജനതാ കർഫ്യൂവിനെ തുടർന്ന് വിജനമായ കോഴിക്കോട് പാളയം മാർക്കറ്റ്

കാസർഗോഡും കോഴിക്കോടും നിരോധനാജ്ഞ

കോഴിക്കോട്: കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കാസർഗോഡും കോഴിക്കോടും നിരോധനാജ്ഞ പ്രഖ്യാപിച്ചു. കാസർഗോഡ് ജില്ലയിൽ ലോക് ഡൗണിന്റെ ഭാഗമായാണ് നിരോധനാജ്ഞ പ്രഖ്യാപിച്ചത്. പാൽ, പെട്രോൾ പമ്പ്, മെഡിക്കൽ സ്റ്റോറുകൾ, റേഷൻ കട, ഭക്ഷ്യവസ്ഥുക്കൾ വിൽക്കുന്ന കടകൾ എന്നിവക്ക് രാവിലെ 11 മണിമുതൽ 5 മണിവരെ പ്രവർത്തിക്കാം. കൂട്ടംകൂടാനോ അനാവശ്യ യാത്രകളോ പാടില്ല.

കോഴിക്കോട് ജില്ലയിൽ വൈറസ് വ്യാപനത്തിനെതിരേ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമാണ് നടപടിയെന്ന് ജില്ലാ കലക്റ്റർ ഉത്തരവിൽ വ്യക്തമാക്കി. ഇന്നലെ രാത്രി മുതലാണ് ഉത്തരവ് പ്രാബല്യത്തിൽവന്നത്. ഭക്ഷ്യവസ്തുക്കളും മരുന്നുകളും ഉൾപ്പെടെയുള്ളവയുടെ വിൽപനകേന്ദ്രങ്ങൾ രാവിലെ 10 മണിമുതൽ വൈകിട്ട് ഏഴ് മണിവരെ തുറന്ന് പ്രവർത്തിക്കണമെന്നും ഉത്തരവിൽ പറയുന്നുണ്ട്. ജനങ്ങൾ തിങ്ങിക്കൂടുന്ന പൊതു പരിപടികൾ, ഉത്സവങ്ങൾ, ആഘോഷപരിപാടികൾ, പരീക്ഷകൾ, മതപരിപാടികൾ, ആശുപത്രിസന്ദർശനങ്ങൾ തുടങ്ങിയവ നിയന്ത്രിച്ചു കൊണ്ടാണ് ഉത്തരവ്.

ഒരിടത്തും അഞ്ചിൽ കൂടുതൽ ആളുകൾ ഒത്തുചേരരുത്. പ്രതിഷേധപ്രകടനങ്ങൾ അടക്കം ആളുകൂടുന്ന എല്ലാ പരിപാടികളും വിലക്കിയിട്ടുണ്ട്. ഇതു കൂടാതെ കൊറോണ വ്യാപനം തടയുന്നിതനുള്ള നിയന്ത്രണങ്ങളും കർശനമാക്കിയിട്ടുണ്ട്. വിവാഹ ചടങ്ങുകളിൽ ഒരേസമയം 10ൽ കൂടുതൽ ആളുകൾ പാടില്ല. ആകെ പങ്കെടുക്കുന്നവർ 50ൽ അധികമാകരുത്. റസ്റ്റോറന്റുകൾ, ഹോട്ടലുകൾ, വ്യാപാരസ്ഥാപനങ്ങൾ, ഷോപ്പിങ് മാളുകൾ, സൂപ്പർമാർക്കറ്റുകൾ എന്നിവയ്ക്കും നിയന്ത്രണങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.

റെയ്ൽവേ സ്റ്റേഷൻ വൃത്തിയാക്കി പാലക്കാട്ടെ അഗ്നിശമന സേന

പാലക്കാട്: കൊറോണ രോഗ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ഒലവക്കോട് റെയിൽവേ സ്റ്റേഷൻ വൃത്തിയാക്കി ജില്ലാ അഗ്നിശമന സേനാംഗങ്ങൾ. ജനത കർഫ്യൂ പ്രഖ്യാപിച്ചതിനാൽ റെയിൽവേ സ്റ്റേഷനിൽ യാത്രക്കാർ ഉണ്ടാകാൻ ഇടയില്ലാത്ത സാഹചര്യം കണക്കിലെടുത്താണ് ശുചീകരണ പ്രവർത്തനം നടത്തിയത്.10 ലിറ്റർ സോഡിയം ഹൈപ്പോക്ലോറൈറ്റ് 400 ലിറ്റർ വെള്ളത്തിൽ കലർത്തി ആന്റി വൈറസ് സൊല്യൂഷൻ തയ്യാറാക്കുകയും ഇത് ഫസ്റ്റ് റെസ്പോൺസ് ഫയർ ടെൻഡറിൽ നിറച്ച് ഉയർന്ന മർദത്തിൽ പമ്പ് ചെയ്താണ് ശുചീകരണ പ്രവർത്തനം നടത്തിയത്. വൈറസ് പറ്റി പിടിക്കാനിടയുള്ള പ്ലാസ്റ്റിക്, സ്റ്റീൽ, മെറ്റൽ തുടങ്ങിയ പ്രതലങ്ങൾ, ഇരിപ്പിടങ്ങൾ, കൗണ്ടറുകൾ, പ്ലാറ്റ്ഫോമിലേക്കുള്ള വഴികൾ തുടങ്ങിയിടങ്ങളില്ലെല്ലാം മിശ്രിതം ഉപയോഗിച്ച് വൈറസ് വിമുക്തമാക്കി. സ്റ്റേഷൻ മാനേജറുടെ പ്രത്യേക അനുമതിയോടെ ജില്ലാ അഗ്നിശമന സേനാ ജില്ലാ മേധാവി അരുൺ ഭാസ്കറിന്റെ നേതൃത്വത്തിൽ രാവിലെ 8 മുതൽ 10 വരെയാണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയത്. സംസ്ഥാനത്ത് ആദ്യമായാണ് ഒരു റെയിൽവേ സ്റ്റേഷൻ ഇത്തരത്തിൽ ആന്റി വൈറസ് മിശ്രിതം ഉപയോഗിച്ച് വൃത്തിയാക്കുന്നതെന്ന് അരുൺ ഭാസ്ക്കർ പറയുന്നു.

പാലക്കാട് റെയിൽവേ സ്റ്റേഷൻ ജില്ലാ അഗ്നിശമന സേനാംഗങ്ങൾ വൃത്തിയാക്കുന്നു.

അടിയന്തിര ആരോഗ്യ സേവനവുമായി പേരാമ്പ്ര ലയൺസ് ക്ലബ്

പേരാമ്പ്ര : കൊറോണ വൈറസ് പ്രതിരോധ പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ അടിയന്തിര ആരോഗ്യ സേവനവുമായി പേരാമ്പ്ര ലയൺസ് ക്ലബ്. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജനങ്ങൾ വീടുകളിൽ കഴിയേണ്ട സാഹചര്യമുണ്ടായാൽ ആ സമയത്ത് ഏതെങ്കിലം വിധത്തിലുള്ള രോഗ ലക്ഷണങ്ങൾ അനുഭവപ്പെടുകയാണെങ്കിൽ അവർക്ക് സഹായകമായി ഒരുപറ്റംഡോക്ടർമാരുടെ സേവനം ലഭ്യമാക്കുകയാണ് പേരാമ്പ്ര ലയൺസ് ക്ലബ്. അടിയന്തിര സഹചര്യത്തിൽ അലോപ്പതി, ഹോമിയേപ്പതി, ആയുർവേദം ഡോക്ടർമാരുടെസേവനം പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. മുന്നു മാസത്തേക്ക് ഒരുക്കിയിരിക്കുന്ന ഈ സംവിധാനത്തിൽ താഴെ പറയുന്ന ഡാക്ടർമാരുടെ സേവനം ലഭ്യമാണ്. ഡോ. കെ. ബാലൻ അടിയോടി(9496284915), ഡോ. കെ.വി. കരുണാകരൻ(9946767404), ഡോ. കെ. പി. സോമനാഥൻ(9947798805), ഡോ. എം. എം. സനൽകുമാർ (9946986421). കൊറോണ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ലയൺസ് ക്ലബ് ആഭിമുഖ്യത്തിൽ പേരാമ്പ്ര സിവിൽ സ്റ്റേഷൻ പരിസരത്ത് കൈകഴുന്നതിനുള്ള സംവിധാനവും ഒരുക്കി.

സിവിൽ സ്റ്റേഷനിലും സമീപത്തുതന്നെ പ്രവർത്തിക്കുന്ന മൂന്നോളം എടിഎമ്മുകൾ, ബാങ്ക്, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെത്തുന്ന നൂറുകണക്കിന് ആളുകൾക്ക് പ്രയോജനപ്പെടുന്നതാണ് കൈകഴുകൽ കേന്ദ്രം. കൈകഴുകൽ കേന്ദ്രം പേരാമ്പ്ര ലയൺസ് ക്ലബ് പ്രസിഡന്റ് രവീന്ദ്രൻകേളോത്ത് ഉദ്ഘാടനം ചെയ്തു. ഡോ് കെ.വി. കരുണാകരൻ അധ്യക്ഷത വഹിച്ചു. താലൂക്ക് ആശുപത്രി ഹെൽത്ത് ഇൻസ്പക്ടർ ഇ.എം. ശശീന്ദ്രകുമാർ മുഖ്യാതിഥിയായിരുന്നു.

സംയുക്തയോഗം

ഉള്ളിയേരി: കൊറോണ ജാഗ്രതയുടെ ഭാഗമായി ഉള്ളിയേരി ഗ്രാമപഞ്ചായത്തിലെ ക്ഷേത്ര മഹല്ല് വ്യാപാരി പ്രതിനിധികളുടെ സംയുക്തയോഗം ചേർന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഷാജു ചെറുക്കാവിൽ അധ്യക്ഷത വഹിച്ചു.ക്ഷേത്രങ്ങളിലെ പ്രാർത്ഥന സന്ദർശനങ്ങൾ ഒഴിവാക്കി നിത്യപൂജ മാത്രമാക്കി പരിമിതപ്പെടുത്താനും പള്ളികളിൽ സംഘടിത നമസ്കാരങ്ങൾ ഒഴിവാക്കാനും മരണാനന്തര ചടങ്ങുകളിൽ അടുത്ത ബന്ധുക്കളെ മാത്രം ഉൾപ്പെടുത്തി പരിമിതപ്പെടുത്താനും ധാരണയായി.വ്യാപാരസ്ഥാപനങ്ങളിലേക്ക് ആകർഷിക്കുന്ന രീതിയിലുള്ള ഓഫറുകൾ നൽകുന്നത് താൽക്കാലികമായി നിർത്തിവെക്കാനും കൂടുതൽ ആളുകൾ വരാൻ സാധ്യതയുള്ള കടകളിൽ സ്ഥാപനങ്ങളിൽ സാനിറ്റെസർ, കൈ കഴുകാനുള്ള സംവിധാനം ഏർപ്പെടുത്താനും 31 വരെ ബാർബർ ഷോപ്പുകൾ ബ്യൂട്ടിപാർലറുകൾ ജിംനേഷ്യം ടെർഫ്അടച്ചിടാനും തീരുമാനമായി. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ബാലകൃഷ്ണൻ മധുസൂദനൻ ,സിഎം സന്തോഷ്,മജീദ് ഹാജി, ശ്രീധരൻ പാലയാട് രമേശ് നമ്പൂതിരി എന്നിവർ സംസാരിച്ചു.

ബ്രേക്ക് ദ ചെയിൻ ക്യാംപയിൻ കുട്ടിപ്പൊലീസുകാർ കൂട്ടുകാർക്കിടയിലേക്ക്

ഉള്ളേ്യരി:ബ്രേക്ക് ദ ചെയിൻ ക്യാംപയിന്റെ ഭാഗമായി പാലോറ ഹയർ സെക്കന്ററി സ്കൂളിലെ സ്റ്റുഡന്റ് പൊലീസ് കേഡറ്റുകൾ സ്കൂളിലെ കുട്ടികൾക്കും അധ്യാപകർക്കുമായി കൈകഴുകൽ സംവിധാനമൊരുക്കി. 8, 9 ക്ലാസിലെ കുട്ടികളുടെ പരീക്ഷ നടക്കുന്ന ദിവസമാണ് കേഡറ്റുകൾ ഇത് സംഘടിപ്പിച്ചത്. അത്തോളി പൊലീസ് സ്റ്റേഷൻ എ.എസ്.ഐ. ടി.രാംദാസ് പ്രധാനാധ്യാപകൻ കെ.കെ.സത്യേന്ദ്രന് അണുനാശിനി ലായനി നൽകിക്കൊണ്ട് ഉദ്ഘാടനം ചെയ്തു. തുടർന്ന് സ്കൂളിൽ അണുനാശിനിയും വെള്ളത്തിന്റെ സൗകര്യവും സ്കൂളിൽ സ്ഥാപിച്ചു. ഇതോടൊപ്പം സമൂഹ ബോധവൽക്കരണം ലക്ഷ്യം വെച്ച് കൊറോണ പ്രതിരോധമാർഗങ്ങളെപ്പറ്റി കേഡറ്റുകൾ ഒരു ഡോക്യുമെന്ററി തയ്യാറാക്കുകയും ചെയ്തു.

തൃശൂർ റെയ്ൽവേ സ്റ്റേഷനിൽ ട്രെയിനിൽ വന്നിറങ്ങിയ ആളുകൾ ഭക്ഷണസാധനങ്ങൾ വാങ്ങിക്കുന്നു

കൊറോണ, കെട്ടിട ഉടമകൾ വാടക ഉപേക്ഷിച്ചത് വ്യാപാരികൾക്ക് ആശ്വാസമായി

കുറ്റ്യാടി: കൊറോണ മരവിപ്പ് കച്ചവട സ്ഥാപനങ്ങളെ സാരമായി ബാധിച്ചു കൊണ്ടിരിക്കുമ്പോൾ കുറ്റ്യാടിയിൽ നിന്നും ആശ്വാസകരമായ ഒരു വാർത്ത. കൊറോണയുടെ പശ്ചാത്തലത്തിൽ വ്യാപാരികൾ അനുഭവിക്കുന്ന പ്രയാസത്തിൽ പങ്കുചേർന്നിരിക്കുകയാണ് കുറ്റ്യാടിയിലെ മനുഷ്യസ്നേഹികളായ ഒരു കൂട്ടം കെട്ടിട ഉടമകൾ .കുറ്റ്യാടി മരുതോങ്കര റോഡിലെ സിറ്റി സെന്റർ കെട്ടിട ഉടമകളായ കോവില്ലത്ത് നൗഷാദ്, കാരപ്പാറ മൊയ്തു, മുടിയല്ലൂർ അമ്മദ് ഹാജി, പൂവത്തിങ്കൽ ബഷീർ എന്നിവരാണ് തങ്ങളുടെ ഉടമസ്ഥതയിലുള്ള 31 ഓളം മുറികളുടെ മാർച്ച് മാസത്തെ വാടക കച്ചവടക്കാരിൽ നിന്നും വാങ്ങേണ്ട എന്ന തീരുമാനം എടുത്തിരിക്കുന്നത്.

മാസത്തിൽ ഏകദേശം ഒന്നര ലക്ഷത്തോളം രൂപയാണ് വാടക ഇനത്തിൽ നിന്നും ഇവിടെ കെട്ടിട ഉടമകൾക്ക് പിരിഞ്ഞുകിട്ടുന്നത് .പൊതു പ്രവർത്തകനും കോൺഗ്രസ് നേതാവുമായ റിട്ട: അധ്യാപകനുമായ കെ.പി.അബ്ദുൾ മജീദും തന്റെ ഉടമസ്ഥതയിലുള്ള കെട്ടിടമുറിയുടെ വാടക ഉപേക്ഷിച്ചിട്ടുണ്ട്.നിരവധി കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കുറ്റ്യാടി മേഖലയിലെ വിവിധ അങ്ങാടികളിലെ കെട്ടിട ഉടമകളും പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കെട്ടിട വാടക ഉപേക്ഷിക്കുമെന്ന പ്രതീക്ഷയിലാണ് കച്ചവടക്കാർ .അതെ സമയം കുറ്റ്യാടി ടൗണിലെ മറ്റ് കെട്ടിട ഉടമകളും വാടക ഉപേക്ഷിക്കാനും വാടകയിൽ ഇളവ് നൽകാനും സന്നദ്ധരായിട്ടുണ്ട്

കൊറോണ പ്രതിരോധം: ജനതാ കർഫ്യൂ

മലബാർ നിശ്ചലം

സ്വന്തംലേഖകർ

കോഴിക്കോട്: കേന്ദ്ര - സംസ്ഥാന സർക്കാറുകൾ പ്രഖ്യാപിച്ച ജനതാ കർഫ്യൂ മലബാറിൽ പൂർണം. മലബാറിലെ മുഴുവൻ വ്യാപാര - വ്യവസായിക, കടകമ്പോളങ്ങൾ പൂർണ്ണമായും അടഞ്ഞു കിടന്നു. നഗര്ഗ്രാമ വ്യത്യാസമില്ലാതെ ജില്ലകളിലെങ്ങും ബന്ദിന്റെ പ്രതീതിയായിരുന്നു. എങ്ങും ജനങ്ങൾ പുറത്തിറങ്ങാതെ വീടുകളിൽത്തന്നെ കഴിഞ്ഞ് ഈ മഹാമാരിയെ പിടിച്ചുകെട്ടുന്നതിൽ തങ്ങൾ പൂർണമായി സഹകരിക്കുമെന്ന് പ്രഖ്യാപിച്ചു. വാഹനങ്ങൾ ഒന്നും നിരത്തിലിറക്കാതെയും യാത്രകൾ ഒഴിവാക്കിയും കച്ചവട സ്ഥാപനങ്ങൾ അടച്ചിട്ടും എല്ലാവിഭാഗം ജനങ്ങളും ജനതാ കർഫ്യൂവിന്റെ ഭാഗമായപ്പോൾ അത് പുതു ചരിത്രമായി.

പെട്രോൾ പമ്പുകൾ ഒന്നുംതന്നെ തുറന്നു പ്രവർത്തിച്ചില്ല. ആംബുലൻസ് ഉൾപ്പടെ അവശ്യ സർവ്വീസിനുള്ള വാഹനങ്ങൾക്ക് ഇന്ധനം നൽകാൻ പമ്പുകൾ പ്രത്യേക ക്രമീകരണം ഒരുക്കി. പല മെഡിക്കൽ സ്റ്റോറുകളും അവശ്യ സർവീസെന്ന നിലയിൽ തുറന്നു പ്രവർത്തിച്ചെങ്കിലും അവിടെയൊന്നും ആവശ്യക്കാർ എത്തിയില്ലെന്നതാണ് യാഥാർത്ഥ്യം. ആരോഗ്യവകുപ്പിനും പൊലീസിനും മാധ്യമപ്രവർത്തകർക്കും മാത്രമാണ് കർഫ്യൂവിൽ ഇളവ് അനുവദിച്ചിരുന്നത്.

കൊറോണ പ്രതിരോധത്തിനെതിരേ പ്രവർത്തിക്കുന്ന അവശ്യ മേഖലയിലെ പ്രവർത്തകർക്ക് കോഴിക്കോട് സ്വകാര്യ ഫ്ലാറ്റിലെ താമസക്കാർ കൈയടിച്ച് ആദരമർപ്പിക്കുന്നു.

അവശ്യമേഖലയിലെ പ്രവർത്തകർക്ക് കൈയടിച്ച് ആദരം

ചാലക്കുടി: കൊറോണ രോഗ ഭീഷണി വകവയ്ക്കാതെ രാജ്യത്താകമാനം പ്രവർത്തിച്ചു അവശ്യമേഖലയിലെ പ്രവർത്തകർക്ക് വലിയ ആദരം. സർക്കാർ സംവിധാനങ്ങളും, ഉദ്യോഗസ്ഥരും സാധാരണക്കാരും. വീട്ടമ്മമാരും കുട്ടികളും അടക്കം എല്ലാം പ്രധാനമന്ത്രിയുടെ ആഹ്വാനം ഏറ്റെടുത്തു കൊണ്ട് കൈ അടിച്ചും. വാദ്യോപകരണങ്ങൾ മുഴക്കിയും പ്ലെയിറ്റിൽ കൊട്ടിയും എല്ലാം ആദരം അർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ആശുപത്രികൾ, വിമാനതാവളങ്ങൾ, വിവധ സർക്കാർ മേഖലയിലെ പ്രവർത്തകർ, മാധ്യമ പ്രവർത്തകർ തുടങ്ങിയ വിവിധ അവശ്യ മേഖലയിലുള്ളവർ തങ്ങളുടെ ജീവൻ പോലും അവഗണിച്ച് കൊണ്ട് പല തരത്തിലുള്ള പ്രവർത്തനങ്ങൾ ഇവർ നടത്തി കൊണ്ടിരിക്കുന്നത്. ഇവർക്ക് നന്ദി അർപ്പിക്കുവാൻ വൈകിട്ട് അഞ്ച് മണിക്ക് ചാലക്കുടി നഗരസഭയിൽ സെക്രട്ടറി എം. എസ്. ആകാശിന്റെ നേതൃത്വത്തിൽ സൈറൺ മുഴക്കി.

ചാലക്കുടി പൊലീസ് സ്റ്റേഷനിലെ ഡ്യൂട്ടിയിലുണ്ടായിരുന്ന മുഴുവൻ പൊലീസ് ഉദ്യോഗസ്ഥരും. കൈ കൊട്ടിയും സ്റ്റീൽ പ്ലെയിറ്റിൽ കൊട്ടിയു നന്ദി പ്രകാശിപ്പിച്ചു. ചാലക്കുടി ഫയർ സ്റ്റേഷനിൽ സ്റ്റേഷൻ ഓഫീസർ സി. ഒ. ജോയിയുടെ നേതൃത്വത്തിൽ മോട്ടോർ ബൈക്കിന്റേയും മറ്റും ഹോൺ മുഴിക്കി പ്രവർത്തകർക്ക് ആദരം പ്രകടിപ്പിച്ചു. നാട്ടിൻ പുറങ്ങളിലും, നഗരങ്ങളിലും എല്ലാം വീട്ടുകളിലും, കവലകളിലും എല്ലാം ആളുകൾ ഒത്ത് കൂട്ടി അവശ്യമേഖലയിൽ പ്രവർത്തിക്കുന്നവർ നന്ദി അർപ്പിച്ചു.

കൊറോണ വൈറസ് വ്യാപനം തടയുന്നതിന്റെ ഭാഗമായി നടന്ന ജനത കർഫ്യൂ ഏറ്റെടുത്ത് വളാഞ്ചേരി കാവുംപുറത്തെ വീടും പരിസരവും ശുചീകരിക്കുന്ന ഭാര്യ എം.പി. ഫാത്തിമക്കുട്ടിക്കൊപ്പം മന്ത്രി ഡോ. കെ.ടി ജലീൽ

കെഎസ്ആർടിസി ബസുകൾ വിമുക്തമാക്കി

കുറ്റ്യാടി: കൊറോണ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഡിവൈഎഫ്ഐ പ്രവർത്തകർ കെ.സ്.ആർ.ടി.സി. ബസ്റ്റാന്റും ബസുകളും അണു വിമുക്തമാക്കി.ഡിവൈഎഫ്ഐ കുന്നുമ്മൽ ബ്ലോക്ക് കമ്മിറ്റിയുടെയും എസ്എഫ്ഐ.കമ്മിറ്റിയുടെയും സംയുക്താഭിമുഖ്യത്തിലാണ് തൊട്ടിൽ പാലത്ത് പ്രതിരോധ ബോധവത്ക്കരണം നടത്തിയത്.ഡി. വൈ. എഫ്.ഐ.സംസ്ഥാന ജോ: സെക്രട്ടറി പി.സി.ഷൈജു ഉദ്ഘാടനം ചെയ്തു.എം.കെ. നികേഷ് അധ്യക്ഷനായി. എസ്. എഫ്. ഐ.ജില്ലാ പ്രസിഡന്റ് ആർ. സിദ്ദാർത്ഥ്, മഹേഷ് കരിങ്ങാട്, കെ.സി.ആദർശ്, സിബിൻ, അരുൺ പങ്കെടുത്തു